**അടിയന്തരപ്രമേയ ചർച്ച**

**ധനപ്രതിസന്ധി**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ, അങ്ങേയ്ക്ക് സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഇതുമായി ബന്ധപ്പെട്ട് മറുപടി പറയേണ്ട ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോ മറ്റ് മന്ത്രിമാരോ ട്രഷറി ബെഞ്ചിൽ കാണുന്നില്ല എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: അവർ വരും.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നുള്ളത് പച്ചയായ യാഥാർത്ഥ്യമാണ്. Ways

and Means Advance എടുത്തശേഷം ഓവർഡ്രാഫ്റ്റിലേയ്ക്ക് നീങ്ങുന്ന അവസ്ഥയാണ് ഇന്ന് സംസ്ഥാനത്തുള്ളതെന്നാണ് അറിയാൻ സാധിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട പണം പോലും നൽകാൻ സർക്കാരിന് സാധിക്കുന്നില്ല. ട്രഷറി പൂട്ടിയിട്ടിരിക്കുന്നതിന് തുല്യമായിട്ടാണ് ഇന്നത്തെ അവസ്ഥയുള്ളത്. Ways and Means ക്യൂ ബില്ലുകൾ തീർക്കാൻ രണ്ടായിരം കോടി രൂപ വേണമെന്നാണ് സർക്കാർതന്നെ പറയുന്നത്. നവംബർ മാസംവരെ ഡി.എ. കുടിശ്ശിക 7973 കോടി രൂപ, പെൻഷൻകാരുടെ ഡി.ആർ. കുടിശ്ശിക 4722 കോടി, പേ റിവിഷൻ കുടിശ്ശിക 2790 കോടി രൂപ, പാവപ്പെട്ട കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് കുടിശ്ശിക 920 കോടി രൂപ, കാരുണ്യ പദ്ധതി കുടിശ്ശിക 732 കോടി രൂപയടക്കം ഏകദേശം 26,500 കോടി രൂപയിലധികം തുക കുടിശ്ശികയായി കിടക്കുന്നുവെന്നുള്ളത് സർക്കാരിന്റെതന്നെ കണക്കുകൾ സൂചിപ്പിക്കുകയാണ്. കരാറുകാരുടെ ബിൽ മൊത്തം വന്നുകഴിഞ്ഞാലും സാമ്പത്തിക വർഷാവസാനത്തെ കണക്കുകൾകൂടി പൂർണ്ണമായി എടുത്തുകഴിഞ്ഞാൽ ഈ കുടിശ്ശിക ഇതിനേക്കാൾ അപ്പുറത്തായിരിക്കുമെന്ന് നമുക്ക് കാണാൻ സാധിക്കും.

ഇവിടെ സപ്ലൈകോയിൽ വിതരണം ചെയ്ത ഇനത്തിൽ 792 കോടി രൂപ കുടിശ്ശികയായി കൊടുക്കാനുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട പൊതുവിതരണ വകുപ്പുമന്ത്രിതന്നെ ഇന്നലെ ഈ നിയമസഭയിൽ നൽകിയിരിക്കുന്ന മറുപടിയാണ്. അരി, പഞ്ചസാര, പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നീ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തതിന്റെ കുടിശ്ശിക പൂർണ്ണമായി നൽകാത്തതുമൂലം ഈ ഇനങ്ങളുടെ വിതരണക്കാരിൽ ഭൂരിഭാഗവും കഴിഞ്ഞ മാസങ്ങളിൽ നടത്തിയ ടെണ്ടറുകളിൽ പങ്കെടുക്കാതെ വിട്ടുനിൽക്കുന്നു. ഇതുമൂലം സപ്ലൈകോ ഡിപ്പോകളിൽനിന്നുള്ള ആവശ്യകതയനുസരിച്ച് എല്ലാ സബ്സിഡി സാധനങ്ങളും സംഭരിക്കാൻ സാധിക്കുന്നില്ലെന്ന് പൊതുവിതരണ വകുപ്പുമന്ത്രി തന്നെയാണ് ഈ നിയമസഭയിൽ ഇന്നലെ മറുപടി നൽകിയത്. ഇതിന്റെ അവസ്ഥ ഏത് തലത്തിലാണെന്നത് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എന്തുകൊണ്ടാണ് ഇത്രയുമൊരു പ്രതിസന്ധിയിലേയ്ക്ക് നമ്മുടെ സംസ്ഥാനമെത്തിയത് എന്നുള്ളത് വളരെ പ്രസക്തമായിട്ടുള്ളൊരു ചോദ്യമാണ്. അത് നമ്മൾ കാര്യഗൗരവമായിത്തന്നെ ചർച്ച ചെയ്യുകയും ചെയ്യണം. ഇവിടെ ഞങ്ങൾ കൊടുത്തിരിക്കുന്ന അടിയന്തരപ്രമേയ നോട്ടീസിൽ നിരവധി കാര്യങ്ങൾ

പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതി ഭരണസംവിധാനത്തിൽ കാലോചിതമായി മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടതും ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമല്ലാത്തതും സ്വർണ്ണം, ബാർ എന്നിവയിൽ നിന്നും നികുതി പിരിക്കാൻ സർക്കാർ പരാജയപ്പെട്ടതുമാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയുടെ മുഖ്യകാരണം. മറ്റൊന്ന്, ഈ സർക്കാരിന്റെ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും ഒപ്പം കേന്ദ്ര സർക്കാരിന്റെ നിലപാടും ഈ സാമ്പത്തിക പ്രതിസന്ധിയുടെ ആക്കം കൂട്ടുന്നതിന് കാരണമായിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്താണ് യഥാർത്ഥ കാരണം? നികുതി പിരിവിലെ കെടുകാര്യസ്ഥത നമുക്ക് പരിശോധിക്കാം. 14-09-2023-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ നൽകിയ മറുപടി എന്റെ കയ്യിലുണ്ട്. ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി. സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ്

പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവുണ്ടായിട്ടില്ലായെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ സമ്മതിക്കുകയാണ്. കേന്ദ്ര സർക്കാർ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന ജി.എസ്.ടി. കളക്ഷന്റെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. ഓരോ മാസത്തെയും കണക്കുകൾ പരിശോധിച്ചാൽ ദേശീയ ശരാശരിയിൽ താഴെയാണ് കേരളത്തിലെ ജി.എസ്.ടി. കളക്ഷനിലെ വളർച്ചാ നിരക്കെന്ന് കാണാൻ സാധിക്കും. പ്രസ്തുത റിപ്പോർട്ടനുസരിച്ച് ഡിസംബർ മാസത്തെ കണക്ക് പരിശോധിക്കാം. ഡിസംബർ മാസത്തിൽ ദേശീയ ശരാശരി 13 ശതമാനമാണെങ്കിൽ കേരളത്തിലേത് 12 ശതമാനം മാത്രമാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കർണ്ണാടക, മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ നിന്നൊക്കെ കേരളത്തിന്റെ നികുതി പിരിവിനെപ്പറ്റി പഠിക്കാൻ വരുന്നുവെന്ന് രാവിലെ ഒരു ചോദ്യത്തിന് മറുപടിയായി സൂചിപ്പിക്കുകയുണ്ടായി. ഡിസംബർ മാസത്തെ കണക്കനുസരിച്ച് നികുതി പിരിവിൽ ഹരിയാനയുടെ വളർച്ചാനിരക്ക് 22 ശതമാനവും മഹാരാഷ്ട്രയുടേത് 14 ശതമാനവും കർണ്ണാടകയുടേത് 17 ശതമാനവും തമിഴ്നാടിന്റേത് 19 ശതമാനവുമാണ്. ഈ സാഹചര്യത്തിലാണ്

12 ശതമാനം മാത്രം വളർച്ചാ നിരക്കുള്ള കേരളത്തെക്കുറിച്ച് വളരെ അഭിമാനകരമായ നേട്ടം കൈവരിച്ചുവെന്ന രീതിയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയുന്നത്. അവർ ഇവിടെ വന്ന് എന്താണ് പഠിക്കാൻ പോകുന്നതെന്ന് അവർതന്നെ തീരുമാനിക്കട്ടേ. കേരളത്തെ സംബന്ധിച്ചിടത്തോളം നികുതി പിരിവിൽ കേരളത്തിന് ലഭിക്കേണ്ട വർദ്ധനവ് കൈവരിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ നികുതി വകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടുവെന്നത് പച്ചയായ യാഥാർത്ഥ്യമായി നിൽക്കുകയാണ്. ജി.എസ്.ടി. വരുമ്പോൾ കേരളത്തിലായിരുന്നു ഏറ്റവും കൂടുതൽ ഗുണമുണ്ടാകേണ്ടിയിരുന്നത്. പ്രതിപക്ഷത്തിരിക്കുന്നവർ ജി.എസ്.ടി.യെ എതിർത്ത ആളുകളാണെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയുകയുണ്ടായി. ജി.എസ്.ടി.യെ ഏറ്റവും കൂടുതൽ അനുകൂലിച്ചവർ ആരാണ്? എന്റെ കൈയിൽ റിപ്പോർട്ടുകളുണ്ട്. ജി.എസ്.ടി.യെ ഏറ്റവും കൂടുതൽ അനുകൂലിച്ച, അതിനുവേണ്ടി ഏറ്റവും കൂടുതൽ വക്കാലത്തെടുത്തയാൾ അദ്ദേഹത്തിന്റെ മുൻഗാമിയായ ഡോ. തോമസ് ഐസക് തന്നെയാണ്. ജി.എസ്.ടി. കേരളത്തിന് ഗുണം ചെയ്യുമെന്ന് ഡോ. തോമസ് ഐസക്ക് പറഞ്ഞ എത്രയോ റിപ്പോർട്ടുകളുണ്ട്.

20 മുതൽ 25 ശതമാനം വരെ വരുമാന വർദ്ധനവുണ്ടാകുമെന്ന് പറഞ്ഞ് തുള്ളിച്ചാടി മനസ്സിൽ ലഡുപൊട്ടി നടന്നയാളാണ് ഡോ. തോമസ് ഐസക്. ആറു വർഷം കഴിഞ്ഞപ്പോൾ കേരളത്തിലെ നികുതി പിരിവിൽ ഒരു രൂപയുടെ വർദ്ധനവുണ്ടാക്കാനോ ജി.എസ്.ടി.യിലെ നേട്ടം കൈവരിക്കാനോ സാധിക്കാത്തത് ഇതിന്റെ ഭാഗമായുള്ള ഭേദഗതികൾ അല്ലെങ്കിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാർ അമ്പേ പരാജയപ്പെട്ടതുകൊണ്ടു മാത്രമാണ്. കേരളത്തിന് ജി.എസ്.ടി.യിൽ നഷ്ടം സംഭവിക്കുന്നത് എങ്ങനെയെന്ന് ഡോ. തോമസ് ഐസക് ഒരു ചാനലിനു നൽകിയ അഭിമുഖത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇ-വേ ബിൽ തട്ടിപ്പിലൂടെ ഐ.ജി.എസ്.ടി. ഇനത്തിൽ വ്യാപകമായി വെട്ടിപ്പു നടക്കുന്നതായി അദ്ദേഹം സമ്മതിക്കുന്നതോടൊപ്പം ഇത് തടയാൻ എല്ലാ ചെക്കുപോസ്റ്റുകളിലും ഊടുവഴികളിലും എ.എൻ.പി.ആർ ക്യാമറകൾ സ്ഥാപിക്കുമെന്നും വാഹനത്തിന്റെ തൂക്കം അളക്കാൻ സെൻസറുകൾ സ്ഥാപിക്കുമെന്നൊക്കെ പറയുന്നുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത വാഹനങ്ങളെ സംബന്ധിച്ച് സ്ക്വാഡുകൾക്ക് വിവരം ലഭിക്കുകയും അവരെ പിടികൂടി നികുതി ഈടാക്കുകയും വിലകുറച്ച് കാണിക്കുന്ന ഇ-വേ ബില്ലുകൾ പിടികൂടി വാങ്ങിയ

കടയിൽപോയി ടെസ്റ്റ് പർച്ചേസ് നടത്തി ചോർന്ന നികുതി തിരിച്ചുപിടിക്കുമെന്നൊക്കെ പറഞ്ഞത് ഇദ്ദേഹത്തിന്റെ മുൻഗാമിയായ ഡോ. തോമസ് ഐസക് തന്നെയാണ്. ചോർന്നുപോയ നികുതി തിരിച്ചു പിടിക്കുന്നതിലൂടെ 13 ശതമാനം നികുതി വളർച്ചയും ക്യാമറകൾ പ്രവർത്തനക്ഷമമാകുന്നതോടുകൂടി 14 ശതമാനം വർദ്ധനവുമുണ്ടാകുന്നതോടെ കേരളത്തിന് ആകെ 27 ശതമാനം വർദ്ധനവ് ലഭിക്കുമെന്നും ഈയൊരു സ്ഥിതി സംജാതമാകുമ്പോൾ ജി.എസ്.ടി. കോമ്പൻസേഷൻ പോലും വേണ്ടാത്ത സാഹചര്യത്തിലേയ്ക്ക് കേരളം എത്തിച്ചേരുമെന്നൊക്കെ പറഞ്ഞ് തുള്ളിച്ചാടിയത് കേരളത്തിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രിയായ ഡോ. തോമസ് ഐസക് തന്നെയാണ്. എന്നിട്ട് എന്ത് സംഭവിച്ചു? 27 ശതമാനം നികുതി വർദ്ധനവുണ്ടാകുമെന്ന് കരുതി അദ്ദേഹം നോക്കിയിരുന്നു. ഇതാണ് ഡോ. തോമസ് ഐസക് സ്വപ്നം കണ്ട കിനാശ്ശേരി. സംസ്ഥാനത്തിന്റെ ഈ സാമ്പത്തിക പ്രതിസന്ധിക്ക് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ കുറ്റം പറയുകയില്ല. ഈ പ്രതിസന്ധിക്ക് ഏറ്റവും പ്രധാന കാരണം കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് തന്നെയാണ്. അന്ന് നടത്തേണ്ടിയിരുന്ന കാര്യങ്ങളും അന്ന് നടത്തേണ്ടിയിരുന്ന ഭേദഗതികളും

യഥാസമയം നടപ്പിലാക്കാതെ ആറ് വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് ഇതിലൂടെ സംസ്ഥാനത്തിന് ഭീമമായ നഷ്ടം നമുക്ക് സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലായത്. ആറ് വർഷങ്ങൾക്കുശേഷം ഇപ്പോഴാണ് ഭേദഗതികൾ നടപ്പിലാക്കാൻ നികുതി വകുപ്പിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ സർക്കാർ തയ്യാറായിട്ടുള്ളത്. അതിന്റെ ഏറ്റവും വലിയ ദോഷമാണ് സംസ്ഥാനം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ജി.എസ്.ടി. ഓഡിറ്റ് വിഭാഗം രൂപീകരിക്കാനും ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്താനുമൊക്കെ ഇപ്പോഴാണ് സർക്കാർ തയ്യാറായിട്ടുള്ളത്. ഇവിടെ എന്താണ് നടക്കുന്നത്? നികുതി കുടിശ്ശിക പിരിക്കേണ്ട ഉദ്യോഗസ്ഥൻ എന്താണ് ചെയ്യുന്നത്; അവരെ സ്പോൺസർഷിപ്പ് പിരിക്കാൻ ഏൽപ്പിച്ചിരിക്കുകയാണ്. നികുതി വെട്ടിപ്പ് പിടിക്കേണ്ട ജി.എസ്.ടി. വകുപ്പ് അഡീഷണൽ കമ്മീഷണർ കേരളത്തിൽ ഏറ്റവും കൂടുതൽ സ്പോൺസർഷിപ്പ് വാങ്ങിച്ചതിന് മുഖ്യമന്ത്രിയുടെ കയ്യിൽ നിന്നും ആദരവ് നേടുകയുണ്ടായി. ജി.എസ്.ടി. അഡീഷണൽ കമ്മീഷണർ നികുതി കുടിശിക പിരിച്ചെടുക്കാൻ പോകുമോ; അതോ അവരുടെ കുടിശികയിലെ സ്പോൺസർഷിപ്പ് വാങ്ങി സെറ്റിൽമെന്റ്

ഉണ്ടാക്കാൻ പോകുമോ? ഇങ്ങനെ സ്പോൺസർഷിപ്പ് വാങ്ങിയല്ലോ, എന്നിട്ട് അതിന്റെയൊക്കെ കണക്കുകൾ പുറത്തുവിടാത്തത് എന്തുകൊണ്ടാണ്? കേരളീയം പരിപാടിക്കായി നിങ്ങൾ ആരുടെയൊക്കെ കയ്യിൽ നിന്നും സ്പോൺസർഷിപ്പ് വാങ്ങിയെന്നും എത്ര തുക വാങ്ങിയെന്നും അവരിൽ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള എത്ര ആളുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള കണക്ക് പുറത്തുവിടാൻ ഈ സർക്കാർ തയ്യാറാകുമോ? അതുപോലെ വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽവച്ച് സ്വർണ്ണം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണ്. 800 ടൺ സ്വർണ്ണം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നുണ്ടെങ്കിൽ 180 ടൺ ഉപയോഗിക്കുന്നത് കേരളത്തിലാണ്. എന്നാൽ ഇതിലൂടെ സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ? കേരളത്തിൽ ആകെ സ്വർണ്ണ വില്പനയുടെ 20 ശതമാനത്തിനുപോലും നികുതി ഈടാക്കാൻ സാധിക്കുന്നില്ലെന്നാണ് മുൻ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി ചെയർപേഴ്സസും സാമ്പത്തിക വിദഗ്ദ്ധയുമായ പ്രൊഫസർ മേരി ജോർജ്ജ് ഈ മേഖലയിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ മദ്യവില്പനയുമായി ബന്ധപ്പെട്ട

ടേൺഓവർ ടാക്സ് ഈടാക്കുന്നതിലും വലിയ വീഴ്ചയാണ് ഈ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നത്. ഇവിടെ രാവിലെ ഐ.ജി.എസ്.ടി.യുമായി ബന്ധപ്പെട്ട ചർച്ച നടക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട കാര്യത്തിൽ എന്താണ് പറഞ്ഞത്; സർക്കാരിനുകീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടും സർക്കാർ തന്നെ നിയോഗിച്ചിട്ടുള്ള എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയും കേരളത്തിൽ ഐ.ജി.എസ്.ടി. ഇനത്തിൽ കഴിഞ്ഞ 5 വർഷം കൊണ്ട് പ്രതിവർഷം ശരാശരി 5000 കോടി രൂപ വീതം 25000 കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ നമുക്കത് കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങളൊന്നുമില്ലെന്നാണ് രാവിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഐ.ജി.എസ്.ടി. ഇനത്തിൽ അന്തർ സംസ്ഥാന വിതരണത്തിൽ കേരളത്തിലേയ്ക്ക് വരുന്ന ചരക്കുകളുടെ കാര്യത്തിൽ കേരളത്തിൽ കൃത്യമായ ഫയലിംഗ് നടത്താൻവേണ്ട എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? ആ ഇനത്തിൽ ആയിരക്കണക്കിന് കോടി രൂപയാണ് ഓരോ വർഷവും കേരളത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. അത് തിരിച്ചു പിടിക്കാനുള്ള യാതൊരു നടപടികളോ ഇടപെടലുകളോ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല.

റവന്യൂ ഡെഫസിറ്റ് ഗ്രാന്റും ജി.എസ്.ടി. കോമ്പൻസേഷനും കിട്ടുമെന്ന് പറഞ്ഞുകൊണ്ട് സർക്കാർ ചെയ്യേണ്ട യാതൊരു കാര്യവും ചെയ്യാതെ കൈയുംകെട്ടി ഇരുന്നിട്ട് സംസ്ഥാനം വലിയ പ്രതിസന്ധിയിലായപ്പോൾ മറ്റു വാദങ്ങളുമായി മുന്നോട്ട് വരുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഇവിടെ കടമെടുപ്പിന്റെ കാര്യം പറയുകയുണ്ടായി. കിഫ്ബിയിൽനിന്നും പെൻഷൻ ഫണ്ടിൽ നിന്നും എടുക്കുന്ന കടം സംസ്ഥാനത്തിന്റെ കടത്തിന്റെ പരിധിയിൽ വരുമെന്ന് ഈ നിയമസഭയിൽ പ്രതിപക്ഷാംഗങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞപ്പോൾ നിങ്ങൾ അത് ചെവിക്കൊള്ളാൻ തയ്യാറായില്ല. അന്ന് പ്രതിപക്ഷം പറഞ്ഞ വാദമുഖങ്ങൾ ശരിയായിരുന്നുവെന്ന് ഇന്ന് സി ആന്റ് എ.ജി.യും കേന്ദ്ര സർക്കാരുമൊക്കെ അടിവരയിട്ടു പറഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങനെ സർക്കാരിന്റെ കടമെടുപ്പ് പരിധി താഴോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും കൂടുതൽ കടമെടുത്തിരിക്കുന്ന സംസ്ഥാനങ്ങളുടെ കണക്ക് എന്റെ കയ്യിലുണ്ട്. എഫ്.ആർ.ബി.എം. ആക്ട് പാസ്സാക്കിയ ഒരു സംസ്ഥാനമാണിത്. അതനുസരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് നിയന്ത്രിച്ചു നിർത്തേണ്ട ഉത്തരവാദിത്വമുണ്ട്. പക്ഷെ, അത്തരത്തിലുള്ള യാതൊരു ഇടപെടലും

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ധനപ്രതിസന്ധിയുടെ പേര് പറഞ്ഞ് എല്ലാ ഉൽപ്പന്നങ്ങളുടേയും നികുതിയും സെസ്സും വർദ്ധിപ്പിക്കുകയുണ്ടായി. സർക്കാർ കഴിഞ്ഞ ബഡ്ജറ്റിലൂടെ എന്താണ് ചെയ്തത്? പെട്രോളിനും ഡീസലിനും ഇന്ധന സെസ്സ് ഇനത്തിൽ രണ്ട് രൂപ വർദ്ധിപ്പിച്ചു. എന്നിട്ട് അതിന്റെ പ്രയോജനം സർക്കാരിനുണ്ടായോ? ധനകാര്യ വകുപ്പുമന്ത്രി ദയവായി ഇതിനൊക്കെ മറുപടി പറയണം. ഞങ്ങൾക്ക് ലഭ്യമായ കണക്കനുസരിച്ച് ഇന്ധന സെസ്സ് രണ്ട് രൂപ വർദ്ധിപ്പിച്ചതിനുശേഷം സംസ്ഥാനത്ത് ഡീസലിന്റേയും പെട്രോളിന്റേയും ഉപഭോഗത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട മൊത്തം വരുമാനത്തിൽ കുറവുണ്ടായിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ ഇന്ധനസെസ്സ് ഇനത്തിൽ ചുമത്തിയിരിക്കുന്ന രണ്ടു രൂപ വർദ്ധനവ് സംസ്ഥാന ഖജനാവിന് നഷ്ടമാണെന്ന് കണക്കാക്കി ദുരഭിമാനം വെടിഞ്ഞ് അടുത്ത ബഡ്ജറ്റിലെങ്കിലും ഈ അധിക സെസ്സ് പിൻവലിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. പദ്ധതികളെല്ലാം താറുമാറായി കിടക്കുകയാണ്.

കെ.എസ്.ആർ.ടി.സി.യുടെ കാര്യം ഞാൻ പറയേണ്ട കാര്യമില്ല. വിദ്യാർത്ഥികളുടെ ഉച്ചക്കഞ്ഞി വിതരണം എവിടെയെത്തിയെന്ന് നമുക്കെല്ലാവർക്കുമറിയാം. പാചക തൊഴിലാളികളുടെ അവസ്ഥയറിയാം. കുടുംബശ്രീയുടെ ജനകീയ ഹോട്ടലുകളുടെ അവസ്ഥയറിയാം. എസ്.ടി./എസ്.സി. ഫെലോഷിപ്പിന്റെ കാര്യവും യൂണിവേഴ്സിറ്റികളുടെ ഗ്രാന്റിനെപ്പറ്റിയുമൊക്കെ നമുക്കെല്ലാവർക്കുമറിയാം. കൃഷിനാശം സംഭവിച്ച കർഷകന്റെ അവസ്ഥ താങ്കൾക്കും അറിയാമല്ലോ? വന്യമൃഗങ്ങൾ ആക്രമിച്ച ആളുകളുടെ അവസ്ഥ, കാരുണ്യ പദ്ധതിയുടെ ഭാഗമായ ചികിത്സാ ചെലവ് ഇതിന്റെയൊക്കെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? ആശുപത്രികളിൽ മരുന്നില്ലാത്ത അവസ്ഥയെപ്പറ്റി ഇന്നലേയും ഇവിടെ ചർച്ച ചെയ്തതാണ്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ താറുമാറായി കിടക്കുന്നു. ക്ഷേമനിധി പെൻഷൻ പോലും കൊടുക്കാത്ത ഒരു സർക്കാരാണ് ഞങ്ങൾ വലിയ ഇടതുപക്ഷ ബദലാണെന്ന് പറയുന്നത്. ക്ഷേമനിധി പെൻഷൻപോലും കൊടുക്കാൻ ഈ സർക്കാരിന് സാധിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡിസംബർ മാസത്തിൽ കൊടുക്കേണ്ട മൂന്നാം ഗഡു എന്ന് കൊടുക്കുമെന്ന് പറയാൻ ഈ സർക്കാരിന് സാധിക്കുന്നില്ല. കേന്ദ്രം

തരുന്നില്ലെന്ന് നിങ്ങൾ പറയുമ്പോൾ നിങ്ങൾ അതേ നടപടിയല്ലേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്? ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി ഫണ്ടനുവദിക്കാൻ സർക്കാർ തയ്യാറാകുന്നുണ്ടോ? കരാറുകാർക്ക് പണം കിട്ടുന്നില്ല. സംസ്ഥാന സർക്കാരിന്റെ ഈ കെടുകാര്യസ്ഥതയും നികുതി പിരിവിലെ വൻതോതിലുള്ള പാളിച്ചകളുമാണ് ഇത്രയും വലിയ പ്രതിസന്ധിക്ക് കാരണമായിരിക്കുന്നത്. ഇതിനെല്ലാം മറ്റൊരു കാരണം കൂടിയുണ്ട്, സംസ്ഥാനത്ത് വലിയ തോതിലുള്ള ധൂർത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ക്ലിഫ് ഹൗസിൽ നടത്തിയ ചെലവുകളെക്കുറിച്ച് ഞാൻ ഏറെയൊന്നും പറയുന്നില്ല. ലിഫ്റ്റിന് 25 ലക്ഷം രൂപ, സ്വിമ്മിംഗ് പൂളിന് 40 ലക്ഷം രൂപ, ബാരിക്കേഡ് സ്ഥാപിക്കാൻ 72 ലക്ഷം രൂപ, അധിക സുരക്ഷ ഏർപ്പെടുത്തുന്നതിനായി 39 ലക്ഷം രൂപ, തൊഴുത്ത് നിർമ്മിച്ചതിന് 42 ലക്ഷം രൂപ, ചാണകക്കുഴിക്ക് 3 ലക്ഷം രൂപ ഇതൊക്കെയാണ് സർക്കാരിന്റെ ചെലവുകളുടെ പട്ടിക. കേരളത്തിലേത് എന്തൊരു അവസ്ഥയാണ്! അയോധ്യാ കേസിൽ ഹാജരായ സുപ്രീംകോടതിയിലെ വക്കീലിനെയാണ് മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിയുമായി ബന്ധപ്പെട്ട കേസ് വാദിക്കാൻ കെ.എസ്.ഐ.ഡി.സി

ഇറക്കിയത്. ആ വക്കീലിന് കൊടുക്കാൻ 25 ലക്ഷം രൂപ കൈവശമുള്ള ആ സർക്കാരിന് ഞാൻ നേരത്തേ സൂചിപ്പിച്ച പോലെ സാധാരണക്കാരന്റെ വിഷയങ്ങളിൽ ഒരു രൂപ പോലും കൊടുക്കാൻ സാധിക്കുന്നില്ല. കേന്ദ്രത്തിന്റെ പോരായ്മകൾ ഇവിടെ ഉണ്ടായിട്ടുണ്ട്, അക്കാര്യം അടിയന്തിര പ്രമേയ നോട്ടീസിൽത്തന്നെ ഞങ്ങൾ പരാമർശിച്ചിട്ടുമുണ്ട്. പക്ഷെ, കണക്കുകൾ കണക്കുകളല്ലാതാകില്ലല്ലോ. അങ്ങ് നൽകിയ കണക്കനുസരിച്ച് 15-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് നൽകിയത് 53137 കോടി രൂപ ആയിരുന്നു. 14-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് ആകെ നൽകിയത് 9519 കോടി രൂപ, ഇതെല്ലാം നിയമസഭയിൽ വന്ന കണക്കാണ്. കഴിഞ്ഞ ധനകാര്യ കമ്മീഷൻ 53137 കോടി രൂപ നൽകിയിട്ടും ഇപ്പോൾ പറയുന്നത് കഴിഞ്ഞ വർഷം കിട്ടിയതിനേക്കാൾ കുറവ് തുകയാണ് ഈ വർഷം കിട്ടിയതെന്നാണ്. അതായത് ധനകാര്യ കമ്മീഷൻ അഞ്ച് വർഷത്തേയ്ക്ക് വകയിരുത്തിയ തുക ആദ്യത്തെ മൂന്ന് വർഷം വാങ്ങിയശേഷം നാലാമത്തെ വർഷം തുക കുറഞ്ഞുപോയെന്ന് പരാതിപ്പെടുകയാണ്, ആ കണക്കാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഭാഗത്ത് ഇതുസംബന്ധിച്ച് ഗുരുതരമായ പാളിച്ചയുണ്ട്, അക്കാര്യം ഞങ്ങൾ

ആവർത്തിച്ച്  പറയാറുമുണ്ട്. ധനകാര്യ കമ്മീഷൻ ഡിവിസീവ് പൂളിൽനിന്നും സംസ്ഥാനങ്ങൾക്ക് കൊടുക്കുന്ന വിഹിതം ഗണ്യമായി കുറച്ചിരിക്കുകയാണ്. അതിനെതിരെ ശക്തമായ സമരം നമ്മൾ ചെയ്യേണ്ടതുണ്ട്, ഞങ്ങൾ അതിനുവേണ്ടി സമരം ചെയ്തിട്ടുണ്ട്. ഒരു കാര്യം കൂടി പറയുകയാണ്,  നിങ്ങൾ കേൾക്കൂ, ഈ സമരം ആര് എവിടെയാണ് ചെയ്യുന്നത്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ  5 വർഷം മുമ്പ്  വിഹിതം നിശ്ചയിച്ചപ്പോൾ നിങ്ങൾ എന്ത് ചെയ്യുകയായിരുന്നു? അന്ന്  ഇതിനെതിരെ സമരം ചെയ്യാൻ നിങ്ങളാരുമുണ്ടായിരുന്നില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലാവധി തീരാറായപ്പോൾ തെരഞ്ഞെടുപ്പ് മുമ്പിൽ  കണ്ടുകൊണ്ടാണ് സമരം, സമ്മേളനം എന്നൊക്കെ പറഞ്ഞ് നിങ്ങൾ ഇപ്പോൾ ഇറങ്ങിയിരിക്കുന്നത്. 16-ാം ധനകാര്യ കമ്മീഷൻ  രൂപീകരിക്കപ്പെട്ടു കഴിഞ്ഞപ്പോഴാണ് 15-ാം ധനകാര്യ കമ്മീഷന്റെ തീരുമാനത്തിനെതിരായി സമരം ചെയ്യണമെന്ന് ഓർമ്മ വന്നത്. ഞങ്ങൾ കേന്ദ്രത്തെ കാണുമ്പോൾ  കവാത്ത് മറക്കുന്ന ആളുകളല്ല. പ്രധാനമന്ത്രിയെ കാണുമ്പോൾ കവാത്ത് മറക്കാറില്ല. കന്യാകുമാരി മുതൽ കാശ്മീർ വരെയും മണിപ്പൂർ മുതൽ മുംബൈ വരെയും

കേന്ദ്രത്തിന് എതിരെ സമര യാത്ര നടത്തിയവരാണ് ഞങ്ങൾ. പ്രധാനമന്ത്രിയെ കണ്ടപ്പോൾ....(ബഹളം.. മൈക്ക് ഓഫ്...)

മി. സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങ് സംസാരിക്കു...

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ...

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്.... (മൈക്ക് ഓഫ്....ബഹളം)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് ശരിയല്ല, ഒരു മിനുട്ട് കൂടി നൽകിക്കൂടേ, അദ്ദേഹത്തെ പറഞ്ഞ് അവസാനിപ്പിക്കാൻ അനുവദിക്കു..

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യാൻ അങ്ങോട്ടല്ല നോക്കേണ്ടത്. പുറകിലേയ്ക്കല്ല നോക്കേണ്ടത്. ചെയറിനെ നോക്കിയാണ് സംസാരിക്കേണ്ടത്.. കൺക്ലൂഡ് ചെയ്യാൻ ചെയറിനെ നോക്കി സംസാരിക്കണം, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങേക്ക് സംസാരം തുടരാം...

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിലും പ്രതിപക്ഷം ഇതേ വിഷയത്തിൽ അടിയന്തരപ്രമേയം

കൊണ്ടുവന്നിട്ടുണ്ട്. ആ അടിയന്തരപ്രമേയത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. അന്നത്തെ അടിയന്തരപ്രമേയം സമ്പൂർണ്ണമായും വായുവിൽ അലിഞ്ഞുപോയിട്ടും വീണ്ടും അതേ വിഷയത്തിൽ അടിയന്തരപ്രമേയവുമായി വന്ന യു.ഡി.എഫ് യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാൻ ഒരവസരംകൂടി നൽകിയിരിക്കുന്നതുകൊണ്ട് ആദ്യമായി അവർക്ക് അഭിവാദ്യമർപ്പിക്കുകയാണ്. ഇത്തവണത്തെ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകുന്നുവെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞതുപോലെ ഇതിനൊരു പ്രത്യേകതയുണ്ട്, പേരിനെങ്കിലും ഒരു വാക്യം കേന്ദ്രത്തിനെതിരെ പറയാൻ യു.ഡി.എഫ് തയ്യാറായിരിക്കുന്നുവെന്നതാണ് ആ പ്രത്യേകത. പേരിനെങ്കിലും കേന്ദ്രത്തെ വിമർശിക്കാൻ മനസ് കാട്ടിയതിന് നമ്മൾ എല്ലാപേരും എഴുന്നേറ്റ് നിന്ന് യു.ഡി.എഫ്-ന് ആദരം അർപ്പിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം പറയാനുള്ളത്. അതോടൊപ്പം ഈ പ്രമേയം ചില്ലിട്ട് വയ്ക്കേണ്ടതുണ്ട്. കാരണം, ലോക്സഭാ തെരഞ്ഞെടുപ്പ് കഴിയുന്നതോടെ ഇവർക്ക് വീണ്ടും

ബി.ജെ.പി.ക്കെതിരായ മിണ്ടാട്ടം മുട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനം നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നാണ് അടിയന്തരപ്രമേയത്തിന്റെ വിശദീകരണ കുറിപ്പിലെ ആദ്യവാചകം. ഈ പ്രതിസന്ധിക്ക് ഉത്തരവാദി ആരാണ് ? അതേക്കുറിച്ചൊന്നും പ്രമേയാവതാരകനായ ശ്രീ. റോജി. എം. ജോണിന് പറയാനില്ല. സംസ്ഥാനങ്ങളുട നികുതി വിഹിതം വെട്ടിക്കുറയ്ക്കുതിന് പ്രധാനമന്ത്രിതന്നെ നേരിട്ട് പിൻവാതിൽ ശ്രമങ്ങൾ നടത്തിയെന്ന ഗുരുതരമായ വെളിപ്പെടുത്തൽ റിപ്പോർട്ടേഴ്സ് കളക്ടീവ് നടത്തിയിട്ട് ഏതാനും ദിവസങ്ങളേ ആയുള്ളൂ. പ്രധാനമന്ത്രിയും ധനകാര്യമന്ത്രിയും ധനകാര്യ കമ്മീഷൻ ചെയർമാൻ വൈ.വി. റെഡ്ഡിയും ചേർന്ന് നടത്തിയ പിന്നാമ്പുറ നീക്കങ്ങളെക്കുറിച്ച് വെളിപ്പെടുത്തിയത് പ്രധാനമന്ത്രിയുടെ ഓഫീസിൽ അന്ന് ജോയിന്റ് സെക്രട്ടറി ആയിരുന്ന ബി.വി.ആർ. സുബ്രഹ്മണ്യമാണ്. പതിമൂന്നാം ധനകമ്മീഷന്റെ കാലത്ത് സംസ്ഥാന വിഹിതം 32 ശതമാനമായിരുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ ഇത് 42 ശതമാനമായി ഉയർത്തുമെന്ന സ്ഥിതി വരുമ്പോഴാണ് നികുതിയായും ഗ്രാന്റുകളായും ലഭ്യമാകേണ്ട സംസ്ഥാനങ്ങളുടെ വിഹിതം വെട്ടിക്കുറയ്ക്കാൻ

ബഹുമാനപ്പെട്ട നരേന്ദ്രമോദിതന്നെ പിൻവാതിൽ വഴി ഇടപെട്ടത്. ശ്രീ. നരേന്ദ്രമോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് കേന്ദ്ര വിഹിതം 50 ശതമാനമാക്കണമെന്നായിരുന്നു ആവശ്യപ്പെട്ടത്. എന്നാൽ ഇന്ന് മോദി ചെയ്തുകൊണ്ടിരിക്കുന്നത് എന്താണ്? ഡിവിസിബിൾ പൂളിൽ വരുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്നത് കേന്ദ്രത്തിന്റെ ഭരണഘടനാ ബാദ്ധ്യതയാണ്. സെസ്സുകളും സർചാർജ്ജുകളും ഒഴിച്ചുള്ള യൂണിയൻ സർക്കാർ നികുതികൾ മുഴുവനായും ഡിവിസിബിൾ പൂളിൽ നിക്ഷേപിക്കണം. അങ്ങനെ നിക്ഷേപിക്കുമ്പോൾ അതിലൊരു ഭാഗം സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടി വരും. ഇത് ഒഴിവാക്കാനായി മോദി കണ്ട വഴി എന്താണ്? സെസ്സിന്റെയും സർചാർജ്ജിന്റെയും എണ്ണവും പിരിവും വർദ്ധിപ്പിക്കുക എന്ന മാർഗ്ഗമാണ് സ്വീകരിച്ചത്. അപ്പോൾ അതൊന്നും സംസ്ഥാന സർക്കാരുകളുമായി പങ്കുവയ്ക്കേണ്ട കാര്യമില്ല. 2010-11 കാലയളവിൽ സെസ്സുകളും സർചാർജ്ജുകളും യൂണിയൻ സർക്കാരിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ പത്ത് ശതമാനമായിരുന്നു. എന്നാൽ 2022-23 വർഷത്തിൽ ജി.എസ്.ടി. കോംപൻസേഷൻ സെസ്സ് മാറ്റിനിർത്തിയാൽത്തന്നെ 23-24 ശതമാനമായി ഇത് കുതിച്ചുയർന്നു.

ഉദാഹരണമായി പെട്രോളിയം ഉല്പന്നങ്ങളുടെ മുകളിൽ എക്സൈസ് നികുതിക്ക് പകരം അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ആന്റ് ഡെവലപ്മെന്റ് സെസ്സ് എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ അധിക നികുതി അടിച്ചേൽപ്പിക്കുന്നത്. അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണവിലയിൽ വരുന്ന കുറവ് ജനങ്ങൾക്ക് വിലക്കുറവായി കൈമാറ്റം ചെയ്യുന്നില്ലെന്ന് മാത്രമല്ല, അധികനികുതിയിനത്തിൽ സെസ്സായി ഈടാക്കി സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട വിഹിതം നിഷേധിക്കുകയും ചെയ്യുന്നു. 2023-24 ബഡ്ജറ്റ് കണക്കുകൾപ്രകാരം കേന്ദ്ര സർക്കാർ പിരിക്കുന്ന ആകെ നികുതി വിഹിതം 33,60,858 കോടി രൂപയാണ്. സെസ്സുകളും സർചാർജ്ജുകളും 23 ശതമാനമെന്ന മിതമായ കണക്കെടുത്താൽത്തന്നെ എത്ര രൂപ വരും? ഇത് 7,73,000 കോടി രൂപ ആയിരിക്കും. പത്ത് ശതമാനമേ പാടുള്ളൂവെന്നതാണ് തത്വം. എന്നുവച്ചാൽ 4,37,000 കോടി രൂപ കൂടി ഡിവിസിബിൾ പൂളിൽ അധികമായി ഉണ്ടാകുമായിരുന്നു. ഇതിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടതാണ്. അതായത്, 180000 കോടി രൂപ നൽകണം. ഇപ്പോഴത്തെ ധനകാര്യ കമ്മിഷന്റെ വിഭജനമനുസരിച്ച് നോക്കിയാൽപ്പോലും 1.9 ശതമാനം തുകയായ 3500

കോടി രൂപ നമ്മുടെ കേരളത്തിന് ലഭ്യമാകേണ്ടതാണ്. കേരളത്തിന് അർഹമായ ഈ പണം കിട്ടാതെ പോകുന്നതിൽ എന്തെങ്കിലും തരത്തിലുള്ള വേവലാതിയുണ്ടെന്ന് പ്രതിപക്ഷാംഗങ്ങളുടെ വർത്തമാനത്തിൽ കാണാൻ സാധിക്കുന്നുണ്ടോ? കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന വിഹിതം ഗണ്യമായി ഉയർത്തിക്കൊണ്ടും സംസ്ഥാനങ്ങളെ കേന്ദ്രം ഉപദ്രവിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളെ മൂന്ന് വിഭാഗങ്ങളാക്കി ഇപ്പോൾ മാറ്റിക്കഴിഞ്ഞു. കോർ ഓഫ് കോർ പദ്ധതികൾ, കോർ പദ്ധതികൾ, ഓപ്ഷണൽ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി ആകെ 28 പദ്ധതികളുണ്ട്. എന്നാൽ ഓരോ പദ്ധതിക്കും ഉപഘടകങ്ങൾ വേറെയുമുണ്ട്. കേന്ദ്രവിഹിതം പഴയ രീതിയിൽ തുടരുന്ന ആകെ പദ്ധതികളുടെ 27 ശതമാനം മാത്രമാണ് കോർ ഓഫ് കോർ വിഭാഗത്തിലുള്ളത്. ബാക്കി 73 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാനങ്ങളുടെ വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചു. ഇതിന്റെ ഫലമായി സംസ്ഥാനങ്ങൾക്കുള്ള അസ്സൽ കേന്ദ്രകൈമാറ്റം ഗണ്യമായി കുറഞ്ഞു. സംസ്ഥാന സർക്കാരുകളുടെ പരിമിതമായ വിഭവം കേന്ദ്രം ആവിഷ്കരിക്കുന്ന ഈ പദ്ധതികളിൽ കുടുങ്ങിക്കിടക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ

നടത്തിപ്പും ധനകൈമാറ്റവുമെല്ലാം സംസ്ഥാനങ്ങളുടെ അധികാരത്തിലും സ്വാതന്ത്ര്യത്തിലുമുള്ള നഗ്നമായ കടന്നുകയറ്റമായി മാറിയിരിക്കുകയാണ്. സംസ്ഥാനങ്ങളോട് യൂണിയൻ ഗവൺമെന്റ് സ്വീകരിക്കുന്ന പൊതു വിവേചനത്തിന്റെ ഈ കെടുതികൾ കൂടാതെ ഏതാണ്ട് ഉപരോധം പോലുള്ള വിവേചനവും കേരളം നേരിടുന്നതിൽ സംസ്ഥാനത്തെ പ്രതിപക്ഷത്തിനോ അടിയന്തരപ്രമേയ അവതാരകനോ ഒരു പ്രശ്നമേയല്ല. 2023-24 സാമ്പത്തിക വർഷത്തെ നവംബർ മാസംവരെയുള്ള C&AG-യുടെ താത്കാലിക കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. അതിൽ കേരളത്തിന്റെ വിഹിതം എത്രയാണെന്നും ഉത്തർപ്രദേശിന്റെ വിഹിതം എത്രയെന്നും പരിശോധിക്കണം. ഉത്തർപ്രദേശിന്റെ റവന്യൂ വരുമാനത്തിന്റെ 37 ശതമാനമാണ് കേന്ദ്ര വിഹിതം. എന്നാൽ കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 17.82 ശതമാനം മാത്രമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. ബീഹാറിന് 40 ശതമാനവും രാജസ്ഥാനിന് 32 ശതമാനവും ഒഡീഷയ്ക്ക് 36 ശതമാനവും നൽകുമ്പോൾ ഏറ്റവും കുറവ് ഈ കൊച്ചു കേരളത്തിനാണ്. എന്തിനാണ് നമ്മുടെ നാടിനോട് ഇങ്ങനെ പെരുമാറുന്നത്. നിയമപരമായി കടമെടുക്കാനുള്ള നമ്മുടെ അവകാശത്തിലും

കേന്ദ്രം കത്തിവച്ചു. 3 ശതമാനം കടമെടുക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. വായ്പ മൂന്ന് ശതമാനത്തിൽ അധികരിക്കരുതെന്നത് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാണല്ലോ. പക്ഷേ നടക്കുന്നത് അങ്ങനെയാണോ? നടപ്പുവർഷം കേന്ദ്രത്തിന്റെ ധനകമ്മി 5.9 ശതമാനം ആയിരിക്കും. സംസ്ഥാനത്തിന്റെ ശരാശരി 2.9 ശതമാനത്തിൽ അധികരിക്കില്ല. സംസ്ഥാനത്തിന് അവകാശപ്പെട്ട വായ്പയെടുത്താൽപോലും ധനക്കമ്മി മൂന്നുശതമാനത്തിൽ അധികരിക്കില്ല. പിന്നെന്തിനാണ് കേരളത്തിന് മാത്രം ഇങ്ങനെയൊരു നിയന്ത്രണം? 2021-22-ൽ 43000 കോടി രൂപ വായ്പയെടുത്ത സംസ്ഥാനത്തിന് 2022-23-ൽ 22000 കോടി രൂപ വായ്പയെടുക്കാനുള്ള അനുവാദം മാത്രമേ ലഭിച്ചുള്ളൂ. നടപ്പുസാമ്പത്തികവർഷം അതിലും കുറവായിരിക്കും. ഇത് സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതിനെതിരെ പ്രതിപക്ഷത്തിന് എന്തെങ്കിലും പറയാനുണ്ടോ? ഇന്ത്യയിലെ സംസ്ഥാനം തന്നെയാണ് കേരളം. എന്തുകൊണ്ടാണ് നിയമപരവും ഭരണഘടനാപരവുമായ അവകാശങ്ങൾ കേന്ദ്രം നഗ്നമായി നിഷേധിക്കുന്നത്; എന്തുകൊണ്ടാണ് കേരളത്തിനെതിരെ കേന്ദ്രം

സാമ്പത്തിക ഉപരോധം പ്രഖ്യാപിച്ചിരിക്കുന്നത്? അതിനിരയാകുന്നവർ സി.പി.ഐ.(എം)കാരോ ഇടതുപക്ഷക്കാരോ മാത്രമല്ലല്ലോ; എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ബി.ജെപി.-ഉം ഒരു രാഷ്ട്രീയവുമില്ലാത്തവരുമടങ്ങുന്ന കേരള ജനത ഒന്നടങ്കം അതിന്റെ ദുരിതം പേറേണ്ടിവരികയല്ലേ? ആ നയത്തിന്റെ രാഷ്ട്രീയത്തിനെതിരെ എന്തുകൊണ്ടാണ് യു.ഡി.എഫ്.-കാരുടെ ശബ്ദമുയരാത്തത്? നികുതിഭരണത്തിൽ കെടുകാര്യസ്ഥതയുണ്ടെന്നും IGST പിരിവ് കാര്യക്ഷമമല്ലെന്നുമാണ് അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷം ഉന്നയിച്ചിരിക്കുന്ന അടുത്ത ആരോപണം. സത്യത്തിൽ ഇതൊക്കെ കാണുമ്പോൾ അത്ഭുതമാണ് തോന്നുന്നത്. 2017 മാർച്ച് 17-ന് നിയമസഭയിൽ ഡോ. മാത്യു കുഴൽനാടൻ, ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. സജീവ് ജോസഫ് എന്നിവർ ചോദിച്ച നക്ഷത്രചിഹ്നമിട്ട 483-ാം നമ്പർ ചോദ്യത്തിന് അന്നുതന്നെ ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായ മറുപടി പറഞ്ഞതാണ്. നിങ്ങൾ ചോദ്യം ചോദിക്കുക മാത്രമേയുള്ളോ; മറുപടി വായിച്ച് മനസ്സിലാക്കുന്ന സ്വഭാവം നിങ്ങൾക്കില്ലേ? എല്ലാം പഠിച്ചുപറയുന്ന ഒരു ആളാണല്ലോ നിങ്ങളെ നയിക്കുന്നത്. ഇതൊന്നും പഠിക്കാൻ ആരും പറഞ്ഞുതന്നിട്ടില്ലേ? എന്താണ് IGST എന്ന് ധനകാര്യ

വകുപ്പുമന്ത്രി ആ മറുപടിയിലൂടെ വിശദീകരിച്ചത് വായിച്ചിരുന്നെങ്കിൽ ഈ വിഡ്ഢിത്തം വിളമ്പുമായിരുന്നില്ല. ചരക്കുകളുടെയോ സേവനത്തിന്റെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് IGST. നികുതി ഒടുക്കുന്ന ആൾ ഫയൽ ചെയ്യുന്ന റിട്ടേണിന്മേൽ ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ് IGST സെറ്റിൽമെന്റ്. അതിൽ സംസ്ഥാന സർക്കാരിനൊരു നിയന്ത്രണവുമില്ല. നിലവിലുള്ള നികുതി നിയമമനുസരിച്ച് IGST സെറ്റിൽമെന്റ് സുഗമമായി നടക്കുന്നുണ്ടെന്നും സംസ്ഥാനത്തിന് എല്ലാമാസവും മുടങ്ങാതെ IGST വിഹിതം കിട്ടുന്നുണ്ടെന്നും ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ വിശദമായി പറഞ്ഞിരുന്നു. ഇതേവരെ കിട്ടിയ കണക്കും പറഞ്ഞിരുന്നു. ഈ ധനകാര്യ വർഷം ഇതുവരെ കിട്ടിയത് 15,610 കോടി രൂപയാണ്. 2019-20-ൽ 10,619.71 കോടി രൂപയായിരുന്നു. 2020-21-ൽ 10,938.18 കോടി രൂപയായിരുന്നു. 2021-22-ൽ 14,098.27 കോടി രൂപയായിരുന്നു. ജി.എസ്.ടി. & സോഫ്റ്റ്‌വെയർ വഴി ഓട്ടോമാറ്റിക്കായി നടക്കുന്ന ട്രാൻസാക്ഷനാണിത്. ഇതിലെവിടെയാണ് സംസ്ഥാനത്തിന് റോളുള്ളത്? എന്തുരേഖയുടെ അടിസ്ഥാനത്തിലാണ് കൂടുതൽ കിട്ടാനുണ്ടെന്ന് വാദിക്കാൻ കഴിയുന്നത്? ജി.എസ്.ടി.യെക്കുറിച്ച് പ്രാഥമികമായ

ബോധമെങ്കിലുമുണ്ടെങ്കിൽ ഇങ്ങനെയൊരു അസംബന്ധം ഈ ഫ്ലോറിൽ എഴുന്നള്ളിക്കുമോ? കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുണ്ടല്ലോ. അവിടെ എങ്ങനെയാണ് IGST ട്രാൻസാക്ഷൻ നടക്കുന്നത്? കൂടുതൽ കിട്ടാനുണ്ടെന്ന് എങ്ങനെയാണ് നിങ്ങളുടെ സർക്കാർ അവിടെ വാദിക്കുന്നത്? എങ്ങനെയാണ് അവർ അവരുടെ അവകാശവാദം സാധൂകരിക്കുന്നത്? അങ്ങനെ വാദിച്ച് എത്ര കോടി രൂപയാണ് ഇന്ത്യയിലെ കോൺഗ്രസ് സർക്കാരുകൾ IGST-യിലെ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ച് വാങ്ങിയത്. അത് ചൂണ്ടിക്കാണിച്ച് ആ രീതി ഇവിടെയും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടാൽ അത് കേൾക്കാനൊരു അന്തസ്സുണ്ട്. IGST-യെക്കുറിച്ചൊരു ബോധവുമില്ലാതെ ഇത്തരം അസംബന്ധം നിയമസഭയിൽ വച്ചലക്കുന്നത് ശരിയാണോ എന്നത് നിശ്ചയമായും നിങ്ങൾ പരിശോധിക്കണമെന്നാണ് പറയാനുള്ളത്. സംസ്ഥാനത്തെ നികുതി പിരിവ് കാര്യക്ഷമമായി തന്നെയാണ് നടക്കുന്നതെന്ന് അഭിമാനപൂർവ്വം പറയാൻ സാധിക്കും. കേന്ദ്രത്തിന്റെ പകയും പ്രതികാരവും മുടിയഴിച്ചാടുന്നതുമൂലമുണ്ടാകുന്ന കെടുതികളെ പരമാവധി ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെതന്നെയാണ് സംസ്ഥാനത്തെ നികുതി പിരിവ് സംവിധാനം പ്രവർത്തിക്കുന്നത്.

അതുകൊണ്ടാണ് നികുതി പിരിവിൽ ഈ വർദ്ധനവുണ്ടാകുന്നത്. അതിന് നമ്മുടെ ടാക്സ് ഉദ്യോഗസ്ഥരെ അഭിനന്ദിക്കുകയാണ് പ്രതിപക്ഷം ചെയ്യേണ്ടത്. ആ മാന്യത അവരിൽനിന്ന് പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല. പക്ഷേ, നട്ടാൽ കുരുക്കാത്ത നുണ പ്രചരിപ്പിച്ച് ആക്ഷേപിക്കാതിരിക്കാനുള്ള വകതിരിവെങ്കിലും ദയവായി നിങ്ങൾ കാണിക്കണം. കേരളത്തിന്റെ ഒരു പൊതുസംസ്കാരം, നിങ്ങളിൽനിന്ന് അതെങ്കിലും പ്രതീക്ഷിക്കുന്നുണ്ട്. കേരളം കുടിശ്ശിക പിരിക്കുന്നില്ലെന്നത് പ്രധാനപ്പെട്ടൊരാഖ്യാനമാണ്. കേരളം രൂപീകൃതമായതുമുതൽ പല ഇനങ്ങളിലുള്ള സഞ്ചിതമായ കുടിശ്ശിക ഇപ്പോൾ പിരിച്ച് കേരളത്തിന്റെ ധന അസന്തുലിതാവസ്ഥ പരിഹരിക്കാമെന്നുള്ള ഇക്കൂട്ടരുടെ വാദം......

മി. സ്പീക്കർ: പ്ലീസ്........ പ്ലീസ്....... സമയമായി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇനിയും ധാരാളം പറയാനുണ്ട്. കേരളത്തോട് ശത്രുതാപരമായ വിവേചനം കാണിക്കുന്ന കേന്ദ്രസർക്കാരിനെ രക്ഷിക്കാനുള്ള ഉപായം മാത്രമാണ് ഇവർ നടത്തുന്നത്.

മി. സ്പീക്കർ: പ്ലീസ്........ പ്ലീസ്.......

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കേന്ദ്രത്തിന്റെ നിലപാടിനെതിരെ എതിർക്കുന്ന പോരാട്ടത്തിൽ അണിചേരുകയെന്നുള്ളതാണ് പ്രതിപക്ഷം ചെയ്യേണ്ടതെന്ന് മാത്രമേ സഭ മുമ്പാകെ പറയാൻ ആഗ്രഹിക്കുന്നുള്ളൂ.

<u>ഡോ. മാത്യു കുഴൽനാടൻ:</u> സർ, ഇവിടെ ഗവൺമെന്റും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കഴിഞ്ഞ കുറച്ചുനാളുകളായി പ്രത്യേകിച്ച് നവകേരളസദസ്സ് നടത്തിയപ്പോൾ കേന്ദ്രത്തിൽനിന്നും 57000 കോടി രൂപ ലഭിക്കാനുണ്ടെന്നാണ് കേരളം മുഴുവൻ നടന്ന് ജനങ്ങളോട് പറഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നെന്ന് മാത്രമല്ല എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന സ്റ്റേറ്റ്മെന്റ് അതാണ്. അതുതന്നെയാണല്ലോ നിങ്ങളുമൊക്കെ വിശ്വസിച്ചിരിക്കുന്നത്. ഇനി അതിൽ കൂടുതലുണ്ടോയെന്ന് അറിയില്ല, ഏതായാലും അക്കാര്യം നിങ്ങൾക്ക് വിടുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 12-07-2023-ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ച കത്താണിത്. നിങ്ങൾക്കാർക്കെങ്കിലും വേണമെങ്കിൽ ഈ കത്ത് പരിശോധിക്കാം. സംസ്ഥാനത്തിന് 57,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് തരാനുണ്ടെന്ന് കേരളത്തിലെ ജനങ്ങളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

മന്ത്രിമാരും മാറി മാറി സ്റ്റേജിൽ വന്ന് പറയുകയായിരുന്നു. നിങ്ങൾ അതിന്റെ നിജ:സ്ഥിതിയെപ്പറ്റി അറിയണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കിട്ടാനുണ്ടെന്ന് പറഞ്ഞ് ചോദിച്ച തുക എത്രയാണെന്ന് നിങ്ങൾക്കറിയാമോ; ഞാൻ പറഞ്ഞുതരാം. അതായത്, അന്ന് Shortage of Revenue deficit grant ആയി 8400 കോടി രൂപയുടെയും Loss of GST Compensation ഇനത്തിൽ 12000 കോടി രൂപയുടെയും Restriction on borrowing limit (കടമെടുക്കാനുള്ള പരിധി കുറച്ചതനുസരിച്ച്) - 8000 കോടി രൂപയുടെയുമുൾപ്പെടെ 28400 കോടി രൂപയുടെ കണക്ക് പറഞ്ഞു. അതിനുശേഷമാണ് യഥാർത്ഥത്തിൽ യു.ജി.സി.-യുടെ അക്കൗണ്ടിൽ ലഭിക്കാനുള്ള അഞ്ഞൂറ്റി ചില്വാനം കോടി രൂപ, ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ വകയായി കിട്ടാനുള്ള മറ്റൊരു അഞ്ഞൂറ്റി ചില്വാനം കോടി രൂപയും മറ്റ് തുകകളുമുൾപ്പെടെ ആകെ 31,869 രൂപ തരാൻ കനിവുണ്ടാകണമെന്നാണ് അങ്ങ് അയച്ച ഈ കത്തിൽ പറഞ്ഞിട്ടുള്ളത്. ഇതിനകത്ത് അങ്ങ് ആദ്യം പറഞ്ഞത് 31,000 കോടി രൂപയിൽ 28,400 കോടി രൂപയെന്നത് ലഘുവായ ഇംഗ്ലീഷിൽ wish list എന്നുപറയും. അതായത്, നമ്മൾ ആഗ്രഹിക്കുന്ന/യാചിക്കുന്ന/ കരുണയായി ചോദിക്കുന്ന

പണമാണ്. അങ്ങനെ പറയാൻ കാരണം, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് എന്ന് പറയുന്നത് കേന്ദ്ര സർക്കാർ 5 വർഷം മുമ്പ് പ്രഖ്യാപിച്ചതാണ്. ഇന്ത്യാ രാജ്യത്ത് ഏറ്റവും കൂടുതൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് കിട്ടിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതായത് 53,137 കോടി രൂപ 5 വർഷം കൊണ്ട് തരുമെന്ന് പറഞ്ഞു. ഇല്ലെന്ന് പറയാൻ സാധിക്കുമോ? 5 വർഷം മുമ്പ് പറഞ്ഞതാണ്. അന്ന് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇതുപോരായെന്ന് അങ്ങ് പറഞ്ഞോ? ഇല്ല. എന്നിട്ട് 2022-23-ലെ അങ്ങയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പരിശോധിക്കണം. അതിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ഏകദേശം 8000 കോടി രൂപ കിട്ടുമെന്ന പറഞ്ഞ സ്ഥാനത്ത് അങ്ങേയ്ക്ക് 13,174 കോടി രൂപ കിട്ടി. അതായത് പ്രതീക്ഷിച്ചിരുന്നതിനെക്കാളും കൂടുതൽ പണം കിട്ടിയപ്പോൾ, കേന്ദ്ര സർക്കാരിൽനിന്നും ഞങ്ങൾ പ്രതീക്ഷിച്ചതിനെക്കാൾ കൂടുതൽ പണം കിട്ടിയെന്ന് ഇവിടെ ആരോടും പറഞ്ഞില്ലല്ലോ; പക്ഷേ, ഇപ്പോൾ അങ്ങോട്ട് തരാനുള്ള 53,000 കോടി രൂപയിൽ തരാനുള്ളത് കഴിഞ്ഞ് ബാക്കിയുള്ള പണമായ 4,749 കോടി തരാനുണ്ടെന്ന് പറയുമ്പോൾ എനിക്ക് കഴിഞ്ഞ തവണ തന്നതിനെക്കാളും 8,400 കോടി രൂപ കുറഞ്ഞുപോയെന്ന്

പറഞ്ഞാൽ 53,000 കോടി രൂപയിൽ കൂടുതൽ കിട്ടില്ലല്ലോ. പിന്നെ, Loss of GST compensation 12,000 കോടി രൂപയാണെന്ന് അങ്ങ് പറഞ്ഞു. ഇത് 5 വർഷം മുമ്പ് ജി.എസ്.ടി. കൗൺസിലിൽ ഈ കോമ്പൻസേഷൻ അംഗീകരിച്ചത് ഇതേ സർക്കാരും ഇതേ മുഖ്യമന്ത്രിയും അല്ലേ? ധനകാര്യ വകുപ്പുമന്ത്രി മാത്രമല്ലേ മാറിയിട്ടുള്ളൂ. 5 വർഷത്തെ ജി.എസ്.ടി. കോമ്പൻസേഷനായി ഈ തുക മതിയെന്ന് ഡോ. ടി. എം. തോമസ് ഐസക് അംഗീകരിച്ചതല്ലേ? നാലാമത്തെ വർഷമാകുമ്പോൾ ജി.എസ്.ടി.-യിൽ നിന്ന് ഇതിനെക്കാൾ കൂടുതൽ പണം കിട്ടുമെന്ന് ഇതേ നിയമസഭയിൽനിന്ന് നിങ്ങളുടെ മുൻ ധനകാര്യവകുപ്പുമന്ത്രി ഇവിടെ പറഞ്ഞതല്ലേ? എന്നിട്ട് ഇപ്പോൾ കിട്ടാത്തതിന് കേന്ദ്രത്തോട് 12,000 കോടി രൂപയുടെ കുറവ് വരുന്നുവെന്ന് പറഞ്ഞു. ടാക്സ് പിരിക്കാൻ നിങ്ങൾ പരാജയപ്പെട്ടതാണ്. 4 വർഷം കഴിയുമ്പോൾ മുഴുവൻ ടാക്സും ലഭിക്കുമെന്നാണ് പറഞ്ഞത്. അതുപോലെ കടം വാങ്ങുന്നതിനുള്ള പരിധി കുറച്ചുവെന്ന് നിങ്ങൾ പറയുന്നു. ഞാൻ ചോദിക്കട്ടെ, ഒരു കാര്യം, നിങ്ങൾ സത്യസന്ധമായി ഈ നിയമസഭയിൽ പറയണം. ഇന്ത്യാ രാജ്യത്ത് ജി.എസ്.ഡി.പി.ക്ക് എതിരെ ഏറ്റവും കൂടുതൽ ഡെബ്റ്റ് റേഷ്യോയുള്ള

സംസ്ഥാനം പഞ്ചാബാണ്. പഞ്ചാബ് കഴിഞ്ഞാൽ രണ്ടാം സ്ഥാനം കേരളത്തിനാണ്. ഇപ്പോൾ നിങ്ങളെത്തി നിൽക്കുന്ന ഡെബ്റ്റ് റേഷ്യോ എന്നുപറയുന്നത് 39.1 ആണ്. ഞാൻ അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നൊരു കാര്യം, യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അതായത് 2012-ൽ ഇത് 26-ഉം പിന്നീടത് 26.7 ആയി, 2014-ൽ ഇത് 27-ഉം പിന്നീടത് 28 ആയി മാറി. അങ്ങ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഈ സർക്കാരിന്റെ ഡെബ്റ്റ് റേഷ്യോ എന്നുപറയുന്നത് 30 ശതമാനത്തിൽ താഴെയായിരുന്നു. അങ്ങ് 7 വർഷം ഭരിച്ച് കഴിയുമ്പോൾ ഇന്ന് ഇന്ത്യാ രാജ്യത്ത് ഏറ്റവും വലിയ കടബാധ്യതയുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. എന്നിട്ട് ഇനിയും കടമെടുക്കാനുള്ള അനുമതി നൽകണമെന്നാണ് പറയുന്നത്. ഈ borrowing limit-ൽ എവിടെയാണ് കുറവ് വരുത്തിയത്? മൂന്ന് ശതമാനമെന്ന് പറയുന്നത് ഈ രാജ്യത്തെ FRBM (Fiscal Responsibility and Budget Management) ആക്ട് പ്രകാരം എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ച കാര്യം അതിന്റെ കറസ്പോണ്ടിംഗായിട്ടുള്ള ആക്ട് ഈ നിയമസഭ പാസ്സാക്കിയതനുസരിച്ച് വരുമാനത്തിന്റെ മൂന്ന് ശതമാനത്തിൽ സംസ്ഥാനത്തിന്റെ കടബാധ്യത നിർത്തേണ്ടേ? എന്നിട്ട്

അത് റിലാക്സ് ചെയ്തുതരണമെന്ന് പറയുന്നു. Off budget borrowing അങ്ങേയ്ക്ക് നടത്താമായിരുന്നു. എങ്ങനെയാണ് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് നടത്തേണ്ടത്? ഓഫ് ബഡ്ജറ്റ് ബോറോയിംഗ് നടത്തിയിരുന്നെങ്കിൽ സംസ്ഥാനത്തെ ഇത്രയും ബാധിക്കില്ലായിരുന്നു. ഈ സർക്കാർ കിഫ്ബി രൂപീകരിച്ചില്ലേ? കിഫ്ബിക്ക് 'ട്രിപ്പിൾ എ' റേറ്റിംഗുണ്ടായിരുന്നുവെങ്കിൽ സർക്കാർ ഗ്യാരന്റി കൊടുക്കാതെ ജനം പണം ഇൻവെസ്റ്റ് ചെയ്യുമായിരുന്നു. അതിനെയാണ് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്നുപറയുന്നത്. അതിന് ഈ സർക്കാരിൽ ആളുകൾക്ക് വിശ്വാസ്യതയുണ്ടാകണം. ഈ സർക്കാരിന്റെ ഫിനാൻഷ്യൽ കൺസോളിഡേഷൻ മാനേജ്മെന്റിൽ പണം നിക്ഷേപിച്ചാൽ തിരികെ കിട്ടുമെന്ന ബോധ്യം വേണം. സാധാരണ ഏത് സർക്കാരും കടം വാങ്ങുന്നതുപോലെയാണ് കിഫ്ബിയും കടം വാങ്ങിയത്. കാരണം ഈ സർക്കാരിന്റെ ഗ്യാരണ്ടിയിലല്ലേ പണം കിട്ടിയത്. ഈ സർക്കാർ ഗ്യാരണ്ടി കൊടുക്കാതെ ഒരു രൂപ വാങ്ങാൻ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഇതെല്ലാം സർക്കാരിന്റെയും ജനങ്ങളുടെയും ബാധ്യതയായി വന്നില്ലേ? ഞാൻ അങ്ങയോട് ഡെബ്റ്റ് റേഷ്യോയെപ്പറ്റി

പറഞ്ഞല്ലോ. കേരളത്തിന് ചുറ്റുമുള്ള സംസ്ഥാനങ്ങളുടെ ഡെബ്റ്റ് റേഷ്യോയെപ്പറ്റി അങ്ങ് അറിയുന്നത് നല്ലതാണ്. നമ്മളേക്കാളും താഴെ നിൽക്കുന്ന, നമ്മളെക്കാളും താഴെയാണെന്ന് നമ്മൾ സ്വയം അഹങ്കരിച്ച് പറയുന്ന ആന്ധ്രാപ്രദേശിന്റെ റേഷ്യോ 32.8-ഉം തമിഴ്നാടിന്റെ റേഷ്യോ 27.7-ഉം കർണ്ണാടയുടെ റേഷ്യോ 27.5-ഉം തെലുങ്കാനയുടെ റേഷ്യോ 25.3-ഉം ആണ്. അവർ അവിടെ നിൽക്കുമ്പോഴാണ് നമ്മൾ 39.1-ൽ നിന്നിട്ട് ഇനിയും കടമെടുക്കാൻ ഞങ്ങൾക്ക് അനുമതി നൽകണമെന്ന് പറയുന്നത്. പക്ഷേ, ഈ സർക്കാർ പിരിച്ചെടുക്കാനുള്ള പണം എത്രയുണ്ടെന്ന് അങ്ങ് നിയമസഭയോടോ ജനങ്ങളോടോ പറയാൻ തയ്യാറാകണ്ടേ? ഇനി കേന്ദ്ര സർക്കാരിന്റെ പോട്ടെ.

<u>മി. സ്പീക്കർ</u>: യെസ്..... യെസ്....... പ്ലീസ്........ പ്ലീസ്............

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഈ സർക്കാർ പിരിച്ചെടുക്കുന്ന പണം 28,258 കോടി രൂപയുണ്ട്. പ്ലീസ്.... ഞാനൊന്ന് കൺക്ലൂഡ് ചെയ്തോട്ടേ?

<u>മി. സ്പീക്കർ</u>: അത് നിങ്ങളുടെ പാർലമെന്ററി പാർട്ടി തീരുമാനിക്കേണ്ടതാണ്. I am helpless. You can conclude.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം ഡോ. മാത്യു കുഴൽനാടൻ സംസാരിക്കുന്നത് ആർക്കുവേണ്ടിയാണെന്ന കാര്യം എല്ലാവർക്കും ബോധ്യപ്പെട്ടുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെയില്ലാത്ത ചില കക്ഷികളുടെ പിന്തുണയും പ്രോത്സാഹനവുമാണ് ഈ സഭയിൽ അദ്ദേഹം കാണിക്കുന്നത്. ആ വക്കാലത്ത് വേണ്ടായിരുന്നു എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. അതുകൊണ്ടാണ് നമ്മുടെ ഈ കൊച്ചുകേരളത്തിന് കിട്ടിയത് കൂടുതലായിപ്പോയി എന്ന് ചിലർ വാദിക്കുന്നത്. ഇത് കുറയ്ക്കണമെന്നാണ് പറയുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കുമ്പോൾ കുറച്ചുകൂടി ഗൗരവപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കണം. കന്നുകാലിത്തൊഴുത്തും കുളവും ലിഫ്റ്റും നവകേരള സദസ്സിന്റെ ബസ്സും സംബന്ധിച്ച് പറയുന്ന റേഞ്ച് കൂട്ടണം. അങ്ങനെയല്ലാതെ ഇനി മുന്നോട്ട് പോകാൻ കഴിയില്ല എന്നുള്ള കാര്യംകൂടി അറിയിക്കുകയാണ്. എങ്ങും കാണാത്ത രീതിയിലാണ് കേന്ദ്ര സർക്കാർ കേരളത്തിന് അവകാശപ്പെട്ട ആനുകൂല്യങ്ങളും കേന്ദ്ര ഫണ്ടുകളും വെട്ടിക്കുറയ്ക്കുന്നത്. ഇവിടത്തെ ഗവർണറും ഇ.ഡി.(എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്)-യും മറ്റ് സംവിധാനങ്ങളുമുൾപ്പെടെ കേരളത്തെ നന്നായി

വരിഞ്ഞ് മുറുക്കുകയാണ്. അത്തരം സന്ദർഭത്തിൽ ഒപ്പമുണ്ടാകേണ്ടവരും കേരള ജനത ധാർമിക പിന്തുണ പ്രതീക്ഷിക്കുന്നവരുമായ പ്രതിപക്ഷം ഇപ്പോൾ പുറംതിരിഞ്ഞിരിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കാട് കാണാതെ മരം മാത്രം കാണുന്നതുപോലെയാണ് പ്രതിപക്ഷം ഉയർത്തുന്ന ആരോപണങ്ങൾ. ഒരു ചെറിയ ബലൂൺ വീർപ്പിക്കുമ്പോൾ അതിന്റെ അവസാനം എന്ത് സംഭവിക്കുമെന്ന് നമുക്കറിയാം. യഥാർത്ഥ സ്ഥിതിയും ഇതുപോലെയാകുമെന്ന കാര്യത്തിൽ തർക്കമില്ല.

2016 മെയ് മാസത്തിലാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലേറുന്നത്. ആ സർക്കാരിന് അസ്ഥിരമായ ഒരു സമ്പദ്ഘടനയാണ് മുൻ സർക്കാർ കൈമാറിയത് എന്ന് എല്ലാവർക്കുമറിയാം. അന്നത്തെ ധവളപത്രവും അതനുസരിച്ചുള്ള കണക്കുകളുമൊക്കെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്നുണ്ട്. 173.46 കോടി രൂപയുടെ കടമായിരുന്നു അന്ന് കൈമാറിയത്. അതിനുശേഷം കേരളം അനുഭവിച്ച തീക്ഷ്ണമായ അനുഭവങ്ങളെക്കുറിച്ച് ഇനിയും ആവർത്തിക്കേണ്ടതില്ലല്ലോ. ഓഖി, പ്രളയം തുടങ്ങി നിരവധി പ്രശ്നങ്ങളെ

കേരളം അഭിമുഖീകരിക്കുകയുണ്ടായി. മാത്രമല്ല, ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും ഹയർ സെക്കണ്ടറി അധ്യാപകർക്ക് നൽകേണ്ട ഭീമമായ സംഖ്യയുമടക്കം സർക്കാർ ജീവനക്കാർക്ക് ഉൾപ്പെടെ വലിയ രീതിയിൽ സാമ്പത്തികം വിനിയോഗിക്കുന്ന ഗവൺമെന്റാണിത്. അതോടൊപ്പം തന്നെയാണ് മറ്റ് പ്രതിസന്ധികളെയും നാം നേരിട്ടത്. ആ സാഹചര്യത്തിലാണ് പുറത്തുനിന്നുള്ള സമ്പത്ത് കണ്ടെത്താനുള്ള ശ്രമമെന്ന നിലയിൽ അന്ന് കിഫ്ബിയെ കണ്ടത്. അന്ന് നിയമസഭയിൽ വളരെ ശക്തമായ വാദമുഖങ്ങളാണ് ഉയർന്നുവന്നത്. ഒരു പുതിയ പദ്ധതി കൊണ്ടുവരുന്നു എന്ന അർത്ഥത്തിലല്ല, ഇത് തങ്ങളുടെ നിയോജകമണ്ഡലത്തിലും വേണമെന്ന അർത്ഥത്തിൽ അതുമായി ബന്ധപ്പെട്ട വാദഗതികൾ പറയുന്നതോടൊപ്പംതന്നെ ഇത് തെറ്റാണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചു. നിങ്ങളിത് പാസാക്കിയാൽ കോടതിയിൽ പോയി ചലഞ്ച് ചെയ്ത് ഇതില്ലാതാക്കാൻ ശ്രമിക്കുമെന്ന് അന്ന് പറഞ്ഞ വ്യക്തികളിൽ ചിലർ ഈ നിയമസഭയിൽ ഇപ്പോഴുമുണ്ട്. അന്ന് ഈ നിയമസഭയിൽ ഉയർത്തിയ വാദങ്ങളിൽ പ്രധാനപ്പെട്ടത് ഇന്ന് ബി.ജെ.പി. ഉയർത്തുന്ന വാദങ്ങളിലൊന്നാണ്. ഇത് നിങ്ങളുടെ പൊതുകടത്തിലുൾപ്പെടുത്തുമെന്നാണ്

പറയുന്നത്. ഇത്തരത്തിൽ പൊതുകടത്തിൽ ഉൾപ്പെടുത്താനുള്ള രീതിയിൽ ചിന്തിക്കുന്ന സ്ഥിതിയുണ്ടാക്കിയതിന് ഉത്തരവാദി യഥാർത്ഥത്തിൽ യു.ഡി.എഫ്. ആണെന്ന് തിരിച്ചറിയേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ കടമെടുപ്പ് ശേഷി മൂന്ന് ശതമാനമെന്ന നിലപാട് സ്വീകരിച്ചത് രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ്. അന്ന് സംസ്ഥാനത്തിന് കടമെടുക്കാനുള്ള പരിധി മൂന്ന് ശതമാനത്തിലേയ്ക്കെത്തിച്ചതിന്റെ ഉത്തരവാദിത്വം ഈ നിയമസഭയിലെ യു.ഡി.എഫ്. അംഗങ്ങൾക്കാണ്. നമുക്ക് ലഭിക്കുന്ന സാധ്യതകളെല്ലാം ഒന്നൊന്നായി മാറ്റുന്നതിനുവേണ്ടി മറ്റുള്ളവരോടൊപ്പം നിൽക്കുന്ന വളരെ പരിതാപകരമായൊരു സ്ഥിതിയാണ് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ബി.ജെ.പി. അംഗം മാത്രമാണ് സഭയിലുണ്ടായിരുന്നത്. അടുത്ത പ്രാവശ്യം ആ അക്കൗണ്ടും പൂട്ടുമെന്ന് അന്ന് നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അപ്രകാരം ആ അക്കൗണ്ട് പൂട്ടിത്തന്നെയാണ് രണ്ടാമതും പിണറായി സർക്കാർ അധികാരത്തിൽ വന്നത്. ഇവിടെ അവർക്ക് നഷ്ടപ്പെടാനൊന്നുമില്ലാത്ത സ്ഥിതിയാണ്. നമ്മളെ കൂടുതൽ കുഴപ്പത്തിലാക്കാൻ പരിശ്രമിക്കുകയാണവർ. ഇന്ത്യൻ ഭരണഘടന

വിഭാവനം ചെയ്യുന്ന ഫെഡറലിസം നമുക്കറിയാം. അതനുസരിച്ച് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. നേരത്തെയുണ്ടായിരുന്ന സെസും മറ്റും മാറി ജി.എസ്.ടി.-യിലേയ്ക്ക് വന്നു. ജി.എസ്.ടി.-യിലേയ്ക്ക് വന്നപ്പോൾ സംസ്ഥാന സർക്കാരിനും ധനകാര്യ വകുപ്പുമന്ത്രിക്കും ഏതെല്ലാം അധിക വരുമാനമാണ് കണ്ടെത്താൻ കഴിയുന്നത്? പെട്രോൾ, ഡീസൽ, മദ്യം തുടങ്ങി നാമമാത്രമായ ഇനങ്ങളിൽനിന്ന് മാത്രമെ അധിക വരുമാനം കണ്ടെത്താൻ സാധിക്കുകയുള്ളൂ. മറ്റ് അധികാരങ്ങളെല്ലാം സംസ്ഥാനത്തിന് നഷ്ടമായി. മാത്രമല്ല, കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ട വിഹിതത്തിൽ കുറവ് വരുത്തുകയും ചെയ്യുന്നു. ചെലവുകളെല്ലാം സംസ്ഥാന സർക്കാർ വഹിക്കുകയും വരുമാനം തങ്ങൾ എടുത്തുകൊള്ളാമെന്നതുമാണ് കേന്ദ്രത്തിന്റെ രീതി. സംസ്ഥാനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ പരിശോധിച്ചാൽ, ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് ധാരാളമായി സാമ്പത്തിക സഹായം കൊടുക്കുന്നതായും മറ്റ് സംസ്ഥാനങ്ങളിൽ, കിഫ്ബി ഉൾപ്പെടെയുള്ള പൊതുകടങ്ങളുടെയും മറ്റ് പലവിധ കാരണങ്ങളും പറഞ്ഞുകൊണ്ട് അവരുടെ ക്രയശേഷി അടക്കമുള്ള കാര്യങ്ങളിൽ എങ്ങനെ

കുറവ് വരുത്താൻ കഴിയുമെന്ന ചിന്തയാണ് അവിടെ സംഭവിക്കുന്നത് എന്ന് നമുക്ക് കാണാൻ കഴിയും. മാത്രമല്ല, പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ആകെ വരുമാനത്തിന്റെ 62.7 ശതമാനം കേന്ദ്രത്തിനാണ്. ചെലവിന്റെ 62.4 ശതമാനം നിർവ്വഹിക്കേണ്ടത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, ജി.എസ്.ടി. വരുമാനത്തിന്റെ ഏകദേശം നേർപകുതി മാത്രമാണ് നമുക്ക് ലഭിക്കുന്നത്. ഇത് ഒരു രാജ്യത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമാണെന്ന് പറയാൻ നാം ഏതെങ്കിലും വേദി ഉപയോഗിക്കുമ്പോൾ ആ വേദിയിൽ ഒരുമിച്ച് പ്രതീക്ഷിക്കേണ്ട ആളുകളല്ലേ നിങ്ങൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരുമെല്ലാം ആദ്യമായി സംസാരിച്ചത് പ്രതിപക്ഷത്തോടാണ്. കേരളത്തിന്റെ ശബ്ദം ഡൽഹിയിൽ ഉയർത്തുമ്പോൾ ഇവർകൂടി ഒരുമിച്ചുണ്ടാകേണ്ടതല്ലേ? ഇത് സമ്മേളനമാണോ, പ്രതിഷേധമാണോ തുടങ്ങിയ നിസാര കാര്യങ്ങളല്ലല്ലോ ഈ അവസരത്തിൽ ഉന്നയിക്കേണ്ടത്. കേരളത്തിലെ ഓരോ പൗരനും അവകാശപ്പെട്ട കാര്യത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കാമെന്ന യോജിപ്പോടുകൂടിയുള്ള സമീപനമല്ലേ ഉണ്ടാകേണ്ടത്. മറ്റൊരു കാര്യം, നോട്ട് നിരോധനം

വന്നപ്പോഴുണ്ടായ സ്ഥിതിയെന്താണ്? മുൻ സാമ്പത്തിക ഉപദേശകൻ ശ്രീ. അരവിന്ദ് സുബ്രഹ്മണ്യം, മുൻ റിസർവ് ബാങ്ക് ഗവർണർ ശ്രീ. രഘുറാം രാജൻ പോലുള്ളവരെല്ലാം നോട്ട് നിരോധനം സംബന്ധിച്ചുള്ള കള്ളക്കളികളും കേരളത്തിനുണ്ടാകുന്ന ദോഷങ്ങളുമെല്ലാം വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. അതൊക്കെ നാം വായിക്കുന്നതും അതിനനുസരിച്ചുള്ള പരിപാടികളിൽ പ്രതിപക്ഷം ഉൾപ്പെടെ സഹകരിക്കുന്നതും നല്ലതായിരിക്കും എന്നാണ് എന്റെ അഭിപ്രായം. ഇതോടൊപ്പംതന്നെ ഭക്ഷ്യ-പൊതുവിതരണ രംഗത്തെ കേന്ദ്ര അവഗണന നാം മനസ്സിലാക്കേണ്ടതാണ്. എത്രത്തോളം ആളുകൾക്കാണ് സംസ്ഥാനത്ത് റേഷൻ വിഹിതം പരിമിതപ്പെടുത്തിയത്. വിലക്കയറ്റം, ഭക്ഷ്യ-സിവിൽ സപ്ലൈസ് എന്നീ കാര്യങ്ങളൊക്കെ പറയുമ്പോൾതന്നെ കേന്ദ്രം കാണിക്കുന്ന അവഗണനകളെ എതിർത്ത് പറയാൻ പ്രതിപക്ഷത്തിന് സാധിക്കുന്നില്ല. 15480000 പേർക്ക്, ഏകദേശം 40-43 ശതമാനം പേർക്ക് മാത്രമാണ് നിലവിൽ റേഷൻ ലഭിക്കുന്നത്. അതുപോലെതന്നെ മണ്ണെണ്ണയുടെ ലഭ്യതക്കുറവിൽ മത്സ്യബന്ധന മേഖലയിലുള്ള ആളുകൾ എത്രത്തോളം വിഷമം അനുഭവിക്കുന്നുണ്ടെന്ന് നമുക്കറിയാം. അങ്ങനെ ഓരോ രംഗത്തും വലിയ രീതിയിലുള്ള വെട്ടിക്കുറവ്

വരുത്തുകയാണ്. ഈ കുറവുകൾ വരുത്തുമ്പോഴും സംസ്ഥാന സർക്കാർ കടമെടുക്കുന്നത് എന്തിനുവേണ്ടിയാണ് എന്നത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. അത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് കൂരയുണ്ടാക്കാനും സാധാരണക്കാരന്റെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാനുള്ള സൗകര്യമുണ്ടാക്കാനും എല്ലാവർക്കും ആരോഗ്യമുള്ള നല്ലൊരു ജനതയെ സൃഷ്ടിക്കാനുമാണ്. അത്തരത്തിൽ കടമെടുത്താലും പാവപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന ഒരു ഗവൺമെന്റായി അടയാളപ്പെടുത്തണമെന്ന വളരെ കൃത്യമായുള്ള ഒരു ബോധ്യത്തിലൂടെയാണ് നമ്മുടെ സർക്കാർ മുന്നോട്ടുപോകുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. പ്രിയപ്പെട്ടവരേ, ഷേക്സ്പിയറിന്റെ ക്ലിയോപാട്രയെക്കുറിച്ചുള്ള കൃതിയിലെ പ്രധാന കഥാപാത്രമായ ജൂലിയറ്റ് സീസറിനെ മാർക്ക് ആന്റണി പിന്നിൽനിന്നും കുത്തി പടക്കളത്തിൽ വീഴ്ത്തുന്ന ഒരു രംഗമുണ്ട്, ആ വീഴുന്ന ജൂലിയറ്റ് സീസറിനെപ്പോലെ ആയിരിക്കില്ല ഈ ഇടതുപക്ഷ ഗവൺമെന്റിന്റെ നേതാക്കന്മാരെന്നും അതിന് പിന്തുണ നൽകാൻ പ്രതിപക്ഷം ഉറപ്പായും ഉണ്ടാകണമെന്നും മാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ ഇന്ന് രാവിലെ മുതൽ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ആദ്യത്തെ ചോദ്യംതന്നെ അതിനെക്കുറിച്ചായിരുന്നു; അതുകഴിഞ്ഞ് അടിയന്തരപ്രമേയം ഗവൺമെന്റ് ചർച്ചയ്ക്കെടുത്തു. എല്ലാവരും ഇപ്പോൾ ചർച്ച ചെയ്യുന്നത് സാമ്പത്തിക പ്രതിസന്ധിതന്നെയാണ്. ഒരു കണക്കിനത് ശരിയാണ്; കാൽ പൈസ കയ്യിലില്ലെങ്കിൽ വേറെ എന്ത് ചെയ്യാനാണ്. അതുകൊണ്ട് ഇപ്പോൾ ആ ഒരു വിഷയം ചർച്ച ചെയ്യുകയല്ലാതെ വേറെ കാര്യമൊന്നുമില്ല. നാം ചെന്നുപ്പെട്ടിരിക്കുന്ന ഈ വലിയ പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും വേണ്ടത്ര സീരിയസ്സാണോ എന്നുള്ളതാണ് എന്റെ സംശയം. കാരണം ഗവൺമെന്റ് സീരിയസ്സാണെന്നുണ്ടെങ്കിൽ ചെയ്യേണ്ട ഒരുപാട് കാര്യങ്ങളുണ്ട്. ശ്രീ. എ. കെ. ആന്റണി മന്ത്രിസഭ അധികാരത്തിൽ വന്ന കാലഘട്ടത്തിൽ ഇതുപോലെ ഒരു സാമ്പത്തിക പ്രതിസന്ധിയുണ്ടായി. ജീവനക്കാരുടെ ലീവ് സറണ്ടറൊക്കെ വെട്ടിച്ചുരുക്കിയതുമൂലം വലിയ പ്രക്ഷോഭമൊക്കെ ഉണ്ടായ സാഹചര്യം എല്ലാവർക്കും ഓർമ്മയുണ്ടാകും. അന്ന് സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത് എന്നൊരു മെസ്സേജ് ഞങ്ങൾ

കൊടുത്തിരുന്നു. എന്നിട്ട് ധവളപത്രം ഇറക്കുകയും സർക്കാർ അടുത്തതായി എന്താണ് ചെയ്യാൻപോകുന്നത് എന്നൊക്കെ ചർച്ച ചെയ്തിരുന്നു. അതിന്റെ ഭാഗമായാണ് ലീവ് സറണ്ടറൊക്കെ വെട്ടിച്ചുരുക്കിയത്. പക്ഷെ ഞങ്ങൾ അന്ന് മുണ്ട് മുറുക്കി ഉടുക്കുകയാണ് എന്നൊരു മെസ്സേജ് കൊടുത്തിരുന്നു. എന്നാൽ ഇതുവരെയും സാമ്പത്തിക പ്രതിസന്ധിയുണ്ട്, അതുകൊണ്ട് ഗവൺമെന്റ് ചെലവ് ചുരുക്കുകയാണ് എന്ന തരത്തിലുള്ള economic measures ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുണ്ടോ? ഇവിടെ എന്തെല്ലാം മുടങ്ങിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്; പോലീസിന് അത്യാവശ്യമായി എവിടെയെങ്കിലും പോകണമെങ്കിൽ പെട്രോളടിക്കാൻപോലും പണമില്ലെന്നാണ് പറയുന്നത്. അങ്ങനെ പോലീസിംഗ് വരെ സാമ്പത്തിക പ്രതിസന്ധി കൊണ്ട് നിന്നുപോകുന്ന ഒരു സ്ഥിതിവന്നാൽ എന്താകും? വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഇപ്പോൾ ബാധിച്ചുതുടങ്ങിയിരിക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ട്; പൊതുമേഖലാ സ്ഥാപനങ്ങൾ ഇത്രയെണ്ണം തുറന്നു ഇത്രയെണ്ണം അടച്ചുപൂട്ടി എന്നൊക്കെ നാം പറയാറുണ്ട്. ഇപ്പോൾ

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഫണ്ട് കിട്ടാനില്ലാതെ ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. ഈ സ്ഥിതി വേണ്ടത്ര ഗൗരവത്തിൽ ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ടോ എന്നതാണ് എന്റെ വിമർശനം. ഉണ്ടെങ്കിൽ ചെലവ് ചുരുക്കൽ നടപടികൾ എന്നുപറഞ്ഞ് ധൂർത്ത് അവസാനിപ്പിക്കണം. മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

നിലവിലുള്ള ജി.എസ്.ടി. സിസ്റ്റത്തെക്കുറിച്ചുള്ള ചോദ്യത്തിന് രാവിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉത്തരം പറഞ്ഞപ്പോൾ എനിക്ക് വളരെ അതിശയം തോന്നി. 'സിസ്റ്റം ഇപ്പോഴും ശരിയായിട്ടില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. ജി.എസ്.ടി. നടപ്പിലാക്കി ഏഴ് വർഷം കഴിഞ്ഞിട്ടും IGST-യെ (Integrated Goods and Services Tax) സംബന്ധിച്ച് ഇന്ന് പറഞ്ഞതനുസരിച്ച് ടാക്സ് നമുക്ക് കിട്ടുന്നില്ല എന്ന് സ്ഥാപിക്കാനാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചത്. കേരളം എങ്ങോട്ടാണ് പോകുന്നത്? അനധികൃതമായ ചരക്കുനീക്കം ചെക്ക് പോസ്റ്റിൽ കണ്ടുപിടിക്കാനുള്ള സംവിധാനം നേരത്തെയുണ്ടായിരുന്നു. അതുപോലെ ടാക്സ് ചുമത്താനും നോട്ടീസ് കൊടുത്ത് കേസ് നടത്തി

പിടിച്ചെടുക്കാനുമൊക്കെ നമുക്ക് അധികാരമുണ്ടായിരുന്നു. എന്നാൽ നിലവിൽ ജി.എസ്.ടി. സമ്പ്രദായം അനുസരിച്ച് അതിനൊന്നും സാധിക്കില്ല. ഒരു നിശ്ചിത ശതമാനം തുക അടച്ച് ഇൻകം ടാക്സിന്റെ കാര്യത്തിൽ ചെയ്യുന്നതുപോലെ അപ്പീൽ പോകാവുന്നതാണ്. പഴയ സിസ്റ്റം മാറിയിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്ന സെയിൽസ് ടാക്സ് ഓഫീസർമാരുടെ ഒരു കൂട്ടംതന്നെ ചെക്ക്പോസ്റ്റിൽ ഇരിക്കുകയാണ്. അവർക്ക് ഇപ്പോഴും ഈ സിസ്റ്റം മനസ്സിലായിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി ഇന്ന് രാവിലെ പറഞ്ഞതും അതാണ്; നമുക്കുതന്നെ നേരാംവണ്ണം ഈ സിസ്റ്റം ശരിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത്. നമുക്ക് ടാക്സ് ഈടാക്കാനുള്ള അധികാരം പോയി. നേരത്തെ മാറിമാറി അധികാരത്തിൽ വന്നിരുന്ന ഗവൺമെന്റുകൾ ബജറ്റ് അവതരിപ്പിക്കുമ്പോൾ പണമില്ലെങ്കിൽ ടാക്സ് കൂട്ടി പണം കണ്ടെത്തി കാര്യങ്ങൾ ചെയ്തിരുന്നു. പക്ഷെ ഇപ്പോൾ അതിനുള്ള അധികാരമില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് സിസ്റ്റം മെച്ചപ്പെടുത്താൻ മാത്രമല്ല സിസ്റ്റത്തിൽ ചോർച്ചയുണ്ടാക്കാനും സാധിക്കും. അതിനെ മാത്രം ആശ്രയിച്ചിരുന്നിട്ട് കാര്യമില്ല. സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ അവിടെയിരിക്കുന്നു. പക്ഷെ സിസ്റ്റം വർക്ക് ചെയ്യുന്നില്ല, ഫണ്ട് കിട്ടുന്നില്ല,

IGST കിട്ടുന്നില്ല, അതുപോലെതന്നെ ചെലവുകൾ കൂട്ടുകയും ചെയ്തിരിക്കുന്നു. ഞാൻ മുണ്ട് മുറുക്കി ഉടുക്കണം എന്നുപറയുമ്പോൾ ഒരു ദയയില്ലാത്ത വിമർശനമായി കരുതരുത്. ഇപ്പോഴത്തെ കോൺട്രാക്ട് അപ്പോയിന്റ്മെന്റുകൾ എത്രയാണ്? അവിടെയും ഇവിടെയും കുറച്ച് ആളുകളെ നിയമിക്കുന്നത് നമുക്ക് മനസ്സിലാക്കാം. പക്ഷെ ഇവിടെ എത്ര കരാർ നിയമനങ്ങളാണുള്ളത്; ഇതിന്റെ ചെലവ് എത്ര വരും? അതുപോലെ ഓരോരുത്തരെ ഓരോ സ്ഥാനത്തിരുത്താൻ വേണ്ടി എത്രയോ ബോർഡുകളാണ് ഇവിടെയുള്ളത്. അതിന്റെ ചെയർമാൻമാർ, ജീവനക്കാർ, paraphernalia എന്നിങ്ങനെയുള്ളതുകൊണ്ട് എന്താണ് കാര്യം? അതുപോലെതന്നെ ഇവന്റ് മാനേജ്മെന്റ് കുറച്ച് ചുരുക്കിക്കൂടേ; എത്രയാണ് അധിക ചെലവ് വരുന്നത്? ചെലവുകൾക്കൊന്നും യാതൊരു കുറവുമില്ല. കേന്ദ്രത്തിൽനിന്നും ഫണ്ട് കൃത്യമായി വാങ്ങിയെടുക്കാൻ ശ്രമിക്കണം. റോഡിൽ ഇറങ്ങി പായുന്ന ഒരു ഗവർണറാണ് നമുക്കുള്ളത്. ഇത് വല്ലാത്തൊരു സ്ഥിതിയാണ്. കൊല്ലത്ത് റോഡിലൂടെയുള്ള ആ ഓട്ടം ഒരുവിധം ആളുകളുടെ മനസ്സിൽനിന്നും മാഞ്ഞുപോകില്ല. ഞങ്ങളാരും അതിനെ അനുകൂലിക്കുന്നില്ല. അതൊരു നാണംകെട്ട ഓട്ടമാണ്; യാതൊരു

സംശയവുമില്ല. പക്ഷെ ആ സ്ഥിതിവിശേഷമുണ്ടാകുന്ന ആപത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിന്തിക്കണം, ഞങ്ങളെ ഡൽഹിയിൽ പ്രക്ഷോഭത്തിന് വിളിച്ചു; എപ്പോഴാണത്? ഇപ്പോൾ ഒന്നിച്ച് പ്രക്ഷോഭത്തിന് വരാൻ കഴിയുമോ? ഇല്ല. കാരണം ഇപ്പോൾ നാം മത്സരിക്കാൻ പോകുകയാണ്. അങ്ങനെ പ്രക്ഷോഭത്തിന് പോകണമെന്നുണ്ടെങ്കിൽ കുറച്ച് നേരത്തെ ആകാമായിരുന്നു. കേന്ദ്രത്തിന്റെ മുന്നിൽ നമ്മുടെ സാമ്പത്തിക പ്രതിസന്ധി കൃത്യമായി അവതരിപ്പിക്കാൻ സർക്കാരിന് കഴിയുന്നുണ്ടോ? ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഒരു സിസ്റ്റമുണ്ടായിരുന്നു. അദ്ദേഹം കേന്ദ്രത്തിൽ പോകുമ്പോൾ ഞങ്ങൾ മന്ത്രിമാർ കൂടെയുണ്ടാകും. അവിടെ ചെന്ന് നിവേദനം നൽകും, അതുകഴിഞ്ഞ് മന്ത്രിമാർ അത് ഫോളോ അപ്പ് ചെയ്യും. അങ്ങനെയുള്ള സിസ്റ്റമൊന്നും ഇപ്പോഴില്ല. പിന്നെ കേന്ദ്രം ശ്രദ്ധിക്കുന്നത് ഗവൺമെന്റും ഗവർണറും തമ്മിലുള്ള തർക്കമാണ്. ഇപ്പോൾ നാം സമരത്തിന് പോകുമ്പോൾപോലും അടിക്കാൻ വരികയാണെന്നാണ് അവർ കരുതുന്നത്. ആ ഒരു മനോഭാവത്തിലിരിക്കുന്ന ഒരു കേന്ദ്ര ഗവൺമെന്റാണ് നമുക്കുള്ളതെന്നതിൽ ആർക്കും സംശയമില്ല. പക്ഷെ കൃത്യമായി ഫോളോ-അപ്പ് ചെയ്ത് കേരളത്തിന് കിട്ടാനുള്ളത്

നേടിയെടുക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതിനുള്ള ഒരു ശ്രമം ഇത്ര കാലമായിട്ടും നടന്നിട്ടില്ല. അത് നടത്തേണ്ടതായിരുന്നു എന്നതാണ് എന്റെ വിമർശനം. എല്ലാം മുറപോലെ നടന്നോളുമെന്നും ചെലവൊക്കെ പഴയതുപോലെ ആയാലും കുഴപ്പമില്ലെന്നും പുണ്യാളൻ കാത്തോളുമെന്നുമൊക്കെ പറഞ്ഞിരുന്നാൽ ഇവിടെ പെട്രോളടിക്കാനും പെൻഷൻ കൊടുക്കാനും ശമ്പളം കൊടുക്കാനും പൈസയില്ലാതെ ഉച്ചക്കഞ്ഞിയും മുടങ്ങിയാൽ എന്തുസംഭവിക്കും എന്നുള്ളത് ഈ സർക്കാർ ആലോചിക്കണം. ഗവൺമെന്റ് ഇപ്പോൾ നവകേരള സദസ്സ് നടത്തി കുറേ പരാതികൾ വാങ്ങി വച്ചു; എന്ത് ചെയ്യാൻ സാധിക്കും? പണമില്ലെങ്കിൽ ഒന്നും നടക്കില്ല. സർക്കാരിന്റെ മുന്നിലുള്ള ഏറ്റവും ഗുരുതരമായ പ്രശ്നമാണ് ഈ സാമ്പത്തിക പ്രതിസന്ധി. അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ എടുത്തത് പ്രതിപക്ഷത്തെ പറഞ്ഞുമനസ്സിലാക്കാനാണ് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ പറഞ്ഞത്. ഞങ്ങളെ പറഞ്ഞ് മനസ്സിലാക്കലല്ല പ്രശ്നം, ഈ സംസ്ഥാനത്തെയാകെ പ്രതിസന്ധിയിലാക്കിയ ഈ സ്ഥിതിയിൽനിന്നും സർക്കാരിന് എങ്ങനെ തലയൂരാം എന്ന് നോക്കലാണ്

പ്രശ്നം എന്നാണ് ഈ അടിയന്തരപ്രമേയ ചർച്ചയിൽ ഇടപെട്ടുകൊണ്ട് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ സവിശേഷമായ ദിവസമാണ്. കാരണം രാഷ്ട്രപിതാവ് രക്ഷസാക്ഷിത്വം വഹിച്ചതിന്റെ ഓർമ്മ പുതുക്കുന്ന ദിനമാണ്. മഹാത്മജിക്ക് രാജ്യത്തെക്കുറിച്ചൊരു സ്വപ്നമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായൊരു ഭരണഘടനയാൽ ഭരിക്കപ്പെട്ട് മുന്നോട്ടുപോകുന്ന രാജ്യമാണ് നമ്മുടെ ഭാരതം. പക്ഷെ ഇന്നത്തെ കേന്ദ്ര ഭരണാധികാരികൾ ആ ഭരണഘടനയുടെ അന്തഃസത്തയും മഹാത്മജിയുടെ സ്വപ്നത്തെയുമെല്ലാം കൊന്നുകുഴിച്ചുമൂടുന്ന സമീപനവുമായി മുന്നോട്ടുപോകുമ്പോൾ ദൗർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം അതിനൊപ്പം നീങ്ങുന്ന ഏറ്റവും നിർഭാഗ്യകരമായ കാഴ്ചയാണ് കാണുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ഡോ. മാത്യു കുഴൽനാടൻ പ്രസംഗിക്കുന്നത് കേട്ടപ്പോൾ ബി.ജെ.പി.-യുടെ ഒരു അംഗം ഈ സഭയിലില്ലാത്തതിന്റെ കുറവ് അദ്ദേഹം പരിഹരിച്ചുവെന്നാണ് എനിക്ക് തോന്നിയത്. കേന്ദ്ര സർക്കാർ

നമ്മെ വല്ലാതെ ഞെരുക്കി എല്ലാ അർത്ഥത്തിലും നമുക്ക് കിട്ടേണ്ട അവകാശങ്ങൾ നിഷേധിക്കുമ്പോൾ ഈ സംസ്ഥാനത്തിനുവേണ്ടി ശബ്ദമുയർത്താൻ ബാധ്യതയുള്ള യു.ഡി.എഫ്. അതിൽനിന്നും ഒളിച്ചോടുന്നുവെന്നുമാത്രമല്ല കേന്ദ്രത്തിന്റെ നയങ്ങൾക്ക് സ്തുതി പാടുന്ന സമീപനത്തിലേയ്ക്കെത്തിയിരിക്കുന്നത് സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ സംസ്ഥാന വിരുദ്ധ നയങ്ങൾക്കെതിരെ നമുക്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കേണ്ടിവന്നു. 8-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിനെതിരെ പ്രക്ഷോഭവുമായി മുന്നോട്ടുപോകുകയാണ്. അതിന് ക്ഷണിച്ചിട്ട് അക്കാര്യത്തിൽ സഹകരിക്കാൻ കൂട്ടാക്കാതെ ഇരയ്ക്കൊപ്പം നിൽക്കുകയും വേട്ടക്കാർക്കൊപ്പം വേട്ടയാടുകയും ചെയ്യുന്ന സമീപനമാണ് കേരളത്തിലെ യു.ഡി.എഫ്.-ന്റേതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനെതിരായി എല്ലാ അർത്ഥത്തിലും നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമുക്ക് ലഭിക്കേണ്ട ധനകാര്യ കമ്മീഷൻ വിഹിതം വെട്ടിക്കുറയ്ക്കുന്നു, നമ്മുടെ വായ്പാപരിധി വെട്ടിക്കുറയ്ക്കുന്നു,

ഓഫ് ബഡ്ജറ്റ് ബോറോയിംഗ്സ് എന്നിവ നമ്മെ കടപരിധിയിലാക്കി തീർക്കുന്നു. രാജ്യത്തെ പ്രധാനമന്ത്രിതന്നെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കാൻ ഇടപെടുന്നുവെന്നുള്ള ഗുരുതരമായ വിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. രാജ്യത്തിന്റെ ധനനിയമങ്ങളും നയങ്ങളും കേന്ദ്ര ധനകാര്യ മന്ത്രിക്ക് അവരുടെ ഭർത്താവിനെപ്പോലും ബോധ്യപ്പെടുത്താൻ കഴിയുന്നില്ല. അവരുടെ ഭർത്താവുതന്നെ അതിനെതിരെ രംഗത്തുവന്നതിന് നമ്മൾ സമീപകാലത്ത് സാക്ഷ്യം വഹിച്ചതാണ്. ഇത്തരം നയങ്ങൾക്കെതിരെ യോജിച്ച പോരാട്ടത്തിന് യു.ഡി.എഫ്. മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഇപ്പോൾ പാർലമെന്റ് സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന സമയമാണ്. ഈ സന്ദർഭത്തിൽ കേരളത്തിന് അർഹമായ വിഹിതം നൽകണമെന്നാവശ്യപ്പെട്ട് പാർലമെന്റിൽ പ്രമേയം കൊണ്ടുവരാൻ യു.ഡി.എഫ്. തയ്യാറാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ചരിത്രം കണ്ട ഏറ്റവും വലിയ ധനപ്രതിസന്ധിയിലൂടെയാണ് നമ്മുടെ കേരളം കടന്നുപോകുന്നത്.

സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തുംതന്നെയാണ് പ്രതിസന്ധിക്ക് പ്രധാന കാരണം. കേന്ദ്ര സഹായങ്ങൾ വെട്ടിക്കുറയ്ക്കുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതിനെതിരെ ശക്തമായ സമരങ്ങൾ വേണം. വാസ്തവത്തിൽ കേന്ദ്ര അവഗണനയ്ക്കെതിരെയുള്ള വിഷയം പ്രതിപക്ഷവും മറ്റ് ഗവൺമെന്റുകളുമായി ചർച്ച ചെയ്ത് പൊതുമാനദണ്ഡമുണ്ടാക്കി സമരം ചെയ്യേണ്ടതിനുപകരം ഞങ്ങൾ ചിലത് തീരുമാനിച്ചിട്ടുണ്ട് അതിന്റെകൂടെ നിങ്ങൾ നിൽക്കണമെന്ന് പറയുന്നത് രാഷ്ട്രീയ മര്യാദയല്ല; അതിലൊരു ആത്മാർത്ഥതയുമില്ല. ഇത് കണ്ണിൽ പൊടിയിടാനുള്ള ഒരു പ്രഹസന സമരം മാത്രമാണ്. ആശ്വാസ കിരണം, കാൻസർ രോഗികൾക്കുള്ള ധനസഹായം ഉൾപ്പെടെ ഒരു പദ്ധതിയും ഇപ്പോൾ ലഭ്യമാകുന്നില്ല. സപ്ലൈകോ നിശ്ചലാവസ്ഥയിലാണ്. തൊഴിലാളികൾ സ്വന്തം അദ്ധ്വാനത്തിൽനിന്ന് അംശദായം അടച്ച ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻപോലും മുടങ്ങിയിരിക്കുകയാണ്. ക്ലിഫ് ഹൗസിന്റെ നവീകരണം മാത്രമാണ് മുടങ്ങാതെ കിടക്കുന്നത്; അത് ധൂർത്തും കെടുകാര്യസ്ഥതയുമാണ്. ഇവിടെ കുറച്ചുകാണിക്കാൻ പറയുന്നതല്ല. ഒരു ടാങ്ക് നിർമ്മിക്കാൻ 5.92 ലക്ഷം രൂപയുടെ ടെണ്ടർ വിളിച്ചിരിക്കുകയാണ്. കർട്ടൻ നിർമ്മിക്കാൻ 7 ലക്ഷം

രൂപ. ആ കർട്ടൻ സ്വർണ്ണം പൂശിയതാണോ? ഉപയോഗം കഴിഞ്ഞ് മ്യൂസിയത്തിൽ വയ്ക്കുന്നത് നന്നായിരിക്കും. നവകേരള സദസ്, കേരളീയം എന്നിവ നടത്തി ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന സർക്കാരായി മാറിക്കൊണ്ടിരിക്കുകയാണ്. ചില കാര്യങ്ങൾക്ക് മുടക്കം വരുന്നില്ലെന്നതാണ് വസ്തുത. നികുതി പല മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. വൻകിടക്കാർക്ക് ഇത് ബാധിക്കുന്നില്ല. വൻകിടക്കാർക്കുള്ള നികുതി പിരിവ് എത്ര ശതമാനമുണ്ടെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. ക്ഷേമ പെൻഷൻ എന്ന പേരിൽ ജനങ്ങളിൽനിന്നും സെസ് പിരിക്കാൻ തീരുമാനിച്ചു. പക്ഷെ ഇതിന്റെ കണക്ക് പരിശോധിക്കുന്ന സമയത്ത്, ഡീസൽ കമ്പനിയുടെ കണക്ക് പരിശോധിക്കുമ്പോൾ ആദ്യത്തെ ഒരു വർഷം 10 ശതമാനവും രണ്ടാമത്തെ വർഷം 18 ശതമാനവും കുറവുണ്ടായെന്ന് കാണിക്കുകയാണ്. സ്വാഭാവികമായി ലഭിക്കേണ്ട നികുതി വരുമാനം ഇതിൽക്കൂടി നഷ്ടമാകുകയാണ്. നികുതി പിരിവിൽ സർക്കാരിന്റെ ഭാഗത്തുനിന്നും വലിയ നഷ്ടമുണ്ടാകുകയാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 'വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ് ' എന്നത് 1924-ൽ ശ്രീനാരായണ ഗുരു

അദ്വൈതാശ്രമത്തിനുമുന്നിൽ സർവ്വമത സമ്മേളനം നടക്കുമ്പോൾ എഴുതിയ വാചകമാണ്. ഇവിടെ യു.ഡി.എഫ്. വാദിക്കുന്നത് കേന്ദ്ര ഗവൺമെന്റിനും നിങ്ങൾ വാദിച്ചുജയിച്ചുയെന്ന് പറയുമ്പോൾ ഇവിടെ പരാജയപ്പെടുന്നത് മൂന്നരക്കോടിയോളം വരുന്ന മലയാളികളുമാണെന്ന് മറന്നുപോകരുത്. ഏതായാലും അറിയാനും അറിയിക്കാനും കഴിയാവുന്ന തരത്തിലേയ്ക്ക് റൂൾ 50 പ്രകാരമുള്ള ഈ പ്രമേയത്തിന്മേൽ ചർച്ച ചെയ്യാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇവിടെ മുണ്ട് മുറുക്കി ഉടുക്കുന്ന കാര്യം പല ആളുകളും ആവർത്തിച്ച് പറഞ്ഞു. കേരളത്തിൽ ആദ്യമായി ഈ വാചകം ഉച്ചരിക്കുന്നത് ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ്. അന്ന് മുണ്ട് മുറുക്കി ഉടുക്കാൻ മാത്രമല്ല പറഞ്ഞത്, ഓവർഡ്രാഫ്റ്റിന്റെ പേരിൽ മൂന്ന് മാസത്തോളം ട്രഷറി അടച്ചുപൂട്ടേണ്ടി വന്ന ഗതികേട് ഇന്നത്തെ എൽ.ഡി.എഫ്. സർക്കാരിനില്ലെന്ന് തിരിച്ചറിയുന്നത് നന്നായിരിക്കും. സാമ്പത്തിക പ്രതിസന്ധി എങ്ങനെയാണുണ്ടായത്; അത് വളരെ വ്യക്തമാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിതന്നെ അവരുടെ രാഷ്ട്രീയ പാർട്ടി ഭരിക്കാത്ത എല്ലാ സംസ്ഥാനങ്ങൾക്കും നൽകുന്ന ധനകാര്യ കമ്മീഷന്റെ ഗ്രാന്റിലും മറ്റ് കാര്യങ്ങളിലും ഇടപെട്ട് വിഹിതം നൽകേണ്ടതില്ലെന്ന് പറയുമ്പോൾ അവർ

സൃഷ്ടിക്കുന്ന ധനപരമായ പ്രതിസന്ധിയാണ് ഇന്ന് നമ്മുടെ കേരളവും നേരിടുന്നത്. 10-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തത് 3.89 ശതമാനമാണ്. 14-ാം ധനകാര്യ കമ്മീഷൻ അത് 2.5 ശതമാനമാക്കി. 15-ാം ധനകാര്യ കമ്മീഷനിൽ അത് 1.9 ശതമാനമാണ്. ഇങ്ങനെ വെട്ടിക്കുറയ്ക്കുമ്പോൾ 18 എം.പി.-മാർ, പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുത്തുവിട്ട യു.ഡി.എഫ്.-ന് അവിടെ ഏതെങ്കിലും തരത്തിൽ പ്രതിഷേധിക്കാൻ കഴിഞ്ഞോ; ഏറ്റവും അവസാനമാണ് ശ്രീ. ടി. എൻ. പ്രതാപൻ ഒരു അപേക്ഷ എഴുതിക്കൊടുത്തുയെന്ന് പത്രങ്ങളിൽ വായിക്കാനിടയായത്. കേരളം സാമ്പത്തിക ഞെരുക്കത്താൽ ജനങ്ങൾക്ക് നൽകുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളില്ലാതാകട്ടേയെന്നാണ് നിങ്ങൾ ധരിക്കുന്നതെങ്കിൽ അതിനെ അതിജീവിക്കാൻ കഴിയും എന്ന് ചരിത്രം രേഖപ്പെടുത്താൻ പോകുകയാണ്. ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ ഭാഗമായി, വെട്ടിക്കുറവിന്റെ ഭാഗമായി, 18,000 കോടി രൂപയാണ് നഷ്ടം. ജി.എസ്.ടി. നഷ്ടപരിഹാരമായി 12,000 കോടി രൂപയാണ് നഷ്ടം. 2022-ൽ സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം കൊടുക്കുന്നത് അവസാനിപ്പിച്ചപ്പോഴും നഷ്ടപരിഹാരത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് പിരിച്ചെടുക്കുന്നത് 2026

വരെ തുടരാൻ തന്നെയാണ് അവർ തീരുമാനിച്ചിരിക്കുന്നത്. റവന്യൂ കമ്മി ഗ്രാന്റിൽ 8,400 കോടി രൂപയും വായ്പ അനുമതി നിഷേധിച്ചതിൽ 19,000 കോടി രൂപയും നഷ്ടമാണ്. 57,400 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റിൽ 332 കോടി രൂപ കഴിഞ്ഞ നവംബർ മാസത്തിലാണ് വെട്ടിക്കുറച്ചത്. ഇങ്ങനെ വെട്ടിക്കുറച്ച് ഈ കേരളത്തെ സാമ്പത്തിക ഞെരുക്കത്തിലൂടെ കൊണ്ടെത്തിക്കാമെന്നാണ് അവർ ഇപ്പോഴും ധരിച്ചിരിക്കുന്നത്. ചില പത്രങ്ങൾ സൂചിപ്പിക്കുന്നത് അമ്പതിനായിരം കോടി രൂപയുടെ ബാദ്ധ്യതയുണ്ടെന്നാണ്. യു.ജി.സി. ശമ്പള സ്കെയിലിൽ കേന്ദ്രഗവൺമെന്റ് നൽകാനുള്ള 750.93 കോടി രൂപയും ആരോഗ്യരംഗത്ത് ഗ്രാന്റിനത്തിൽ 174.6 കോടി രൂപയും സാമൂഹ്യക്ഷേമ പെൻഷനിൽ മാത്രം കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം 1100 കോടി രൂപയുമുണ്ട്. മില്ല്യൻ പ്ലസ് സിറ്റി ഗ്രാന്റ് 51.6 കോടി രൂപ, നെല്ല് സംഭരണത്തിൽ 1100 കോടി രൂപ, മൂലധന നിക്ഷേപം പ്രത്യേക സഹായമായി ലഭിക്കേണ്ടത് 1925 കോടി രൂപയുമാണ്. സംസ്ഥാനത്തിന് മൊത്തം ലഭിക്കേണ്ടത് 61624.87 കോടി രൂപയാണ്. നമ്മുടെ സംസ്ഥാനത്തിന് അവകാശപ്പെട്ടത് കേന്ദ്രത്തോട് ചോദിക്കുമ്പോൾ എന്തോ

ഔദാര്യം കൊണ്ടാണെന്നാണ് യു.ഡി.എഫ്.-ന്റെ ധാരണ. മൂന്നരക്കോടിയോളം വരുന്ന മലയാളികൾക്ക് അവകാശപ്പെട്ട ഈ സമ്പത്ത് നേടിയെടുക്കാൻ നിയമപരമായി നേരിട്ട ഗവൺമെന്റാണ് സഖാവ് പിണറായിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റെന്ന് നിങ്ങൾ മനസ്സിലാക്കണം. കേന്ദ്ര ഗവൺമെന്റിനെതിരെ 8-ാം തീയതി നടക്കുന്ന സമരത്തിൽ ഞങ്ങളില്ല, എന്താ നിങ്ങൾക്ക് മുട്ട് വിറയ്ക്കുന്നുണ്ടോ, കവാത്ത് മറക്കുകയാണോ നിങ്ങൾ, ആ സമരത്തിൽ നിങ്ങളും പങ്കാളികളാവണം. അവിടെ പതിനെട്ട് എം.പി.-മാരുണ്ടല്ലോ, അവരെ പങ്കെടുപ്പിക്കാൻ കഴിയണം. കേന്ദ്രത്തിന്റെ കടം, അതിവിടെ ഒരാൾപോലും സൂചിപ്പിച്ചില്ല. മൊത്തം ഉൽപ്പാദനത്തിന്റെ 66.7 ശതമാനമാണ് കടം. കേരളത്തിൽ ജി.ഡി.പി.-യുടെ 37 ശതമാനമാണ്. സംസ്ഥാനങ്ങളുടെ ദേശീയ ശരാശരി 55.8 ശതമാനമാണ്. യഥാർത്ഥത്തിൽ അതിനെക്കാൾ കുറവ് 21.8 ശതമാനമാണ് കേരളത്തിന്റേതെന്ന് മനസ്സിലാക്കണം. കർണ്ണാടകയുടെ കടം 9 ലക്ഷം കോടി രൂപയാണ്. ഗുജറാത്തിൽ 10 ലക്ഷം കോടി രൂപ, നിങ്ങൾ ഭരിച്ച രാജസ്ഥാനിൽ 6 ലക്ഷം കോടി രൂപയാണ് കടം. നിങ്ങൾ ഇട്ടെറിഞ്ഞുപോകുമ്പോൾ കേരളത്തിന്റെ കടം ഒന്നര ലക്ഷം

കോടിയായിരുന്നു. ഏഴുവർഷം കൊണ്ട് അത് മൂന്നുലക്ഷം കോടി രൂപയായിട്ടുണ്ട്. എടുക്കുന്ന കടങ്ങൾ തിരിച്ചടയ്ക്കാൻ സാധിക്കുന്ന സംഖ്യ മാത്രമേ ജി.ഡി.പി.-യുടെ തോതനുസരിച്ച് എടുക്കുന്നുള്ളൂ. ജി.എസ്.ടി. ഒരു രൂപ പിരിച്ചെടുക്കുമ്പോൾ 25 നയാ പൈസയാണ് കേരളത്തിന് ലഭിക്കുന്നത്. കർണ്ണാടകയ്ക്ക് 1 രൂപ 50 പൈസയും യു.പി.-ക്ക് 1 രൂപ 69 പൈസയുമാണ് ലഭിക്കുന്നത്. യു.ഡി.എഫ് അതിനെക്കുറിച്ചൊന്നും ഒരക്ഷരംപോലും സൂചിപ്പിച്ചില്ല. കേന്ദ്ര ബഡ്ജറ്റിന്റെ നാൽപ്പതുശതമാനം കടമെടുപ്പ് കേന്ദ്രത്തിലെടുക്കാം. പക്ഷേ കേരളത്തിന്റെ ബഡ്ജറ്റിൽ മൂന്നുശതമാനം മാത്രമാണ്. ട്രഷറിയിലെ മിച്ചം വച്ചിട്ടുള്ള രൂപപോലും ഏകദേശം 11000 കോടി രൂപപോലും കടത്തിലാണ്. ആ ഗണത്തിലാണ് അവർ പെടുത്തിയിട്ടുള്ളത്. കിഫ്ബി ഫണ്ട്, പെൻഷൻ ഫണ്ട്..., കേരളം വികസിക്കണ്ടേ; ബഡ്ജറ്റിനുപുറത്ത് 62000-ത്തോളം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ, കണ്ണഞ്ചിപ്പിക്കുന്ന രൂപത്തിലാണ് കേരളം പുരോഗതിയിലെത്തുന്നത്. നവകേരള സൃഷ്ടിക്കുവേണ്ടി നടത്തുന്ന പ്രവർത്തനമാണ്. എല്ലാ മണ്ഡലങ്ങളിലുമുണ്ടല്ലോ ആ പ്രവർത്തനങ്ങൾ; യു.ഡി.എഫ്.-ന്റെ ഏതെങ്കിലുമൊരു മണ്ഡലത്തിൽ ഇല്ലായെന്ന് പറയാൻ

നിങ്ങൾക്ക് സാധിക്കുമോ; അതിന് വായ്പയെടുത്താൽ അത് വായ്പ തന്നെയാണ്. പക്ഷേ ബഡ്ജറ്റിനുപുറത്ത് എടുക്കുന്ന വായ്പയാണ്..... കേന്ദ്രധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ കഴിഞ്ഞ ബഡ്ജറ്റിന്റെ മുൻപത്തെ ബഡ്ജറ്റിൽ അഞ്ച് ലക്ഷം കോടി രൂപ കടമെടുത്ത് കിഫ്ബി മാതൃകയിൽ പ്രവർത്തനം നടത്തണമെന്നാണ് സൂചിപ്പിച്ചത്. ഇത് കേരളത്തിന്റെ മാതൃകയാണെന്ന് നിങ്ങൾ അറിയേണ്ടിയിരിക്കുന്നു. ഇവിടെ ധൂർത്തിനെക്കുറിച്ച് ധാരാളം വർത്തമാനങ്ങൾ കേട്ടു. മരിച്ചുപോയ അംഗത്തെക്കുറിച്ച് സൂചിപ്പിക്കാനല്ല, സൂചിപ്പിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് വൺമാൻ ഷോ നടത്തിയതാണല്ലോ; സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയവർക്ക് നാലായിരം രൂപ അനുവദിച്ചുകൊടുത്തില്ലേ; അപ്പോൾത്തന്നെ കൊടുത്തു. ഇവിടെ അത്തരത്തിലുള്ള വൺമാൻ ഷോ ഇല്ല, ഗവൺമെന്റിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയും ഇരുപത് മന്ത്രിമാരും തിരുവനന്തപുരത്തുനിന്നും സാധാരണക്കാരുടെ ഇടയിലേയ്ക്ക് ഇറങ്ങിത്തിരിച്ചപ്പോൾ ലക്ഷക്കണക്കിനുവരുന്ന ആളുകളാണ് അണിനിരന്നത്. അതിൽ അസൂയപ്പെട്ടിട്ടല്ലേ നിങ്ങൾ, എന്താ വിചാരണ

സദസ്സ്….., ആര് ആരെയാണ് വിചാരണ ചെയ്യുത്; ഒഴിഞ്ഞിരിക്കുന്ന കസേരയെ നോക്കി സംസാരിക്കുന്ന പ്രതിപക്ഷ നേതാവിന്റെ ഒരു ചിത്രം ഞാൻ കണ്ടു. ആ ഒഴിഞ്ഞിരിക്കലല്ല ഈ കേരളത്തിലെ ഗവൺമെന്റ്, അവർ നടത്തുന്ന പ്രവർത്തനത്തിന് ജനങ്ങളുടെ പൂർണ്ണമായ പിന്തുണയുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. അന്ന് ഉമ്മൻ ചാണ്ടി സർക്കാർ ധൂർത്തടിക്കാൻ നടത്തിയ പന്തലിനും ചെലവിനുമായി മുപ്പതുകോടി രൂപയാണ് ചെലവായത്. നവകേരള സദസ്സിനുണ്ടോ? അന്ന് ദുരിതാശ്വാസ നിധിയിൽനിന്ന് നൽകിയത് 800 കോടി രൂപ. എന്നാൽ 7600 കോടി രൂപയാണ് ഇരുകൈപോലുമറിയാതെ അവരവരുടെ അക്കൗണ്ടിലേയ്ക്ക് വന്ന് ചികിത്സയ്ക്ക് ലഭിക്കുന്നത്. അതാണ് കേരളത്തിന്റെ അവസ്ഥയെന്ന് പ്രതിപക്ഷം മനസ്സിലാക്കണം. ഞങ്ങൾ കടമെടുക്കുന്നുണ്ട്. അവകാശപ്പെട്ട പണം ചോദിക്കുന്നുണ്ട്, എന്തിനാണ്; പാവപ്പെട്ടവർക്ക് വീടുവച്ച് കൊടുക്കാനാണ്. 1972-ൽ 1000 രൂപ കൊടുക്കുന്നത് നാല് ലക്ഷം രൂപയാക്കി നൽകുന്നു. ആദിവാസി ഊരുകളിൽ ഒന്നേകാൽ ലക്ഷം രൂപ കൊടുക്കുന്നത് ആറ് ലക്ഷം രൂപയായി  നൽകുന്നു. സാമൂഹിക സുരക്ഷാ പെൻഷനും ഇതുപോലെയല്ലേ; അവർ ആകെ കൊടുക്കുന്നത് 150 കോടി രൂപ. ഒരു വർഷം ഞങ്ങൾ

കൊടുക്കുന്നത് ഒമ്പതിനായിരം കോടി രൂപ. അവർ 200 രൂപ 300 രൂപ 100 രൂപ അതുപോലും ബാക്കി വച്ചിരിക്കുന്നു. ഞങ്ങൾക്ക് കൊടുക്കാൻ ബാക്കിയുണ്ട്, ഞങ്ങളത് കൊടുക്കും. കൊടുത്തുതീർക്കുന്നതിനുള്ള സമ്പത്ത്......, തരാതിരിക്കുന്നവർക്കെതിരെയുള്ള പോരാട്ടത്തിലാണ് എൽ.ഡി.എഫ് സർക്കാരെന്ന് നിങ്ങൾ മനസ്സിലാക്കണം. അതുപോലെതന്നെ ആരോഗ്യ രംഗത്ത് സൗജന്യ ചികിത്സ ലഭിക്കുന്നത് ഇന്ത്യയിൽ കേരളത്തിലാണ്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രത്യേകമായി നഗരപ്രദേശങ്ങളിൽ നടപ്പിലാക്കുന്നു. നെല്ല്, നാളികേരം, പച്ചക്കറികൾ എന്നീ കാർഷിക വിളകൾക്കുള്ള സബ്സിഡി, റബ്ബറിന് പ്രത്യേക പാക്കേജ് സൃഷ്ടിക്കുന്നു. വിദ്യാഭ്യാസമേഖലയിൽ പുരോഗതിയും യു.ജി.സി. ഗ്രാന്റിനത്തിൽ മുഴുവൻ അദ്ധ്യാപകർക്കും ശമ്പളം കൊടുത്തുതീർക്കപ്പെടുകയും ചെയ്യുന്നു. കേന്ദ്രസർക്കാർ തരാനുള്ള പണംപോലും തരുന്നില്ല. അത് പറയാൻ യു.ഡി.എഫ്.-ന് നാവ് പൊന്താത്തത്; ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, കേരള സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്നുള്ളത് നമ്മളെല്ലാം

തിരിച്ചറിയുന്ന ഒരു യാഥാർത്ഥ്യമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് കാര്യക്ഷമതയോടെ ഇടപെടണമെന്നുള്ളതാണ്. ഈ പ്രശ്നങ്ങൾക്ക് തൃപ്തികരമായ പരിഹാരമുണ്ടാകണമെന്നുള്ളതാണ് ഈ അടിയന്തര പ്രമേയത്തിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. അതിന് ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയങ്ങൾ പലപ്പോഴായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഇവിടെ വിയോജിപ്പില്ല. കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അർഹതപ്പെട്ട ന്യായമായ പരിഗണന സാമ്പത്തിക രംഗത്ത് തരേണ്ടതാണ്. അത് തരാൻ തയ്യാറാകാത്തതിലുള്ള ശക്തമായ പ്രതിഷേധം പ്രതിപക്ഷം രേഖപ്പെടുത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള പോരാട്ടങ്ങളിൽ ഇന്ത്യയുടെ പാർലമെന്റിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അതിശക്തമായ പോരാട്ടം നടത്തുവാൻ കഴിയുന്നതുതന്നെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കുവേണ്ടിയാണ്. എന്നാൽ കേരളത്തിൽ യോജിച്ചുള്ള ഒരു പോരാട്ടത്തിന് അവസരമുണ്ടാകാതെ പോയത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയുമാണ്. അതിൽ പ്രതിപക്ഷത്തെ കുറ്റം പറയുന്നതിൽ കാര്യമില്ല. ഞങ്ങളുടെ നിലപാടിൽ ഉറച്ചുനിൽക്കുമ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ

ഭരണ പ്രതിസന്ധിയിലേയ്ക്ക് വന്നത് കേരള ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും വീഴ്ചയുമാണെന്ന പ്രശ്നമാണ് ഞങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ധനകാര്യ മാനേജ്മെന്റിന്റെ കാര്യത്തിൽ കഴിഞ്ഞപ്രാവശ്യത്തെ ബഡ്ജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 5000 കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശമാണ് കേരളത്തിലെ പാവങ്ങളുടെമേൽ അടിച്ചേൽപ്പിച്ചത്. ഇത് ശരിയല്ല, പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടതാണ് ഗവൺമെന്റ് കേട്ടില്ല. പക്ഷേ കേരളം രക്ഷപ്പെട്ടോ; ഗവൺമെന്റ് രക്ഷപ്പെട്ടോ; രക്ഷപ്പെട്ടിട്ടില്ല. ജനങ്ങൾ കഷ്ടപ്പെടുകയും ദുരിതമനുഭവിക്കുകയും ചെയ്യുന്നു. ഇവിടെ പാവപ്പെട്ട ആളുകളുടെ പെൻഷൻ കൊടുക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന 'കാരുണ്യ' പദ്ധതി ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്. മരുന്നിന്റെ വലിയ ക്ഷാമം അനുഭവപ്പെടുന്ന കാര്യങ്ങൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. കാർഷിക മേഖല തകർന്ന് തരിപ്പണമായി, കൃഷിക്കാർക്ക് രക്ഷയില്ലാത്ത അവസ്ഥ, റോഡ് നന്നാക്കാൻ പണമില്ലാത്തതിന്റെ പേരിലുള്ള ഗുരുതരമായ പ്രശ്നങ്ങൾ, കേരളത്തിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കുന്ന കാര്യത്തിൽ പണം കൊടുക്കാത്ത സാഹചര്യം തുടങ്ങി എല്ലാരംഗത്തും പ്രതിസന്ധി നിലനിൽക്കുകയാണ്. ഈ

പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരേണ്ട സമയത്ത് അനാവശ്യമായ പണം ചെലവഴിച്ചുകൊണ്ട് ധൂർത്തും മറ്റുകാര്യങ്ങളും നടത്തുന്നുവെന്നുള്ളതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇത് അവസാനിപ്പിക്കണം. പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. ഈ ധനകാര്യമാനേജ്മെന്റ് പരിപൂർണ്ണമായും പരാജയപ്പെട്ടതിലുള്ള പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ ഇടയായതുകൊണ്ട് യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന്റെ ഇത്തരം കാര്യങ്ങളോടുള്ള സമീപനവും തനിനിറവും എന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാക്കാനുള്ള അവസരമുണ്ടായി എന്നാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെപ്പറയുന്നത് കേരളം വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്, എല്ലാം സ്തംഭിക്കാൻ പോകുകയാണെന്നൊക്കെയാണ്. അതൊരു ദിവാസ്വപ്നമാണ്. ട്രഷറി പൂട്ടും ശമ്പളം മുടങ്ങും എന്നൊക്കെ പ്രതീക്ഷിക്കുകയും പ്രസംഗിച്ച് നടക്കുകയും ചെയ്തതല്ലേ? ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് കയ്യിൽ അഞ്ച് നയാപൈസയില്ലെന്ന വാചകം പിന്നീട് മിമിക്രി കലാകാരന്മാരുടെ സുപ്രധാന വിഷയമായി മാറിയിട്ടുണ്ട്.

അന്ന് നാട്ടിൽ നിയമന നിരോധനമുണ്ടായി, ട്രഷറി പൂട്ടി. ആ നിലയിൽ ഒരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഇപ്പോൾ കേരളം പോകുന്നില്ലെന്നതാണ് കാണേണ്ടത്. ഇവിടെ ഒരു വികസന പ്രവർത്തനങ്ങളും മുടങ്ങിയിട്ടില്ല. ക്ഷേമ പെൻഷൻ നിങ്ങളുടെ കാലത്ത് എത്രയാണ് നൽകിയിരുന്നത്. 34 ലക്ഷം കുടുംബങ്ങൾക്കാണ് നിങ്ങളുടെ കാലത്ത് 600 രൂപ വച്ച് നല്കിയിരുന്നത്. ഇപ്പോൾ 64 ലക്ഷം കുടുംബങ്ങൾക്ക് 1600 രൂപ ക്ഷേമ പെൻഷൻ നല്കുന്നുണ്ട്. രണ്ടുമാസത്തെ കുടിശ്ശിക നല്കാനുണ്ട്. പക്ഷേ, പെൻഷൻ കൊടുക്കാതിരിക്കുന്നില്ല. നിങ്ങൾ 18 മാസമാണ് കുടിശ്ശിക വരുത്തിയത്. അതുസംബന്ധിച്ചൊരു കണക്കും ഉത്തരവുമെല്ലാമെടുത്ത് കൊണ്ടുനടക്കുന്നുണ്ട്. 2014-ൽ 4 മാസവും 2015-ൽ ഒരു വർഷവും 2016-ൽ രണ്ട് മാസവുമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കുടിശ്ശിക വരുത്തിയത്. ആ ഒരു പ്രതിസന്ധി ഇന്ന് കേരളം അനുഭവിക്കുന്നില്ല. ഇന്ന് നിങ്ങളിൽ ചിലയാളുകളെല്ലാം ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുകയും അവസാനമത് ബി.ജെ.പി. ഏറ്റെടുക്കുകയും ചെയ്യുന്നതാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ യാഥാർത്ഥ്യങ്ങൾ കാണാതെ മുന്നോട്ടുപോകരുത്. അതുകൂടാതെ ലൈഫിന്റെ കാര്യമെടുത്താൽ 4 ലക്ഷം

ആളുകൾക്ക് വീട് വച്ച് നല്കിയ സംസ്ഥാനമാണ് കേരളം. ഇപ്പോൾ അതിന് ചില പ്രയാസങ്ങളുണ്ടെന്നാണ്..... എല്ലാ ഭവനനിർമ്മാണ പദ്ധതികളെയും ഏകീകരിച്ചുകൊണ്ടാണ് ലൈഫ് തുടങ്ങിയത്. പി.എം.എ.വെ. സ്കീമിൽ 72000 രൂപ ലൈഫ് ഭവന പദ്ധതിയിൽ കേന്ദ്ര വിഹിതമുണ്ടായിരുന്നു. അത് ഇവിടെ വീടിനായി സെലക്ട് ചെയ്യുന്ന മുഴുവനാളുകൾക്കും ലഭിക്കുന്നതല്ല. പക്ഷേ അതിപ്പോൾ നിർത്തലാക്കി. അത് നിർത്തലാക്കാനുള്ള കാരണമെന്താണ്? നാല് ലക്ഷവും, എസ്.ടി. വിഭാഗമാണെങ്കിൽ ആറ് ലക്ഷം രൂപ മുടക്കി വീട് വച്ച് നല്കുന്ന ലൈഫ് വീടിന്റെ പൂമുഖത്ത് ശ്രീ. നരേന്ദ്ര മോഡിയുടെ വലിയ ഫോട്ടോയും വച്ച് കേന്ദ്ര ഗവൺമെന്റിനെ ബ്രാൻഡ് ചെയ്യുന്നില്ല. അതുകൊണ്ടാണ് ഇത് മുടക്കിയിരിക്കുന്നത്. നിങ്ങളുടെ പ്രതിഷേധത്തിൽ സാമ്പത്തിക പ്രയാസങ്ങൾ വിലയിരുത്തുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാട് തെറ്റാണെന്ന് ഇവിടെയും പാർലമെന്റിലും എവിടെയും പറയുന്നില്ല. നിങ്ങളുടെ പ്രമേയത്തിലും ശ്രീ. റോജി എം. ജോൺ പ്രസംഗിക്കുമ്പോഴും ഡിവിസിബിൾ പൂളിൽനിന്ന് കുറച്ച് തുക ലഭിക്കാനുണ്ടെന്ന് സമ്മതിക്കാനുള്ള സന്മനസ് കാണിച്ചു, അത് ഡോ. മാത്യു കുഴൽനാടനിലേയ്ക്കെത്തുമ്പോൾ അതും പറയുന്നില്ല. ഇവിടെ നമുക്ക്

നഷ്ടപരിഹാരം ലഭിക്കേണ്ട ആവശ്യമേയില്ല എന്നല്ലേ പറയുന്നത്. കോമ്പൻസേഷൻ കാലാവധി ദീർഘിപ്പിക്കണമെന്ന് കേരളം മുന്നിൽനിന്ന് പറയുകയും കോൺഗ്രസ് ഭരിക്കുന്ന പ്രതിപക്ഷ സംസ്ഥാനങ്ങളുൾപ്പെടെ ആ ആവശ്യം ഉന്നയിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്; ഓരോ സംസ്ഥാനത്തിനും കോവിഡ്-19-ഉം അതുപോലെയുള്ള ദുരന്തങ്ങളും ഏല്പിച്ച വലിയ സാമ്പത്തിക നഷ്ടമുണ്ട്. നികുതി പിരിച്ച് മുഴുവൻ എടുക്കുന്നത് കേന്ദ്രമാണ്. അതുകൊണ്ടാണ് നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം പ്രതിപക്ഷ സംസ്ഥാനങ്ങളാകെ ഒരുപക്ഷേ ഭരണ പക്ഷത്തോട് അനുകൂലിക്കുന്ന സംസ്ഥാനങ്ങളുൾപ്പെടെ ആവശ്യമുന്നയിക്കുന്നത്. ഇനി നമുക്ക് കേന്ദ്രം ഒന്നും തരാനേയില്ലെന്ന വാദത്തിലേക്കാണ് ഡോ. മാത്യു കുഴൽനാടൻ പോകുന്നത്. നിങ്ങൾ ആർക്കുവേണ്ടി.... ഓരോതലത്തിലും നമുക്ക് ലഭിക്കേണ്ട വിഹിതം ഈ രൂപത്തിൽ വെട്ടിക്കുറച്ച് മുന്നോട്ട് പോകുമ്പോൾ ഞാൻ ചോദിക്കട്ടെ; പ്രതിപക്ഷം ഈ കേരളം ഭരിച്ച പാർട്ടിയല്ലേ, ഇനിയും ഭരിക്കാൻ മോഹിക്കുന്നവരല്ലേ; നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ ജനജീവിതത്തെ ബാധിക്കുന്ന തരത്തിൽ കേന്ദ്രം ഇത്തരത്തിൽ ഒരു സമീപനം സ്വീകരിക്കുമ്പോൾ... ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടി അക്കാര്യം തുറന്ന് പറഞ്ഞു, തെരഞ്ഞെടുപ്പ് വരുന്നതുകൊണ്ട് നിങ്ങളുമായി ഒരു സമരം ചെയ്യാൻ ഞങ്ങൾക്ക് കഴിയില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നല്ല മനസ്സുകൊണ്ട് പറഞ്ഞതായിരിക്കാം. പക്ഷേ, കോൺഗ്രസ് ആ മനസ്സിൽ അല്ലല്ലോ നില്ക്കുന്നത്; ഇന്ത്യയിൽ വളർന്നുവരുന്ന വർഗ്ഗീയ ശക്തികളായി മാറുന്ന ഹിന്ദുത്വരാഷ്ട്രമായി ഇന്ത്യയെ കൊണ്ടുപോകാൻ പരിശ്രമിക്കുന്ന ബി.ജെ.പി.-യ്ക്കെതിരായി ബി.ജെ.പി. വിരുദ്ധ വോട്ടുകളാകെ സമാഹരിക്കാൻ ലഭിക്കുന്നൊരു അവസരം, ബി.ജെ.പി.-യെ തുറന്ന് കാണിക്കാൻ സാധിക്കുന്ന അവസരം, ഇന്ത്യയിലെ ജനങ്ങളാകെ ബി.ജെ.പി.-ക്ക് എതിരാണെന്ന് ബോദ്ധ്യപ്പെടുത്താൻ ലഭിക്കുന്ന അവസരം... അത്തരം അവസരത്തിലൊന്നും ഇവിടത്തെ അധികാര കൊതിമൂത്ത പ്രതിപക്ഷത്തിന്റെ ബുദ്ധിയിൽ അങ്ങനെയൊരു മുദ്രാവാക്യമോ ചിന്തയോ വരുന്നില്ല. ബി.ജെ.പി.-യും നിങ്ങളും ഇടതുപക്ഷത്തെ തകർക്കാൻ ഒന്നിച്ച് നില്ക്കുകയല്ലേ; അത് ഈ നാടിന് ഗുണം ചെയ്യുന്നതാണോ? ഒന്ന് ഇരുത്തി ചിന്തിക്കണം. അതുകൊണ്ടാണ് നിങ്ങൾ ബഹിഷ്കരിക്കുന്ന പല പ്രവർത്തനങ്ങളിലും ഈ നാട്ടിലെ സാധാരണക്കാരായ യു.ഡി.എഫ്. പ്രവർത്തകർ സഹകരിക്കുന്നത്. നിങ്ങൾ പറയുന്നത്

കേരളത്തെ മുഴുവൻ സ്തംഭിപ്പിക്കണമെന്നാണോ? വികസനം വേണ്ട, കേരളത്തിന്റെ നേട്ടങ്ങൾ മുന്നോട്ടുകൊണ്ടുവരേണ്ട, കേരളത്തിൽ സംരംഭകരെ കൊണ്ടുവരേണ്ട, ആകെ സ്തംഭിപ്പിച്ച് നിർത്തണം. അതിനുവേണ്ടി കേന്ദ്രം ഒരു സാമ്പത്തിക പ്രയാസമുണ്ടാക്കിയിരിക്കുന്നു. കേന്ദ്രം നമുക്ക് തരാനുള്ളത് തരുന്നില്ല. അതിൽ ആഹ്ലാദം കൊള്ളുന്നൊരു മനസ്സുമായി കേരളത്തിൽ പ്രതിപക്ഷം നില്ക്കുകയാണ്. നിങ്ങൾ ഈ സമീപനം തിരുത്തിയില്ലെങ്കിൽ ഒരു സംശയവും വേണ്ട കേരളത്തിലെ പ്രബുദ്ധരായ യു.ഡി.എഫ്.-ൽ അനുഭാവം പുലർത്തുന്നയാളുകൾപോലും എല്ലാകാലത്തും നിങ്ങൾക്കൊപ്പം നിൽക്കുമെന്ന് കരുതേണ്ട അത് നവകേരള സദസ്സിലും കേരളീയത്തിലും നമ്മൾ കണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, നവകേരള സദസ്സിൽ യു.ഡി.എഫ്. ബഹിഷ്ക്കരിച്ച് നിന്നുവെങ്കിലും നിങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ വോട്ട് ചെയ്ത നിങ്ങളോടൊപ്പം ചേർന്ന് നില്ക്കുന്ന ഒരുപാട് സാധാരണക്കാർ ആ നവകേരള സദസ്സിലേക്ക് വന്നിട്ടുണ്ട്. ഞങ്ങളുടെ സമീപനത്തിൽ ആ ഒരു വ്യത്യാസമുണ്ട്. ഉമ്മൻചാണ്ടിയുടെ കാലത്ത് ശ്രീ. കെ. ബാബു (നെന്മാറ) ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇന്നത്തെ നവകേരള സദസ്സിൽ അന്നെടുത്ത

സമീപനമല്ല. പരാതികൾ ജനങ്ങളിൽനിന്നും സ്വീകരിക്കുന്നുണ്ട്, സ്വാഭാവികമായും ജനങ്ങൾക്ക് പരാതിയുണ്ടാകും. ആ സ്വീകരിക്കുന്ന പരാതിയെല്ലാം സോർട്ട് ചെയ്ത് പരിഹരിക്കാൻ കഴിയുന്നവ, ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നവ അതിലിടപെട്ട് പരിഹരിച്ചുകൊണ്ടേയിരിക്കുകയാണ്. ഏതൊരു പരാതിക്കും പരിഹാരം കാണും. പരാതികൾ പലതരത്തിൽ വരുമല്ലോ; നിയമപരമായി പരിഹരിക്കാൻ കഴിയുന്നത്, ഗവൺമെന്റ് ഇടപെട്ട് പരിഹരിക്കാൻ കഴിയുന്നത് അതൊക്കെയല്ലേ പരിഹരിക്കാൻ കഴിയൂ. ആ പ്രായോഗിക സമീപനം തന്നെയാണ് ഇപ്പോഴും എടുക്കുന്നത്. ധൂർത്തിന്റെ കാര്യം പറയുകയാണ്. ഭരണ നിർവ്വഹണത്തിൽ അനിവാര്യമായ കാര്യങ്ങൾ ഒഴിവാക്കാൻ കഴിയുമോ? ക്ലിഫ് ഹൗസിൽ കർട്ടൻ വാങ്ങുന്നത് ആദ്യമായാണോ; അവിടെ നീന്തൽ കുളം ഉണ്ടായിട്ടില്ലേ, പശുക്കളെ വളർത്തുന്ന മന്ത്രിമാർ ഉണ്ടായിട്ടില്ലേ, ഇതൊക്കെ ആദ്യമായി കേരളത്തിൽ സംഭവിക്കുന്നതാണോ; അല്ലെങ്കിൽ കർട്ടൻ വാങ്ങുന്നത് മന്ത്രിമാരുടെ കുടുംബാംഗങ്ങളാണോ? അതിനെല്ലാം ഒരു നിയമ വ്യവസ്ഥയുണ്ട്. കേരളത്തിൽ നമ്മുടെ പ്രതിപക്ഷ നേതാവിന് ക്യാബിനറ്റ് പദവിയുണ്ടല്ലോ;

അദ്ദേഹത്തിന് ഓഫീസും സ്റ്റാഫും ചെലവുമുണ്ടല്ലോ എവിടെയെങ്കിലും വെട്ടിക്കുറവ് നടത്തിയിട്ടുണ്ടോ? നിങ്ങൾ അങ്ങനെ ധൂർത്തിൽ വലിയ പ്രതിഷേധമുള്ളവരാണ്, സാമ്പത്തിക പ്രയാസത്തിൽ ദുഖിക്കുന്നവരാണ്. അതിനാൽ ഞങ്ങൾ മാതൃക കാണിക്കുന്നു. അങ്ങനെ ചെയ്തിട്ടുണ്ടോ? ഞങ്ങൾ ആക്ഷേപിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അത് വേണ്ടിവരും അനിവാര്യമായ ഭരണനിർവ്വഹണ ചെലവുകളെ അത്ര ചെറുതായി കാണരുത്. നിങ്ങളുടെ പ്രചാര വേലകൾ മുഴുവൻ ആ രൂപത്തിൽ മാറിയിരിക്കുന്നത് കേരളത്തിലെന്നതാണ് പരിതാപകരം. വലിയ അപകടമാണ് കേരളത്തിന്മേൽ നിങ്ങൾ വലിച്ചിഴയ്ക്കുന്നതെന്ന് കാണണം. ബി.ജെ.പി. ബഹുമാനപ്പെട്ട ഗവർണ്ണറെപ്പോലും ആയുധമാക്കുകയല്ലേ? രാഷ്ട്രീയമായി, സാമ്പത്തികമായി എല്ലാം പ്രതിസന്ധിയിൽ നിർത്തിക്കൊണ്ട് കേരളത്തെ തകർക്കുന്നതിന് പിന്നിൽ എന്താണ്? അവർക്ക് ഇടതുപക്ഷത്തെ കണ്ണിനുനേരെ കണ്ടുകൂടാ ഇടതുപക്ഷത്തെ തകർക്കണം. ബംഗാളിലും ത്രിപുരയിലും നടന്നു, ഇനി കേരളത്തിൽ മാത്രമാണ് അവശേഷിക്കുന്നത്. നിങ്ങളും കൂട്ട് നില്ക്കുകയാണ്. ഇടതുപക്ഷത്തെ തകർത്താൽ ആഗോളവൽക്കരണ, ഉദാരവൽക്കരണ നയങ്ങൾക്ക് ബദൽ

സംസാരിക്കാൻ ആളില്ലാത്ത അവസ്ഥ ബി.ജെ.പി.-ക്ക് ലഭിക്കും. നിങ്ങളെ വിലയ്ക്കെടുക്കാൻ അവർക്ക് പ്രയാസമില്ല. അതല്ലേ ഇന്ത്യയിൽ കണ്ടുകൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്... സമയം പാലിക്കണം.

ശ്രീ. ഡി. കെ. മുരളി: സർ, സമയം തീർന്നിട്ടില്ല. ഇനിയും ഒമ്പത് സെക്കന്റുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ കുറച്ചുകൂടി രാഷ്ട്രീയ പക്വതയോടുകൂടി കേരളത്തിന്റെ താല്പര്യം ഉയർത്തിപ്പിടിക്കാൻ നിങ്ങൾകൂടി തയ്യാറാകണമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. അല്ലെങ്കിൽ നിങ്ങൾക്കുതന്നെ ഭാവിയിൽ അപകടമുണ്ടാകുന്ന ഒരു രാഷ്ട്രീയ നിലപാടായി മാറുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, വെള്ളത്തിന്റെ വർദ്ധനവിനനുസരിച്ച് ഉയർന്നുനിൽക്കുന്ന തോണിപോലെ കേന്ദ്രത്തിന്റെ കടുംവെട്ടുകൾക്കിടയിലും സംസ്ഥാനത്തിന്റെ തനതുവരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ മുന്നോട്ട് നയിക്കുകയാണ് കേരള സർക്കാർ. നവകേരള സദസ്സിലൂടെ കേരളത്തിലെ ആബാലവൃദ്ധം ജനതയെ ഒന്നിച്ച് അവരുടെ വികാരവിചാരങ്ങളെ മനസ്സിലാക്കാനും അത് പരിഹരിച്ച്

മുന്നോട്ടുപോകാനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളതെന്ന് എല്ലാവർക്കും ബോധ്യമാണ്. എന്നിട്ടുപോലും നവകേരളസദസ്സിനെ വിമർശിക്കാൻ ചില ആളുകൾ തയ്യാറായത് ഏറെ ദുഃഖകരമാണ്. കേന്ദ്രസർക്കാരിന്റെ തുല്യതയില്ലാത്ത ശത്രുതാനടപടി കാരണം വികസന ക്ഷേമപദ്ധതികൾക്ക് പണമില്ലാത്തവിധം കേരളത്തെ പ്രയാസപ്പെടുത്തിയിട്ടും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ നികുതി വരുമാനം ചരിത്രത്തിലില്ലാത്തവിധം വർദ്ധിപ്പിച്ച് കേരളത്തിന്റെ സാമ്പത്തിക നൗക ആടി ഉലയാതെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മുന്നോട്ട് നയിക്കുകയാണ്. എന്ത് തെറ്റിന്റെ പേരിലാണ് കേന്ദ്രം കേരളത്തിൽ അപ്രഖ്യാപിത സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയത്? അക്കാര്യങ്ങൾ ചർച്ച ചെയ്യാൻ പ്രതിപക്ഷം  വിമുഖത കാണിക്കുന്നത് എന്തിനാണെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാജ്യം കോവിഡ് മഹാമാരിയിൽപ്പെട്ട് സർവ്വസ്വവും അടച്ചിട്ടശേഷമുള്ള പ്രഥമ സാമ്പത്തിക വർഷമായ 2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉല്പാദനം 12.1 ശതമാനമായി ഉയർത്തിയതാണോ കേരളം ചെയ്ത തെറ്റ്?  65 ലക്ഷം

ആളുകൾക്ക് 1600 രൂപ വീതം ഏഴ് വർഷംകൊണ്ട് അവരുടെ വീട്ടുവാതിലിൽ എത്തിച്ച് നൽകിയതാണോ കേരളം ചെയ്ത തെറ്റെന്ന് പറയാൻ പ്രതിപക്ഷത്തിന് ബാധ്യതയുണ്ട്. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും സർക്കാർ സ്കൂളുകൾ 4000 കോടി രൂപയോളം ചെലവഴിച്ച് മനോഹരമായ കെട്ടിടങ്ങൾ നിർമ്മിച്ചതാണോ കിഫ്ബിയിലൂടെ ഈ ഗവൺമെന്റ് ചെയ്ത പാതകമെന്ന് പ്രതിപക്ഷം പറയേണ്ടതായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടുപോകുന്നതാണോ ഈ സംസ്ഥാനം ചെയ്ത തെറ്റ്; വർഗ്ഗീയതയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് ഒരു വർഗ്ഗീയവാദിയെയും കേരളത്തിന്റെ മണ്ണിൽ വളരാൻ അനുവദിക്കുകയില്ലെന്ന നിലപാടെടുത്ത ഏറ്റവും നല്ല മതേതര ജനാധിപത്യ ഗവൺമെന്റായി നിലനിൽക്കുന്നതിലാണോ ഈ ഗവൺമെന്റിനെതിരായി പ്രതിപക്ഷം നിലപാടുകൾ സ്വീകരിക്കുന്നതെന്ന് അറിയാൻ താൽപ്പര്യമുണ്ട്. ലോകത്തിന് മാതൃകയായ ലൈഫ് ഭവന പദ്ധതിയിൽ മൂന്നരലക്ഷം മനുഷ്യർക്ക് അന്തിയുറങ്ങാൻ അന്തസ്സുള്ള ഭവനം പണിയാൻ കോടികൾ നൽകിയിട്ടുള്ളത്

ഒരു യാഥാർത്ഥ്യമാണ്. ഇതാണോ കേരളം ചെയ്തിട്ടുള്ള പാതകം; ഇന്ത്യയിൽ കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ ഏറ്റവും കൂടുതൽ പി.എസ്.സി. വഴി തൊഴിൽ നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ പേര് കേരളമെന്നാണ്. ഇതിന്റെ പേരിലാണോ കേന്ദ്രം കേരളത്തെ കഴുത്ത് ഞെരിക്കുന്നതെന്ന് സ്വാഭാവികമായും കേന്ദ്രവും യു.ഡി.എഫ്.-ഉം മറുപടി പറയേണ്ടതായിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ കേരളം ഇന്ത്യയ്ക്ക് മുമ്പിൽ തല ഉയർത്തി ഒന്നാമതായി നിൽക്കുന്നതാണോ കേരളം ചെയ്ത തെറ്റ്; മനുഷ്യന്റെ അന്തസ്സിനെ ബഹുമാനിച്ചുകൊണ്ട് ആയിരക്കണക്കിന് കോടി രൂപ....... മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 7633 കോടി രൂപയാണ് ഈ ഗവൺമെന്റ് പാവപ്പെട്ടവർക്കുവേണ്ടി അനുവദിച്ചുകൊടുത്തിട്ടുള്ളത്. ഇതൊരു തെറ്റായി കാണാൻ കഴിയുമോ; അദ്ധ്യായന വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും യൂണിഫോമും സൗജന്യമായി എത്തിച്ചതാണോ ഈ ഗവൺമെന്റ് ചെയ്ത തെറ്റ്; ശതകോടികൾ ചെലവഴിച്ച് രാജ്യത്തെ റോഡുകളും പാലങ്ങളും മനോഹരമായി പണിയിച്ചതാണോ കിഫ്ബിയിലൂടെ ഈ ഗവൺമെന്റ് ചെയ്ത തെറ്റായി പ്രതിപക്ഷം ഇവിടെ ഉയർത്തിക്കാണിക്കുന്നത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും

ബാധകമല്ലാത്തവിധം ദേശീയപാതയുടെ വികസനത്തിന് 5000 കോടി രൂപ കേരളത്തിൽ ചെലവഴിക്കേണ്ടതായി വന്നു. ഈ തുക നാം കണ്ടെത്തിയത് കിഫ്ബിയിൽ നിന്നാണ്. ആ 5000 കോടി രൂപ സംസ്ഥാനത്തിന്റെ കടബാധ്യതയിലുൾപ്പെടുത്തി കേന്ദ്രം കേരളത്തെ ക്രൂരമായി അപമാനിക്കുകയാണ് ചെയ്യുന്നത്. ഇതിനെതിരെ കേരളത്തിലെ പ്രതിപക്ഷം 'ക, മ' എന്ന് ഉരിയാടുന്നില്ലായെന്നത് അതീവ ദുഃഖകരമാണ്. ഇന്ത്യയിലെ പാർലമെന്റിൽ 18 എം.പി.-മാർ യു.ഡി.എഫ്.-നുണ്ട്. സംസ്ഥാനത്തിനെതിരായി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഇത്തരം നടപടികൾക്കെതിരെ എന്തുകൊണ്ട് പാർലമെന്റിൽ സംസാരിക്കാൻ അവർ തയ്യാറാകുന്നില്ല; കേന്ദ്രം ഭരിക്കുന്ന /ബി.ജെ.പി.-യുടെ മുഖത്തുനോക്കി കേരളത്തോടുള്ള അവഗണനയെക്കുറിച്ച് സംസാരിച്ചുപോയാൽ ഞങ്ങൾക്ക് എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമോയെന്ന ഭയപ്പാടാണോ അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുന്നതെന്ന് നാം സ്വാഭാവികമായും സംശയിക്കേണ്ടതായിട്ടുണ്ട്. കേന്ദ്രത്തിനെതിരെ സമരം ചെയ്യാൻ ഞങ്ങൾ തയ്യാറാണെന്ന് പ്രതിപക്ഷം പലപ്രാവശ്യം മുമ്പ് സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. കേന്ദ്രത്തിനെതിരെ സമരവുമായി ഈ സർക്കാർ

വരുമ്പോൾ എന്തുകൊണ്ടാണ് പ്രതിപക്ഷം സഹകരിക്കാത്തതെന്ന് ഈ നാട്ടിലെ വോട്ടർമാരോട് പറയാനുള്ള ധാർമ്മികമായ പ്രതിബദ്ധത പ്രതിപക്ഷത്തിനുണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ആകെ റവന്യൂ വരുമാനത്തിന്റെ 67 ശതമാനവും സംസ്ഥാനത്തിന്റെ തനത് വരുമാനമാണെന്ന് കേരളത്തിന്റെ വളർച്ച ആഗ്രഹിക്കുന്നവർക്ക് ആഹ്ലാദം പകരുമ്പോൾ യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും ബോധക്ഷയം വരുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. രാജ്യം ഭരിക്കുന്ന ബി.ജെ.പി.-യുടെ സാമ്പത്തികനയങ്ങൾ കോർപ്പറേറ്റുകളുടെ സാമ്പത്തിക താൽപ്പര്യമാണ് സംരക്ഷിക്കുന്നതെന്ന് നിസംശയം പറയാൻ സാധിക്കും. ഷെഡ്യൂൾഡ് ബാങ്കുകളുടെ 58 ശതമാനം വായ്പകളും കോർപ്പറേറ്റുകളുടേതും വൻകിടക്കാരുടേതുമാണെന്ന് കാണാൻ സാധിക്കും. കിട്ടാക്കടത്തിന്റെ 86.4 ശതമാനവും ഇത്തരക്കാരുടേതാണ്. കഴിഞ്ഞ അഞ്ച് കൊല്ലത്തിനിടെ 10 ലക്ഷം കോടിയോളം രൂപയുടെ കോർപ്പറേറ്റ് ലോണുകളാണ് പൊതുമേഖലാ ബാങ്കുകൾ എഴുതി തള്ളിയത്. ഇതിനെതിരെ ശബ്ദമുയർത്താൻ എന്തുകൊണ്ടാണ് പ്രതിപക്ഷത്തിന് സാധിക്കാത്തതെന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ഒരു വശത്ത് വായ്പ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ, ഏതാനും ആയിരങ്ങൾ മാത്രം വായ്പയെടുത്ത ദരിദ്രരായ മനുഷ്യരുടെ ഭൂമിയും കന്നുകാലികളും കർഷികോപകരണങ്ങളും കണ്ടുകിട്ടുമ്പോഴാണ് വൻകിട കോർപ്പറേറ്റുകൾക്ക് കോടികളുടെ ഇളവുകൾ നൽകുന്നത്. ഇത്തരം പിഴച്ച ധനകാര്യ മാനേജ്മെന്റിനായി നിലനിൽക്കുന്ന ബി.ജെ.പി. സർക്കാരിനെതിരെ നാം ഒന്നിച്ച് സമര രംഗത്തേയ്ക്ക് ഇറങ്ങേണ്ടതുണ്ട്. ഇവിടെ ഭരണ-പ്രതിപക്ഷ വ്യത്യാസം പാടില്ലായെന്ന് സാന്ദർഭികമായി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

"ഒരാൾ തന്റെ പറമ്പിൽ കിളച്ചപ്പോൾ അയാളുടെ തൂമ്പ ഒരു ചെമ്പ് കുടത്തിൽ മുട്ടി. കുടം എടുത്തുനോക്കിയപ്പോൾ അത് ഭദ്രമായി അടച്ചുവച്ചിരിക്കുന്നു. വളരെ പ്രയാസപ്പെട്ട് അയാളത് തുറന്നപ്പോൾ കുടത്തിൽനിന്നും പുക ചുരുളുകളുയർന്നു. കുറേകഴിഞ്ഞപ്പോൾ പുക ചുരുളിൽനിന്നും ഒരു ഭൂതം പ്രത്യക്ഷപ്പെട്ടു. ഭൂതം പറഞ്ഞു, വളരെ നന്ദി, സുഹൃത്തേ, എന്നെ തുറന്നുവിട്ടതിന് പ്രതിഫലമായി ഞാൻ നിങ്ങൾക്ക് രണ്ട്

വരം തരാം. പക്ഷെ നിങ്ങൾക്ക് ലഭിക്കുന്നതിന്റെ ഇരട്ടി നിങ്ങളുടെ അയൽക്കാരന് ലഭിക്കും. കൃഷിക്കാരൻ സന്തോഷത്തോടെ പറഞ്ഞു. എനിക്ക് ഒരു കോടി രൂപ വേണം. ഭൂതം പറഞ്ഞു, ശരി, നിങ്ങൾക്ക് ഒരു കോടി രൂപയും അയൽക്കാരന് രണ്ട് കോടി രൂപയും തരാം. ഇനി രണ്ടാമത്തെ വരം ചോദിച്ചോളൂ. കൃഷിക്കാരൻ പറഞ്ഞു, എന്റെ ഒരു കിഡ്നി പോകട്ടെ;" ഇതാണ് യു.ഡി.എഫ്.-ന്റെ നിലപാട്. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും കടം കാലന് തുല്യമാണ്. മനോവ്യാധിക്ക് മരുന്നില്ല, ചികിത്സിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗവും പ്രതിപക്ഷത്തുള്ള മറ്റംഗങ്ങളും കേന്ദ്രാവഗണനയ്ക്കെതിരായിട്ടോ കേരളം നേടിയെടുക്കേണ്ടുന്ന ന്യായമായ ആവശ്യങ്ങളെക്കുറിച്ചോ ഒന്നുമല്ല ഇവിടെ സംസാരിച്ചത്. ഇന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തോടുകൂടി ബി.ജെ.പി.-യോടുള്ള വിനീതവിധേയത്വം ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്. സംഘപരിവാർ സംഘടനയായിട്ടുള്ള 'സ്വദേശി ജാഗരൺ മഞ്ച് '-ന്റെ സംസ്ഥാന കൺവീനറായിട്ടുള്ള ശ്രീ. രഞ്ജിത്ത് കാർത്തികേയൻ എന്ന ചാർട്ടേർഡ് അക്കൗണ്ടന്റാണ് കേരള സർക്കാരിന്റെ കിഫ്ബിക്കെതിരായി പണ്ട് കോടതിയിൽ പോയത്. ആർ.എസ്.എസ്. മുഖമാസിക,

'ഓർഗനൈസർ'-ൽ പതിവായി എഴുതുന്ന വ്യക്തിയായിട്ടുള്ള അയാൾ അനന്തപുരി ഹിന്ദു സമ്മേളനത്തിന്റെ മുഖ്യ സംഘാടകരിലൊരാളായിരുന്നു. ഇയാൾ നയിക്കുന്ന 'സ്വദേശി ജാഗരൺ മഞ്ച് ' -നുവേണ്ടി കിഫ്ബിക്കെതിരെയുള്ള വക്കാലത്ത് ഏറ്റെടുത്തത് മറ്റാരുമല്ല, സാക്ഷാൽ മൂവാറ്റുപുഴ അംഗമാണ്. കിഫ്ബി മസാല ബോണ്ടിന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്താണ് അന്നദ്ദേഹം ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി വികസന വിസ്മയങ്ങൾ സൃഷ്ടിക്കാൻ കിഫ്ബിയിലൂടെ കഴിഞ്ഞു. എൺപതിനായിരം കോടിയിലധികം രൂപയുടെ വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞ സാഹചര്യത്തിലാണ് ഈയൊരു നിലപാട് സ്വീകരിക്കുന്നത്.

ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ നിങ്ങൾ അംഗീകരിക്കുന്നവരാണ്. അദ്ദേഹം 16-02-2016-ന് ഈ സഭാതലത്തിൽ നൽകിയിട്ടുള്ള ഒരു മറുപടിയുണ്ട്. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ആർ. രാജേഷ്, ശ്രീ. എളമരം കരീം, ശ്രീ. ബാബു എം. പാലിശ്ശേരി എന്നിവർക്ക് നൽകിയ മറുപടിയാണ്. ഭരണഘടന ഉറപ്പാക്കുന്ന ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതകളോരോന്നും കേന്ദ്ര സമീപനത്തിൽ കടുത്ത

വെല്ലുവിളികളെ നേരിടുന്നുണ്ടോ എന്ന ചോദ്യത്തിന് മുൻ മുഖ്യമന്ത്രി നൽകിയ ഉത്തരം ഇതാണ്.

സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ എല്ലാ അധികാരാവകാശങ്ങളും നിറവേറ്റിത്തരുവാൻ കേന്ദ്രസർക്കാരിന് ബാധ്യതയുണ്ട്. ഇത്തരം അവകാശങ്ങൾ ഹനിക്കപ്പെടുന്നതായി ബോദ്ധ്യപ്പെടുമ്പോഴൊക്കെ അതിനെതിരായ ശക്തമായ പ്രതിഷേധം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിക്കുകയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആ കോൺഗ്രസ് അല്ലേ ഇപ്പോഴത്തെ പ്രതിപക്ഷം. എന്തൊരു നാണക്കേടാണ്? പോയ വർഷങ്ങളിൽ നിങ്ങളുടെ നിലപാടെന്താണ്? നിങ്ങളുടെ അഭിപ്രായം അറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. കേന്ദ്ര അവഗണനയായി നികുതി വിഹിതത്തിൽ വൻ കുറവ് വരുത്തി. പത്താം ധനകാര്യ കമ്മീഷൻ 3.8 ശതമാനം അനുവദിച്ചത് പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.9 ശതമാനമാണ് അനുവദിച്ചത്. ഇത് ബഹുമാനപ്പെട്ട പ്രതിപക്ഷം അംഗീകരിക്കുന്നുണ്ടോ? പതിനാലാം ധനകാര്യ കമ്മീഷനിൽനിന്നുണ്ടായ കുറവ് 20564 കോടി രൂപയാണ്. ഇത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? ഗ്രാൻഡ് ഇൻ എയ്ഡിൽ 15000 കോടി രൂപയുടെ

കുറവ് വരുത്തിയത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? കഴിഞ്ഞ വർഷത്തിൽനിന്ന് ഈ വർഷമായപ്പോൾ വന്ന കുറവ് 8425 കോടി രൂപയാണ്. ഇത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം ജി.എസ്.ടി. വന്നതോടെ നഷ്ടപ്പെട്ടു. സംസ്ഥാനത്തിന് വരുന്ന നഷ്ടം നികത്തുമെന്ന് ഉറപ്പ് നൽകിയെങ്കിലും അതും ഉപേക്ഷിക്കപ്പെട്ടുകയാണ് പിന്നീടുണ്ടായത്. വിവിധ പദ്ധതികൾ നടപ്പാക്കാൻ ഏത് സർക്കാരിനും കടമെടുക്കേണ്ടതായി വരും. കേന്ദ്രത്തിന് കടമെടുക്കാൻ പരിധിയില്ല. എന്നാൽ സംസ്ഥാനങ്ങൾക്ക് കേന്ദ്രം പരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ മറ്റ് അംഗങ്ങൾ ഇവിടെ പറഞ്ഞു. കോവിഡ് കാലത്ത് സംസ്ഥാനത്തിന് നിശ്ചയിച്ച പരിധി 5 ശതമാനമായിരുന്നു. ഇപ്പോൾ അത് മൂന്ന് ശതമാനമായി ചുരുക്കുകയാണുണ്ടായത്. കേന്ദ്രത്തിലെ ധനപ്രതിസന്ധിക്ക് മതിയായ കാരണങ്ങളുണ്ടായിരുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാം. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷൻ കേന്ദ്ര നികുതി വിഹിതം നിശ്ചയിച്ചതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനങ്ങളിലെ നികുതി വിഹിതത്തിൽ വന്നിട്ടുള്ള കുറവ്, കേന്ദ്രാവിഷ്കൃത

പദ്ധതികളിലെ ചെലവും ഘടനയുമെല്ലാം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത് തുടങ്ങിയവയെല്ലാമാണ് ന്യായമായിട്ടുള്ള കാര്യങ്ങൾ. എന്തുകൊണ്ടാണ് പ്രതിപക്ഷം ഇത് അംഗീകരിക്കാത്തത്; കർണാടക ഭരിക്കുന്നത് നിങ്ങളല്ലേ? കർണാടക സർക്കാരിന് കേന്ദ്ര നികുതി വിഹിതമുൾപ്പെടെ 1,20,000 കോടിരൂപ നൽകാനുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കർണാടക മുഖ്യമന്ത്രിയും അവിടത്തെ ധനമന്ത്രിയുംകൂടിയായ ശ്രീ. സിദ്ധരാമയ്യ നിരവധി തവണ ഇക്കാര്യം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടും ഇതുവരെയും നടപടിയുണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിനും ഈ പ്രശ്നമുണ്ട്. പൊതുകടത്തിന്റെ കാര്യങ്ങൾ പറയുമ്പോൾ, 2016-ൽനിന്നും 2021 ആയപ്പോൾ തമിഴ്നാട്, ജമ്മുകാശ്മീർ, ഛണ്ഡീഗഡ്, തെലുങ്കാന, രാജസ്ഥാൻ, ആന്ധ്രാപ്രദേശ്, മേഘാലയ, പഞ്ചാബ്, അരുണാചൽപ്രദേശ് എന്നിവയുടെയും കേന്ദ്ര സർക്കാരിന്റെയും പൊതുകടം 10 ശതമാനമോ അതിലധികമോ വർദ്ധിച്ചിട്ടുണ്ട്.

കേരളത്തിന്റെ പൊതുകടം ഭീമമായി വർദ്ധിച്ചുവെന്നാണ് പലരും ബഹളം കൂട്ടുന്നത്. 57,000 കോടിരൂപ ലഭിക്കാനുള്ള സ്ഥാനത്ത് കേവലം

ചില സംഖ്യകളുടെ കണക്കുപറഞ്ഞ് നിങ്ങൾ നവകേരള സദസ്സിനെയും കേരളീയത്തെയും വിമർശിച്ച് അപവാദ പ്രചരണങ്ങളുടെ കൊടുങ്കാറ്റ് അഴിച്ചുവിടുകയാണ്. നിങ്ങളുടെ കാലത്ത് എന്തെല്ലാം ധൂർത്തുണ്ടായി. പഴയ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പരസ്യം കൊടുത്തതിന് ചെലവ് എത്രയായിരുന്നു. 28-06-2016-ൽ 2011-2016 വരെ അധികാരത്തിലിരുന്ന സർക്കാർ ആകെ പരസ്യത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ എന്ന ശ്രീ. ആർ. രാജേഷിന്റെ ചോദ്യത്തിന് ഈ നിയമസഭയിൽ ഒരു മറുപടിയുണ്ടായിരുന്നു. 2011-2016 വരെ അധികാരത്തിലിരുന്ന സർക്കാർ ആകെ 158,00,85,558 രൂപയാണ് പരസ്യയിനത്തിൽ മാത്രം ചെലവഴിച്ചത്.

ഇവിടെ ജനസമ്പർക്ക പരിപാടിയെക്കുറിച്ച് പറഞ്ഞു. ഒന്നാംഘട്ടത്തിൽ മാത്രമാണ് ജനങ്ങളുടെ അടുത്തുനിന്നും പരാതി വാങ്ങിയത്. പിന്നീട് ഓൺലൈനായിരുന്നു. ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയുടെ ചെലവ് 22,79,03,194 രൂപയായിരുന്നു. ഇതൊന്നും നിങ്ങൾ ഓർക്കണ്ടേ? എന്നാൽ അതായിരുന്നോ നവകേരള സദസ്സ്. കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രശ്നങ്ങൾക്ക് പരിഹാരം നേടുന്നതിനാവശ്യമായ

ശക്തമായ ഇടപെടൽ നടത്താൻ കേരളത്തിലെ ഗവൺമെന്റിന് കഴിഞ്ഞു. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി മുഖ്യമന്ത്രിയും മന്ത്രിമാരും നേരിട്ട് ജനങ്ങളിലേയ്ക്കെത്തി അവരുടെ പരാതി സ്വീകരിച്ച് അടിയന്തരമായും സമയബന്ധിതമായും പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ ശക്തമായ ഇടപെടൽ നടത്തി. അസമത്വം കുറഞ്ഞ ഒരു നവകേരളമാണ് ഈ സർക്കാർ വിഭാവനം ചെയ്യുന്നത്. നവകേരളത്തിൽ വർഗീയതയ്ക്ക് ഇടമില്ല. സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും നാടായിരിക്കണം കേരളം. മതനിരപേക്ഷത, വ്യക്തിസ്വാതന്ത്ര്യം, സാമൂഹ്യസുരക്ഷാ തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന തുരുത്തായി ഈ കേരളത്തെ മാറ്റാൻ കഴിയണമെങ്കിൽ കേന്ദ്ര അവഗണനയ്ക്കെതിരെ ശക്തമായ പോരാട്ടം നടത്തേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വിദ്വേഷത്തിനും വെറുപ്പിനും ഇടമില്ലാത്ത നാടായി കേരളത്തെ മാറ്റാൻ കഴിയണം. ഈ മഹത്തായ ആശയങ്ങൾക്കുവേണ്ടിയാണ് കേരളം ഇന്ന് നിലകൊള്ളുന്നത്.

എയിംസ് (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്), ദേശീയപാതാ വികസനം, വിമാനത്താവളങ്ങളുടെ

സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര അവഗണന, റെയിൽവേ വികസനം തുടങ്ങിയ എല്ലാ മേഖലകളിലും കേന്ദ്ര സർക്കാർ വിവേചനം അനുവർത്തിച്ചുവരികയാണ്. കേന്ദ്ര അവഗണന എന്നുപറയുമ്പോൾ, കേന്ദ്രസഹായം ലഭിക്കാൻ പല പദ്ധതികളുടെയും പേര് മാറ്റണമെന്ന് പറയുന്നതിനെപ്പറ്റി നിങ്ങൾ ആലോചിച്ചുനോക്കൂ. ആർ.എസ്.എസ്.-കാരും സംഘികളും പേര് മാറ്റാൻ പെയിന്റ് പാട്ടയുമെടുത്ത് നടക്കുകയാണ്. കോൺഗ്രസിനാണെങ്കിൽ ഇതിനെ എതിർക്കാൻ യാതൊരു നിവൃത്തിയുമില്ല. അങ്ങനെയാണെങ്കിൽ നിങ്ങളുടെ പ്രതികരണശേഷി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പേരിലായിരുന്ന ഡൽഹിയിലെ നെഹ്റു സ്റ്റേഡിയത്തിലെ നെഹ്റുവിന്റെ പേര് തേച്ചുമാച്ച് കളഞ്ഞ് പകരം Prime Minister's Stadium എന്നാക്കി മാറ്റിയപ്പോൾ കാണണമായിരുന്നു. അന്ന് ഇന്ത്യൻ പാർലമെന്റിലെ കോൺഗ്രസ് എം.പി.-മാരും കേരളത്തിലെ കോൺഗ്രസുകാരും എവിടെയായിരുന്നു. ഇന്ന് നാഥുറാം വിനായക് ഗോഡ്സെയുടെ ചിത്രം ഇന്ത്യൻ രാഷ്ട്രപിതാവായ മഹാത്മജിയുടെ ചിത്രത്തിനടുത്താണ് തൂക്കിയത്. ഗാന്ധിജിയെ വെടിവച്ചുകൊന്ന ഗാന്ധിഘാതകന്റെ ചിത്രം പാർലമെന്റ് വേദിയിൽ കെട്ടിത്തൂക്കിയപ്പോൾ

നിങ്ങൾ പ്രതികരിച്ചില്ല. നിങ്ങൾ ആലോചിച്ചു നോക്കു, ആരോഗ്യ കേന്ദ്രങ്ങളുടെ പേര് മാറ്റുന്ന നിബന്ധനകൾ വന്നപ്പോൾ ഒരു കോടിരൂപ മുടക്കുന്ന കേരള ഗവൺമെന്റിന് ഒന്നും തന്നെയില്ല. എന്നാൽ ഈ ബ്രാൻഡുമാർ 5 ലക്ഷംരൂപ മാത്രം മുടക്കുകയും പേര് എഴുതാൻ 3000 രൂപ വീതം നൽകുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. അങ്ങനെ ഓരോ പേര് മാറ്റത്തിനും പുതിയ കാരണങ്ങളുണ്ടാക്കുകയാണ്.

ഈ കാലഘട്ടത്തിൽ കേരളത്തിലെ ഗവൺമെന്റിനെ സംബന്ധിച്ചും കേരളത്തെക്കുറിച്ചും കേരളീയവുമായി ബന്ധപ്പെട്ട് വിശ്വപ്രസിദ്ധനും നോബൽ സമ്മാന ജേതാവുമായ ഡോ. അമർത്യാസെൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു സന്ദേശമയച്ചു. അതിലെ ഒന്നാമത്തെ വാചകം; 'നിങ്ങൾക്ക് ചൈനയെ വെല്ലാൻ കഴിയും'. തുടർവാചകം 'ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും'. അങ്ങനെ ഒരു സന്ദേശം ഡോ. അമർത്യാസെൻ ഇരുപത്തെട്ടോളം സംസ്ഥാനങ്ങളുള്ള (ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രാജ്യം) ഇന്ത്യാ രാജ്യത്തെ പ്രധാനമന്ത്രിക്ക് അയച്ചാൽ ഞങ്ങൾ അത്ഭുതപ്പെടാനില്ല. പക്ഷേ ഈ പ്രബുദ്ധ, ജനാധിപത്യ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് അദ്ദേഹം അയച്ച സന്ദേശം ലോക

സമ്പദ്ഘടനയുടെ കാര്യത്തിൽ വിസ്മയകരമായ മുന്നേറ്റം സൃഷ്ടിക്കുന്ന ജനതയോടൊപ്പം നിൽക്കാൻ കഴിയുന്നുവെന്നുള്ളതാണ്. അക്കാര്യത്തിൽ നിങ്ങൾക്ക് പ്രതികരിക്കാനോ പ്രതിരോധിക്കാനോ കഴിയില്ല.

രാമക്ഷേത്ര ദിനത്തിൽ കോൺഗ്രസിന്റെ ഹിമാചൽ പ്രദേശിലെയും മറ്റ് പലയിടങ്ങളിലെയും നിലപാട് നമ്മൾ കണ്ടതാണ്. ഒരു പഞ്ചായത്ത് ഭരണസമിതിയുമായി ബന്ധപ്പെട്ട് കോൺഗ്രസ്, ബി.ജെ.പി. സഖ്യമുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട വാർത്തയുമായാണ് ഇന്നത്തെ വർത്തമാനപ്പത്രം പടികേറിവന്നത്. അതിനെതിരെ ലീഗ് പ്രതികരിക്കണം. തീർച്ചയായും വരുംനാളുകളിൽ കേന്ദ്രഗവൺമെന്റിനെതിരായ ശക്തമായ സമരത്തിനാണ് നേതൃത്വം നൽകുന്നത്. കേരളീയ സമൂഹത്തിന്റെ കണ്ണുകളിൽനിന്ന് പ്രസരിക്കുന്ന പ്രതിഷേധ ജ്വാലയേറ്റ് കേന്ദ്ര ഗവൺമെന്റിന്റെ അവഗണനാനയം ഭസ്മീകരിക്കപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. ഇവിടെ ജാതിയുടെയോ മതത്തിന്റെയോ ഭാഷയുടെയോ അതിർവരമ്പുകളില്ല. കേരളം ഒറ്റക്കെട്ടായി കേരളത്തിന്റെ പൊതുആവശ്യമെന്നുള്ള നിലയിൽ കേന്ദ്ര അവഗണനയ്ക്കെതിരെ ഡൽഹിയിലാണ് സമരം നടത്തുന്നത്. സമരത്തെ സമ്മേളനമായി

വ്യാഖ്യാനിക്കുകയാണ് പ്രതിപക്ഷം. വിവരമുള്ളവർ ആ സമരത്തിന് എത്തുമെന്ന് പ്രഖ്യാപിച്ചപ്പോൾ എല്ലാവരും വരുമെന്ന് ഉറപ്പായപ്പോൾ അതിലുള്ള ഉത്കണ്ഠയും ആശങ്കയും ഉൾഭയവുമാണ് നിങ്ങളെ ആ പ്രതികരണത്തിനും പരാമർശത്തിനും ഇടയാക്കിയത്. മലയാള മനോരമയ്ക്കും വരുംനാളുകളിൽ ഏറ്റവും ശക്തമായ പ്രതിഷേധം ഉയർന്നുവരും. നിങ്ങളും അതിനോടൊപ്പം പങ്കാളികളാകണമെന്നുമാത്രം അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കേരളം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ധനപ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. ഒരു കുഴപ്പവുമില്ലെന്ന് ഒരു സ്ഥലത്ത് പറയുമ്പോൾ മറുസ്ഥലത്ത്, ഇന്നുതന്നെ ഇവിടെ സംസാരിച്ച ഭരണകക്ഷി അംഗങ്ങൾ പരസ്പരവിരുദ്ധമായി കണക്കുകൾ അവതരിപ്പിക്കുകയും സംസാരിക്കുകയുമാണ് ചെയ്തത്. കേരളത്തിന് ഒരു കുഴപ്പവുമില്ല; എല്ലാം ശരിയായി പൊയ്ക്കൊണ്ടിരിക്കുകയാണെന്ന് ചിലർ പറയുന്നു. എന്താണ് കേരളത്തിന്റെ സ്ഥിതിയെന്ന് മനസ്സിലാക്കാൻ നിങ്ങൾ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കൊടുത്തിരിക്കുന്ന റിട്ട് പെറ്റീഷൻ

വായിച്ചുനോക്കണം. ട്രഷറിയിൽ ഒരു കുഴപ്പവുമില്ലെന്ന് രാവിലെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞെങ്കിലും ട്രഷറി താഴിട്ടുപൂട്ടി താക്കോൽ പോക്കറ്റിലിട്ടുകൊണ്ട് നടക്കുകയാണ് അദ്ദേഹം. ദയനീയമായ സ്ഥിതിയാണുള്ളത്. ലോക്കൽ ബോഡികൾക്ക് ആഗസ്റ്റിൽ കൊടുക്കേണ്ട രണ്ടാം ഗഡു, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങൾക്കുശേഷം ഡിസംബറിൽ മെയിന്റനൻസ് ഗ്രാന്റ് ഒഴിച്ച് കുറച്ച് തുക നൽകി. ട്രഷറിയിൽനിന്നും ഏതെങ്കിലും ബില്ല് മാറിക്കിട്ടുമോ? പഞ്ചായത്തിൽ പുല്ല് വെട്ടിയതിന് കാശുകൊടുക്കാനുള്ള ബില്ല് കൊടുത്താൽ പാസാകില്ല; ഓട നിർമ്മിച്ച ബിൽ ട്രഷറിയിൽ കൊടുത്താൽ പാസാകുമോ; ഒരു ഓട പോലും പണിയാൻ കയ്യിൽ കാശില്ലാത്ത സർക്കാരാണിതെന്ന ബോധ്യം വേണം. കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണം കൊടുക്കാൻ കയ്യിൽ പണമില്ല; ഓരോ വകുപ്പിലെയും സ്ഥിതിയെന്താണ്? സപ്ലൈകോയിൽ മൂന്നുനാല് മാസമായി വിതരണക്കാർ സാധനങ്ങൾ സപ്ലൈ ചെയ്യുന്നില്ല. 6 മാസമായി സപ്ലൈ ചെയ്ത ഇനത്തിൽ ഏകദേശം 1500 കോടിരൂപ അവർക്ക് കൊടുക്കാനുണ്ട്. മാവേലി സ്റ്റോറിൽ അവശ്യ സാധനങ്ങൾ ഒന്നുംതന്നെയില്ല.

ലൈഫ് മിഷൻ പദ്ധതിയിൽ നിങ്ങൾ ഈ വർഷം വകയിരുത്തിയത് 717 കോടിരൂപയും കൊടുത്തത് 18 കോടിരൂപയുമാണ്. ഭവന നിർമ്മാണപദ്ധതിയിൽ ഒന്നുംരണ്ടുംമൂന്നും ഗഡുക്കളില്ല. ഇത് നേരത്തെ ശരിയായ രീതിയിൽ നടന്നിരുന്നതാണ്. പട്ടികജാതിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും ഇടയിൽ നടന്നിരുന്ന പദ്ധതി ഇപ്പോൾ ഒന്നും നടക്കാത്ത സ്ഥിതിയിലേയ്ക്ക് പോകുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 151000 പേരാണ് ഈ വർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്. (മൈക്ക് ഓഫ്)

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങില്ല... അങ്ങ് ഇരിക്കു... ഞാൻ നിയമസഭയിൽ സംസാരിക്കുമ്പോൾ ഒരു ഡോക്യുമെന്റിന്റെയും പിൻബലമില്ലാതെ ഒന്നും സംസാരിക്കില്ല. I will show the records. എന്തെങ്കിലും ഫാക്ച്വൽ ആയിട്ടുള്ള മിസ്റ്റേക്ക് വന്നിട്ടുണ്ടെങ്കിൽ നിയമസഭയോട് ഞാൻ പൊതുമാപ്പ് പറയാം. എന്നോട് അത് ചലഞ്ച് ചെയ്യാൻ വരരുത്. ഞാൻ നോക്കാതെ പറയില്ല. വാദം ജയിക്കാൻവേണ്ടി തെറ്റായ വസ്തുതകൾ ഞാൻ പറയില്ല; നിങ്ങൾ പണം കൊടുത്തിട്ടില്ല.

രണ്ടുംമൂന്നും ഗഡു തുക അനുവദിക്കുന്നതിനുവേണ്ടി പഞ്ചായത്ത് മെമ്പർമാരെ ആളുകൾ വഴിയിൽ തടഞ്ഞുനിർത്തുകയാണ്. പഞ്ചായത്തിലെ വി.ഇ.ഒ.-മാർ ആളുകളെ കാണുമ്പോൾ പുറകിലത്തെ ഡോറിലൂടെ ഇറങ്ങി ഓടുകയാണ്. ഇതൊക്കെയാണ് യാഥാർത്ഥ്യം. പട്ടികജാതിക്കാർക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്നില്ല. ജീവനക്കാർക്ക് 6 ഗഡു ഡി.എ. കുടിശ്ശിക കൊടുക്കാനുണ്ട്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ 6 ഗഡു ഡി.എ. കുടിശ്ശിക ഉണ്ടായിട്ടുണ്ടോ? പെൻഷൻ പരിഷ്കരണ കുടിശ്ശിക കിട്ടാതെ ഒരു ലക്ഷം പെൻഷൻകാരും മരിച്ചുപോയി. ശമ്പളപരിഷ്കരണ കുടിശ്ശിക കൊടുത്തിട്ടില്ല. മുപ്പതിനായിരത്തിനും നാല്പതിനായിരത്തിനും ഇടയ്ക്ക് കോടിക്കണക്കിന് രൂപ ജീവനക്കാർക്കും പെൻഷൻകാർക്കും കൊടുക്കാനുണ്ട്. നിങ്ങൾ ഒരു പേയ്മെന്റും ഒരു സ്ഥലത്തും നടത്തുന്നില്ല. കെ.എസ്.ആർ.ടി.സി., വൈദ്യുതി ബോർഡ് എന്നീ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ പ്രതിസന്ധിയിലാണ്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഏകദേശം പൂട്ടി. എത്ര ക്ഷേമനിധി ബോർഡുകൾ ഈ വർഷം പൂട്ടുമെന്ന് നോക്കേണ്ടിയിരിക്കുന്നു. അത്രയും പരിതാപകരമായ ഒരു ധനപ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം പോകുന്നത്. പതിനാലാം

ധനകാര്യ കമ്മീഷനിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനിലേയ്ക്ക് വന്നപ്പോൾ 2.5-ൽനിന്നും 1.92 ആയി ഡെവല്യൂഷൻ ഓഫ് ടാക്സ് കുറഞ്ഞത് നമ്മൾ സമ്മതിച്ചുവെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ ഞങ്ങൾക്ക് പ്രത്യേകം നന്ദി പ്രകാശിപ്പിച്ചു. ഞങ്ങളുടെ എം.പി.-മാർ കേന്ദ്ര ധനകാര്യമന്ത്രിയെ സന്ദർശിച്ച് മെമ്മോറാണ്ടം കൊടുത്ത വിവരം അങ്ങ് അറിഞ്ഞുകാണില്ല. ഞാൻ നിങ്ങളുടെ കൂടെ ഡൽഹിയിൽ സമരത്തിന് വരാതിരിക്കുന്നതിന്റെ കാരണം കാണിച്ച് മുഖ്യമന്ത്രിക്ക് നൽകിയ കത്തിലും ആ വിഷയം പറഞ്ഞിട്ടുണ്ട്. കോൺഗ്രസ് ദേശവ്യാപകമായി എടുത്ത നിലപാടാണത്. ജനസംഖ്യ കുറഞ്ഞുവെന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ വിഹിതം (devolution of tax) കുറയ്ക്കാൻ പാടില്ലെന്ന നിലപാടാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. അത് സുചിന്തിതമായൊരു നിലപാടാണ്. നിങ്ങൾ ഇപ്പോൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന നരേറ്റീവ് എന്താണ്; കേരളത്തിന്റെ ധനപ്രതിസന്ധിക്ക് മുഴുവൻ കാരണവും കേന്ദ്രത്തിന്റെ അവഗണനയാണ്, നിങ്ങൾക്ക് ഒരു കുഴപ്പവുമില്ല. ഇക്കാര്യം ഞങ്ങൾക്ക് എങ്ങനെയാണ് സമ്മതിച്ചുതരാൻ സാധിക്കുന്നത്; നിങ്ങളുടെ കെടുകാര്യസ്ഥത/മിസ് മാനേജ്മെന്റ് കൊണ്ടാണ് ഈ ധനപ്രതിസന്ധി ഉണ്ടായിരിക്കുന്നതെന്നാണ്

ഞങ്ങൾ ജനങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതല്ലേ ഞങ്ങൾക്ക് പറയാൻ സാധിക്കൂ. ധനപ്രതിസന്ധിക്ക് ധാരാളം കാരണങ്ങളുണ്ടെങ്കിലും അതിലൊന്ന് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ടാക്സിന്റെ കുറവാണ്. അൻപത്തി ഏഴായിരം കോടിരൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ടെന്നാണ് ഇന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അറുപത്തി ഒന്നായിരം കോടിരൂപ ലഭിക്കാനുണ്ടെന്നാണ് മറ്റൊരു എം.എൽ.എ. ഇവിടെ പറഞ്ഞത്. മുപ്പത്തിരണ്ടായിരം കോടിരൂപ ലഭിക്കാനുണ്ടെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ജൂൺ-ജൂലൈ മാസത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ചിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്നത്. അതിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി കോമ്പൻസേഷനും ബോറോയിംഗ് ലിമിറ്റും കഴിഞ്ഞാൽ യഥാർത്ഥത്തിൽ ലഭിക്കേണ്ട തുക എന്നുപറയുന്നത് മൂവായിരത്തി അറുന്നൂറ് കോടിരൂപയാണ്. പിന്നീട് അതിൽനിന്നും അഞ്ഞൂറ് കോടിരൂപ പെൻഷന്റെ തുക ലഭിച്ചു. ധനകാര്യ വകുപ്പുമന്ത്രി ജൂലൈ മാസത്തിൽ പ്രധാനമന്ത്രിക്ക് അയച്ച കത്ത് വായിച്ചാൽ കേന്ദ്രത്തിൽനിന്നും തടഞ്ഞുവച്ചിരിക്കുന്ന പണം മൂവായിരത്തി ഒരുന്നൂറ് കോടിരൂപ മാത്രമാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കേന്ദ്രം അയ്യായിരത്തി

ഒരുനൂറ്റി മുപ്പത്തിരണ്ട് കോടിരൂപ തടഞ്ഞുവച്ചിരിക്കുന്നുവെന്നും അതിൽ കുറച്ച് തുക ലഭിച്ചിട്ടുണ്ടെന്നും പറഞ്ഞ് നവംബർ 28-ാം തീയതി മുൻധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഫെയ്സ് ബുക്കിൽ ഒരു പോസ്റ്റിട്ടിരുന്നു. ഒരാൾ ജൂലൈ മാസത്തിൽ മൂവായിരത്തി ഒരുനൂറ് കോടിരൂപ എന്നും രണ്ടാമത്തെ ആളായ മുൻ ധനകാര്യ വകുപ്പുമന്ത്രി അയ്യായിരത്തി ഒരുനൂറ് കോടി രൂപയാണെന്ന് പറയുന്നു. ഇവിടെ അൻപത്തേഴായിരം കോടി, അറുപത്തി ഒന്നായിരം കോടി രൂപയെന്ന് മറ്റുള്ളവർ പറയുന്നു. ഇതിൽ ഏതാണ് ശരിയായ കണക്കെന്ന് പറഞ്ഞാൽ നന്നായിരുന്നു.

ജി.എസ്.ടി. കോമ്പൻസേഷൻ അഞ്ച് വർഷത്തേയ്ക്കെന്നാണ് ജി.എസ്.ടി. നിയമത്തിൽ പറയുന്നത്. അഞ്ചുവർഷം നമ്മൾ വാങ്ങിയല്ലോ; റവന്യൂ ന്യൂട്രൽ റേറ്റ് (RNR) എന്നുപറയുന്നത് പതിനാല് ശതമാനമാണ്. അതായത് ഒരു സംസ്ഥാനത്തിന് പതിനാല് ശതമാനം നികുതി വർദ്ധനവ്/വളർച്ച ഇല്ലെങ്കിൽ കോമ്പൻസേഷൻ ലഭിക്കുന്നതാണ്. നമുക്ക് അഞ്ച് വർഷവും കോമ്പൻസേഷൻ ലഭിച്ചു. കോവിഡ് വന്നതുമൂലം ഇതിന്റെ കാലാവധി നീട്ടണമെന്നാണ് പറയുന്നത്. മുഖ്യമന്ത്രി എനിക്ക് അയച്ച

കത്തിൽ പറഞ്ഞിരിക്കുന്നത്, 2021-2022, 2022-23 സാമ്പത്തിക വർഷങ്ങളിൽ 20 ശതമാനത്തിലധികം ജി.എസ്.ടി. വളർച്ചാനിരക്ക് കൈവരിച്ചിട്ടുണ്ടെന്നാണ്. 20 ശതമാനം ജി.എസ്.ടി. വളർച്ചാനിരക്ക് കൈവരിച്ചിട്ടുണ്ടെന്ന നിങ്ങളുടെ വാദം സമ്മതിച്ചാൽ ജി.എസ്.ടി. കോമ്പൻസേഷൻ ഇന്ത്യയിൽ കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചാൽ കേരളത്തിന് ലഭിക്കില്ലല്ലോ, എന്ത് കണക്കാണിത്; റവന്യൂ ന്യൂട്രൽ റേറ്റ് പതിനാല് ശതമാനമാണ്. പതിനാല് ശതമാനത്തിന് താഴെ വളർച്ചാ നിരക്ക് ഉണ്ടെങ്കിൽ മാത്രമാണ് കോമ്പൻസേഷൻ ലഭിക്കുന്നത്. 20 ശതമാനം വളർച്ചാനിരക്ക് ഉണ്ടെന്നാണ് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പറയുന്നത്. 20 ശതമാനം എങ്ങനെയാണ് ഉണ്ടായതെന്ന് അറിയാമോ; 2017-18-ൽ മൂന്ന് ശതമാനം മാത്രമാണ് വളർച്ചയുണ്ടായിരുന്നത്. 2019-20 ആയപ്പോൾ അത് -4.9% ആയി. അടുത്ത വർഷം ആയപ്പോൾ അത് -.03% ആയി. കോവിഡ് കഴിഞ്ഞപ്പോൾ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലുണ്ടായ വർദ്ധനവാണിത്. അത് കേരളത്തിന് ലഭിക്കേണ്ട വളർച്ചയാണ്. നോർമൽ കാലഘട്ടത്തിൽ കേരളത്തിന് മുപ്പത് ശതമാനം വളർച്ച ജി.എസ്.ടി.-യിൽനിന്നും

ലഭിക്കേണ്ടതാണ്. -04-ൽനിന്നും 20 ശതമാനം ആക്കിയെന്ന് അവകാശപ്പെടുകയാണ്. ഇപ്പോൾ നിങ്ങളുടെ ഒരു അവകാശവാദവുംകൂടി പൊളിച്ചുതരാം. ഈ വർഷം ഡിസംബർ 31 വരെ നമ്മുടെ വളർച്ചശതമാനം 12 ശതമാനമാണെന്നാണ് ജി.എസ്.ടി. റിപ്പോർട്ടിൽ വളരെ കൃത്യമായി പറഞ്ഞിരിക്കുന്നത്. കേരളത്തെക്കുറിച്ച് പഠിക്കാൻ ഹരിയാനയിൽനിന്നും വരുന്നുണ്ടെന്ന് രാവിലെ ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഹരിയാനയിലെ വളർച്ചാനിരക്ക് 22 ശതമാനമാണ്. ഡിസംബർ 31 വരെയുള്ള തമിഴ്നാടിന്റെ ജി.എസ്.ടി. വളർച്ചാനിരക്ക് 19 ശതമാനവും കേരളത്തിൽ 12 ശതമാനവുമാണ്. ഒരു യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ VAT-ൽനിന്നും GST-യിലേയ്ക്ക് മാറിയപ്പോൾ, we have been demanding for the last five years, ജി.എസ്.ടി.-യുടെ ടാക്സ് അഡ്മിനിസ്ട്രേഷൻ സ്ട്രക്ചർ നിങ്ങൾ മാറ്റണം. നിങ്ങൾ മാറ്റിയോ; ഇന്ത്യ മുഴുവൻ മാതൃകയാണെന്നാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. ഇന്ത്യ മുഴുവൻ മാതൃകയായ ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റത്തിലാണോ ഡിസംബർ 31 വരെ 12 ശതമാനം വളർച്ചയുണ്ടാക്കിയത്. അയൽ സംസ്ഥാനങ്ങളിലെ വളർച്ചാ നിരക്ക് നമ്മളെക്കാൾ വളരെ കൂടുതലാണ്. അതാണോ

കേരളത്തിന്റെ മോഡൽ; ആയിരത്തോളംപേർ ഒരു ജോലിയുമില്ലാതെ ജി.എസ്.ടി. വകുപ്പിൽ വെറുതെയിരിക്കുകയാണ്. ഇതാണോ നിങ്ങളുടെ റീ-സ്ട്രക്ച്ചറിംഗ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയുകയാണ്, ചെക് പോസ്റ്റുകളിൽ ചെക്കിംഗില്ല. ക്യാമറകളൊന്നും വർക്ക് ചെയ്യുന്നില്ല, ഇന്റലിജൻസ് പരാജയപ്പെട്ടു. സർവ്വൈലൻസ് പരിപാടിയില്ല. ഇന്ന് കേരളത്തിൽ ഏത് സാധനവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് നികുതി കൊടുക്കാതെ വിൽക്കാൻ സാധിക്കുന്ന നികുതി വെട്ടിപ്പുകാരുടെ പറുദീസയാണ് കേരളം. കുറെയൊക്കെ സംഭവിക്കുന്നുണ്ടെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കുറെയല്ല, ഭീകരമായിട്ടാണ് കേരളത്തിൽ നികുതി വെട്ടിപ്പ് നടക്കുന്നത്. അത് അന്വേഷിക്കാൻ ആരുമില്ല. ഈ നികുതി വെട്ടിപ്പ്, പുറത്ത് ബ്ലാക്ക് ബിസിനസ്സ് നടക്കുമ്പോൾ വേറെ കുറെപേർ കട തുറന്നിരിക്കുന്നുണ്ട് വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം എന്നിവ കൊടുത്ത് ആളുകളെ ജോലിക്ക് നിയോഗിച്ച് സത്യസന്ധമായി ബിസിനസ്സ് നടത്തുന്ന ടാക്സ് പെയേഴ്സുണ്ട്. അവന്റെ കടയുടെ ഷട്ടർകൂടി നിങ്ങൾ ഇടീക്കും. ഈ ബ്ലാക്ക് ബിസിനസ്സ് കേരളത്തിൽ നടക്കുമ്പോൾ സത്യസന്ധമായി കച്ചവടം നടത്തുന്നവന്റെ കട പൂട്ടിപ്പോകും. അവനാണ്

നമുക്ക് ടാക്സ് നൽകുന്ന നികുതിദായകൻ. നമ്മുടെ ശത്രുവല്ല, മിത്രമാണ്. കേരളത്തിൽ ആ നികുതിദായകന്മാരെല്ലാം വിഷമിക്കുകയാണ്. പതിനെട്ടും ഇരുപത്തിയെട്ടും ശതമാനം ടാക്സുള്ള മെറ്റീരിയൽസ് കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുകയാണ്, B2B (business-to-business). അതായത് അവിടെനിന്നും കച്ചവടക്കാർ സാധനങ്ങൾ വാങ്ങിച്ച് ഇവിടെ കൊണ്ടുവന്ന് കച്ചവടം ചെയ്യുന്നു. B2C ബിസിനസ് (ബിസിനസ്സ് ടു കൺസ്യൂമർ) individuals അയ്യായിരം സ്ക്വയർഫീറ്റ് വീട് നിർമ്മിക്കുന്നതിന് ടാക്സ് കൊടുക്കാതെ ടൈൽസ് വാങ്ങി ഇവിടെ കൊണ്ടുവന്ന് നിർമ്മാണം നടത്തുന്നു. ഇത്രമാത്രം ടാക്സ് വെട്ടിപ്പ് കേരളത്തിന്റെ ചരിത്രത്തിൽ ഒരു കാലത്തും ഉണ്ടായിട്ടില്ല.

ഞങ്ങൾ എത്ര പ്രാവശ്യമായി സ്വർണത്തെക്കുറിച്ച് പറയുന്നു. എന്നാൽ അതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറായോ? സർക്കാരിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് എന്താണ്; 2016-2017-ൽ വാറ്റ് നിയമത്തിന്റെ കാലത്ത് 629 കോടി രൂപയുണ്ടായിരുന്നു. അതുകഴിഞ്ഞ് ജി.എസ്.ടി.-യിലേയ്ക്ക് മാറി കഴിഞ്ഞപ്പോൾ നമുക്ക് ലഭിക്കുന്നത് 560.91 കോടി രൂപയാണ്. 2017-ൽ

ഒരുഗ്രാം സ്വർണത്തിന്റെ വില 2250 രൂപയായിരുന്നു. ഇപ്പോൾ ഒരു ഗ്രാമിന്റെ വില 5500 രൂപയാണ്. സ്വർണത്തിന്റെ വില ഇരട്ടിയായി, അപ്പോൾ ടാക്സും ഇരട്ടിയാകണ്ടേ; 2000 കാലഘട്ടത്തിൽ സ്വർണത്തിന് ഒരു ഗ്രാമിന് 500 രൂപയായിരുന്നു. ഇപ്പോൾ ഒരു ഗ്രാം സ്വർണത്തിന്റെ വില 5500 രൂപയാണ്. സ്വർണ വിലയിൽ 11 ശതമാനം വർദ്ധനവ്. പണിക്കൂലിയും കൂടിയാകുമ്പോൾ ഒരു പവന് 50,000 രൂപയാണ്, അതായത് 12 ശതമാനം വർദ്ധനവുണ്ടായി. എന്നാൽ 500 രൂപ ഗ്രാമിന് വിലയുണ്ടായിരുന്ന കാലത്തെ അതേ നികുതി വരുമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. സ്വർണത്തിൽനിന്നും നികുതി പിരിക്കാൻ നിങ്ങൾ എന്തുചെയ്തു? ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വർണം വിൽക്കുന്ന സ്ഥലം കേരളമാണ്. ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്ന സ്വർണത്തിന്റെ 28 ശതമാനം കേരളത്തിലാണ് വിൽക്കുന്നത്. ഇത്രമാത്രം സ്വർണം ബ്ലാക്ക് കച്ചവടം നടക്കുന്ന ഈ മേഖലയെ നിയന്ത്രിക്കാൻ നിങ്ങൾ ചെറുവിരൽ അനക്കിയോ? നിങ്ങൾ ഒന്നും ചെയ്തില്ല. നിങ്ങൾക്ക് അയ്യായിരം കോടിരൂപ മുതൽ പതിനായിരം കോടിരൂപ വരെ മിനിമം ലഭിക്കുമായിരുന്നു. മറ്റൊരു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കേരളത്തിന് 18000 കോടിരൂപ

ലഭിക്കുമെന്നാണ്. അത്രമാത്രം സ്വർണമാണ് ഇവിടെ വിൽക്കുന്നത്. പിന്നെ എന്താണ് നിങ്ങളുടെ ടാക്സ് അഡ്മിനിസ്ട്രേഷൻ; നിങ്ങളുടെ നികുതി പിരിവ് എന്താണ്? ടാക്സ് കളക്ഷൻ എന്നുപറയുന്നത് ഒരു ഗവൺമെന്റിന്റെ prime duty ആണ്. കാരണം നികുതി പിരിച്ചിട്ടുവേണം ജനക്ഷേമ പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കേണ്ടത്. Mr. Finance Minister, you have miserably failed, താങ്കൾ പരാജയപ്പെട്ടു. താങ്കൾ ഇനിയെങ്കിലും അത് ഇംപ്രൂവ് ചെയ്യാനുള്ള ശ്രമം നടത്തൂ. ഞങ്ങൾ പോസിറ്റീവായിട്ടല്ലേ ഓരോ കാര്യത്തെക്കുറിച്ചും പഠിച്ചത്. ഞാൻ ഈ നിയമസഭയിൽ IGST-യെക്കുറിച്ച് പറഞ്ഞതാണ്. നിങ്ങൾ എല്ലാവർഷവും അയ്യായിരം കോടിരൂപ നഷ്ടപ്പെടുത്തുന്നുണ്ട്. നിങ്ങൾ 25,000 കോടിരൂപ നഷ്ടപ്പെടുത്തുകയാണെന്ന് പറഞ്ഞു. ഇപ്പോൾ 30,000/- കോടി രൂപയാകും. അയ്യായിരം കോടി രൂപയോ എന്ന് ചോദിച്ച് അന്ന് എന്നെ പരിഹസിച്ചു. മൂന്നുമാസം കഴിഞ്ഞപ്പോൾ അത് ശരിവച്ചുകൊണ്ട്, 25,000/- കോടിരൂപ നഷ്ടപ്പെട്ടുവെന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് വന്നില്ലേ? നിങ്ങളുടെ എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ട് എവിടെപ്പോയി; പൂഴ്ത്തിവച്ചിരിക്കുകയാണോ? എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ടിൽ

ഉണ്ടല്ലോ? നിങ്ങളുടെ മീറ്റിംഗിൽ നടന്ന പാനൽ ഡിസ്കഷനിൽ കേരള ബഡ്ജറ്റിനെക്കുറിച്ച് ഇടതുപക്ഷ സഹയാത്രികനായ ഡോ. എം. എ. ഉമ്മൻ സംസാരിച്ചതു കണ്ടല്ലോ? 'One of the expenditure committees had recommended that Rs.25,000 crore were lost because of not following IGST'. IGST-ൽ നിന്നും ഒരൊറ്റ പൈസപോലും കിട്ടാനില്ലെന്ന് വേറൊരു എം.എൽ.എ. ഇവിടെ പ്രസംഗിക്കുകയാണ്. IGST എന്താണെന്ന് പ്രതിപക്ഷത്തിന് അറിയില്ലെന്നാണ് പറയുന്നത്. എക്സിപെൻഡിച്ചർ കമ്മിറ്റിയുടെയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടുകളും നോക്കു. ഞങ്ങൾ പറയുന്നത് വിലയ്ക്കെടുക്കണ്ട. ഞങ്ങൾ ഇതൊക്കെ പോസിറ്റീവായിട്ടല്ലേ പറഞ്ഞത്. ഒരു ഗവൺമെന്റിനെ കറക്ട് ചെയ്യുകയെന്നതല്ലേ പ്രതിപക്ഷത്തിന്റെ ജോലി. നിങ്ങൾ അത് ചെയ്യാതിരുന്നപ്പോൾ അതുചെയ്യണം എന്നല്ലേ ഞങ്ങൾ പറഞ്ഞത്. എത്ര കോടി രൂപയാണ്, കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണത്തിന്റെ കാശും സാമൂഹ്യക്ഷേമ പെൻഷൻ മുഴുവനും കൊടുക്കാമായിരുന്നല്ലോ. എന്തുനടപടിയാണ് നിങ്ങൾ സ്വീകരിച്ചത്? പുറത്തുനിന്നും സാധനങ്ങൾ കൊണ്ടുവരുന്നത് ഇന്റർസ്റ്റേറ്റ് ട്രാൻസ്ഫറാണ്. അവർ ഇവിടെ റിട്ടേൺ കൊടുക്കുന്ന സമയത്ത് അതിന്റെകൂടെ

ഒരു സെപ്പറേറ്റ് ഫോം നമ്മൾ ഫിൽ ചെയ്തുകൊടുത്ത് അക്കൗണ്ട് സബ്മിറ്റ് ചെയ്താൽ സെൻട്രൽ പൂളിൽ കിടക്കുന്ന IGST-യുടെ കേരളത്തിന് ലഭിക്കേണ്ട ഷെയർ ലഭിക്കും. ഇല്ലെങ്കിൽ അവർ ഓരോവർഷം കഴിയുമ്പോഴും ബാക്കിവരുന്ന തുക ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും വീതിച്ചുകൊടുക്കും. അഞ്ചുവർഷമായി ഇത്രവലിയ തുക നഷ്ടപ്പെടുത്തിക്കൊണ്ട് ഇരിക്കുകയായിരുന്നുവെന്ന് ഞങ്ങൾ പറഞ്ഞാൽ അത് തെറ്റാകുന്നതെങ്ങനെയാണ്? ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലത്ത് മുണ്ട് മുറുക്കിയുടക്കണമെന്ന് പറഞ്ഞുവെന്ന് ഇവിടെ പറഞ്ഞു. 2001-ൽ ഞാൻ ആദ്യമായി ഇവിടെ എം.എൽ.എ. ആയി വരുന്ന സമയത്താണ് പറഞ്ഞത്. 1996 മുതൽ 2001 വരെ നായനാർ മുഖ്യമന്ത്രിയും ശിവദാസ മേനോൻ ധനകാര്യ വകുപ്പുമന്ത്രിയുമായിരുന്ന നിങ്ങളുടെയൊരു സർക്കാർ ഉണ്ടായിരുന്നു. ഇത്രയും കുഴപ്പമുണ്ടായിട്ടില്ല. എങ്കിലും അന്ന് ഏകദേശം ഇതിന്റെ അടുത്തെത്തിയിരുന്നു. അപ്പോഴാണ് മുണ്ടുമുറുക്കിയുടുക്കാനും കുറച്ചുനാളത്തേയ്ക്ക് ജീവനക്കാർ സഹിക്കണമെന്നും ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. അന്ന് എന്ത് സമരമായിരുന്നു; ഇപ്പോൾ ജീവനക്കാരോട് എന്താണ് നിങ്ങൾ പറയുന്നത്, 6 ഗഡു ഡി.എ., ലീവ്

സറണ്ടർ, മെഡിസെപ്പ്, നിങ്ങൾക്ക് ജീവനക്കാരോട് എന്തെങ്കിലും പറയാനുണ്ടോ? നിങ്ങൾ ആ വാക്കുകളൊന്നും ഉപയോഗിക്കുന്നില്ലെന്ന് മാത്രമേയുള്ളൂ. ശ്രീ. എ. കെ. ആന്റണി ഏത് സാഹചര്യത്തിലാണ് പറഞ്ഞതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളുടെ കാലത്തെ ഓരോന്നിന്റെയും കണക്ക് കാണിച്ചുതരാം. എല്ലാം കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഇപ്പോൾ പറഞ്ഞല്ലോ. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നൽകിയൊരു മറുപടി പറയാം, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കുടിശ്ശിക - 1128 കോടിരൂപ, കാരുണ്യ ബെനവലന്റ് പദ്ധതി, കുടിശ്ശിക - 189 കോടിരൂപ, ആരോഗ്യ കിരണം, അമ്മയും കുഞ്ഞും പദ്ധതി, സുകൃതം പദ്ധതി തുടങ്ങി പാവപ്പെട്ടവന് കൊടുക്കുന്ന എല്ലാ ഹെൽത്ത് സ്കീമുകളും കുടിശ്ശികയാണ്. അതിനാൽ കാസ്പിന്റെ കാർഡുകളൊന്നും എടുക്കണ്ടെന്ന് സ്വകാര്യ ആശുപത്രികളുടെ മാനേജ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്. കോടികളാണ് അവർക്ക് കൊടുക്കാനുള്ളത്. നിങ്ങൾ കേരളത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്; ഈ തറവാട് നിങ്ങൾ മുടിപ്പിക്കുകയാണോ? ബാറിന്റെ ടാക്സിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞല്ലോ. ബാറിന്റെ എണ്ണവും കൺസംഷനും കൂടുന്നു. ബാറിൽ നിന്നുള്ള

വരുമാനം താഴോട്ടുപോകുന്നു. അതിനുകാരണമെന്താണ്? ഇതു പരിശോധിക്കാൻ നിങ്ങൾ എന്തുസംവിധാനമാണ് ചെയ്തത്. ബിവറേജസ് കോർപ്പറേഷനിൽനിന്നും കുപ്പി വാങ്ങി ബാറിലേയ്ക്ക് കൊണ്ടുപോയി ലൂസായിട്ടല്ലേ അത് വിൽക്കുന്നത്. അവർക്ക് 50/- രൂപ ചെലവാകുന്ന ഒരു പെഗ് 200/- രൂപയ്ക്ക് വിൽക്കുമ്പോൾ 150/- രൂപയാണ് കൂടുതൽ ലഭിക്കുന്നത്. അവരുടെ ടേണോവർ കൂടുകയാണ്. ആ ടേണോവർ കണക്കാക്കാതെ അവർ ഒരു കണക്കുതരികയാണ്. പല ബാറുകളും അതും തരുന്നില്ല. ആ പണം പോലും നിങ്ങൾക്ക് ലഭിക്കുന്നില്ല. ആരാണ് പരിശോധിക്കുന്നത്; എന്ത് പരിശോധനയാണ് നടത്തുന്നത്? ഇവിടെ അക്ഷരാർത്ഥത്തിൽ ജി.എസ്.ടി. അഡ്മിനിസ്ട്രേഷനെന്നുപറയുന്ന ഒരു സംവിധാനമില്ല. ഏറ്റവും കൂടുതൽ സ്പോൺസർഷിപ്പ് പിരിച്ചുനൽകിയതിന് മുഖ്യമന്ത്രി ഒരാൾക്ക് സ്വീകരണം നൽകിയല്ലോ, ജി.എസ്.ടി. അഡീഷണൽ കമ്മീഷണർ (ഇന്റലിജൻസ്)-നെയാണ് സ്പോൺസർഷിപ്പിന് ഏൽപ്പിക്കുന്നത്. നികുതി വെട്ടിപ്പ് തടയുകയെന്നതാണ് ജി.എസ്.ടി. അഡീഷണൽ കമ്മീഷണർ (ഇന്റലിജൻസി)-ന്റെ ജോലി. നികുതി വെട്ടിപ്പ് തടയാൻ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനെക്കൊണ്ട് പണപ്പിരിവ്

നടത്തിയിട്ട് അയാൾക്ക് സമ്മാനം കൊടുക്കാൻ നിങ്ങൾക്കല്ലാതെ വേറെ ആർക്ക് സാധിക്കും?

ഈ സർക്കാർ കേരളത്തെ ഗുരുതരമായ ധനപ്രതിസന്ധിയിലേയ്ക്കും കേരളത്തിലെ സാമൂഹ്യസുരക്ഷ പദ്ധതികളും കേരളത്തിലെ വികസന പദ്ധതികളുമെല്ലാം തകർന്നുപോകുന്ന തരത്തിൽ കേരളത്തെ ഇവർ പിന്നോട്ടുകൊണ്ടുപോകുകയാണ്. ഈ അപകടകരമായ സ്ഥിതി വിശേഷമാണ് ഞങ്ങൾ ഈ നിയമസഭയിൽ കൊണ്ടുവരാൻ ശ്രമിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരളത്തെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ് ഇത്തരമൊരു ചർച്ച ഇവിടെ നടക്കുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായം ഞങ്ങൾ രാവിലെ പറഞ്ഞത്. കേരളത്തെ സംബന്ധിച്ച് നടക്കുന്ന ചർച്ചയിൽ കേരളത്തിന്റെ സാമ്പത്തിക രംഗത്തെ കാര്യങ്ങളെക്കുറിച്ച് കുറ്റപ്പെടുത്തി സംസാരിക്കുകയെന്നത് മാത്രമാണ് പ്രതിപക്ഷം കണ്ടതെങ്കിൽ ഇത് ഇന്ത്യയിലെ രാഷ്ട്രീയ/ഭരണ രംഗത്ത് വളരെ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കാവുന്ന അല്ലെങ്കിൽ ഉണ്ടാക്കുന്ന ഏകദേശം ജനാധിപത്യ സംവിധാനങ്ങളുടെയും ഭരണഘടനാ സ്ഥാപനങ്ങളുടെയും

പ്രവർത്തനങ്ങളുടെ അവസാനത്തിലേയ്ക്കുവരെ കൊണ്ടുവരുന്ന തരത്തിൽ തീരുമാനങ്ങളും പ്രവർത്തനങ്ങളുമായിപ്പോകുന്നു. ഒരു കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളോടും ജനങ്ങളോടും ഇന്ത്യയിലെ സാധാരണ ജനങ്ങളോടും കാണിക്കുന്ന അങ്ങേയറ്റം നിഷേധാത്മകമായ ജനാധിപത്യ വിരുദ്ധമായ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയെന്ന ഉദ്ദേശ്യമാണുള്ളത്. ചെറിയൊരു പരിധിക്ക് അകത്തുനിന്നുകൊണ്ട് പ്രതിപക്ഷവും പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ ഇവിടെപ്പറഞ്ഞകാര്യം കേരളത്തിനകത്തൊരു തെരഞ്ഞെടുപ്പിന് അങ്ങോട്ടുമിങ്ങോട്ടും വാദമുന്നയിക്കുന്ന ലെവലിൽ മാത്രമായിപ്പോയിയെന്നുള്ളത് ദൗർഭാഗ്യകരമായ കാര്യമാണെന്നും അത് അങ്ങേയറ്റം വിഷമകരമാണെന്നും പറയാൻ ആഗ്രഹിക്കുന്നു. പ്രതിപക്ഷ ഉപനേതാവ് ഇവിടെ സത്യം പറഞ്ഞു. അൽപ്പംകൂടി നേരത്തെ ആയിരുന്നുവെങ്കിൽ ഞങ്ങളുംകൂടി സഹകരിക്കുമായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഇപ്പോൾ തെരഞ്ഞെടുപ്പിന്റെ കാഹളം വന്നപ്പോൾ, തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളെയൊക്കെ തീരുമാനിക്കുന്ന സമയമാകുമ്പോൾ ഇനിയിപ്പോൾ അങ്ങനെ ഒരുമിച്ച് സമരത്തിന് പോകുന്നതിൽ കാര്യമുണ്ടോ;

അക്കാര്യത്തിൽ നമുക്ക് അംഗീകാരമുണ്ട്, അക്കാര്യം അംഗീകരിക്കുന്നു. നമ്മുടെ രാജ്യത്ത് സംസ്ഥാനങ്ങളുടെ അവകാശങ്ങൾ തീർത്തും ഇല്ലാതാക്കുന്ന തരത്തിലേയ്ക്ക് എല്ലാ വിധത്തിലും നിയമം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് ഇവിടെ ഉന്നയിച്ച കാര്യം. അത് നമ്മുടെ പോലൊരു അസംബ്ലിയിൽ ചർച്ച ചെയ്യുമ്പോൾ കാണാതിരിക്കേണ്ട കാര്യമാണോ; ഇന്ത്യയിലെ ഇത്തരം അസംബ്ലി/ജനപ്രതിനിധി സഭകളുടെ ആദ്യ തലമുറ സഭകൾ വന്നൊരു സംസ്ഥാനമാണ് ഈ കേരളം. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം സഭകൾ ഇനി ഉണ്ടാകുമോ; തെരഞ്ഞെടുപ്പുകളുടെ രീതി ഇതായിരിക്കുമോ; 'One Nation, One Election' എന്നെല്ലാം പറയുന്ന തരത്തിലേയ്ക്ക് അതിദ്രുതം നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എന്തായിരിക്കും രാജ്യത്തിന്റെ അവസ്ഥയെന്ന കാര്യം ഉൾപ്പെടെ ചർച്ച ചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഫെഡറലിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശമാണ് ഫിസ്കൽ ഫെഡറലിസം എന്നുപറയുന്നത്. ഏതൊരു രാജ്യത്തിന്റെയും നിലനിൽപ്പിന്റെ പ്രധാനപ്പെട്ട കാര്യമാണ് ഫിസ്കൽ ഫെഡറലിസം. ഏത് നാട്ടുവാഴികൾ രാജ്യമുണ്ടാക്കുന്ന കാലത്തും ചെറിയ നാട്ടുരാജ്യങ്ങളുടെ

കാലത്തും അവിടത്തെ നികുതി അവകാശമാണ് ഒന്നാമത്തെ അവകാശം. ആ നികുതി സംരക്ഷണം എന്നുപറയുന്നത് സാമ്പത്തിക രംഗത്തെ സംരക്ഷിക്കാനും അതുവഴി അധികാരം സംരക്ഷിക്കാനുമാണ്. അതിന്റെ ഭാഗമായാണ് പോലീസും പട്ടാളവുമൊക്കെ വരുന്നത്. പുകയില പണ്ടകശാലകളും വഴിയിലെ ചെറിയ ചുങ്കം പിരിവ് സ്ഥലങ്ങളുമുൾപ്പെടെ നാട്ടുരാജ്യങ്ങളുണ്ടായിരുന്ന കാലം മുതൽ പത്തഞ്ഞൂറിലധികം നാട്ടുരാജ്യങ്ങൾ ചേർന്ന് വിവിധ ഭാഷാ സംസ്ഥാനങ്ങളുണ്ടായി അതൊരു രാജ്യമായി വളർന്ന് ഇന്ത്യയെന്ന രാജ്യവും അതിന്റെ ഭാഗമായി ഭരണഘടനയുമുണ്ടായി. അവിടെയുണ്ടായ ആശയങ്ങളെയൊക്കെ വെല്ലുവിളിച്ച് നമ്മുടെ ഭരണഘടനയിലെ സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങളും സംസ്ഥാനങ്ങളുടെ ഏറ്റവും അടിസ്ഥാനപരമായ കാര്യങ്ങളുമെല്ലാം വെല്ലുവിളിക്കപ്പെടുന്ന സമയത്ത് ഇന്ത്യയിലാകെ ഈ പ്രശ്നം ഉന്നയിക്കാൻ ഒരു വേദിയെന്ന നിലയിൽ ഡൽഹിയിലേയ്ക്ക് കേരളത്തിൽനിന്ന് നമ്മൾ പോകുന്നു. ഇവിടെയും അക്കാര്യം ചർച്ച ചെയ്യുന്നുവെന്ന നിലയിലാണ് ഞങ്ങൾ ഇതിനെ കണ്ടത്. ഇവിടത്തെ കണക്കുകൾ സംബന്ധിച്ച കാര്യങ്ങൾ ഇത്രയും ചെറിയ സമയത്തിനകത്ത് ചുരുക്കിപ്പറയാൻ കഴിയില്ല. കേരളം

അങ്ങേയറ്റം ധനകാര്യ പ്രതിസന്ധിയിലാണ്, നിന്നുപോകും എന്നൊരു അവസ്ഥയുണ്ടോ; ഇല്ലെന്നാണ് ഞാനും ഞങ്ങളെല്ലാവരും പറഞ്ഞത്. ധനകാര്യ പ്രതിസന്ധിയാണ്, നിന്നുപോകും കേരളം, വണ്ടി ഓടത്തില്ല, അങ്ങനെയൊരു അവസ്ഥയൊന്നുമല്ല. അങ്ങനെയൊരു അവസ്ഥയല്ലെന്ന് പറയുമ്പോൾ കിട്ടാനുള്ളത് കിട്ടണമെന്നുള്ളത് പറയാതിരിക്കണോ; കണക്കുകളെടുത്ത് വിശദീകരിച്ച് സമയം കളയാൻ ആഗ്രഹിക്കുന്നില്ല. ഈ സംസ്ഥാനത്തിനകത്തെ ചെലവിന്റെ കാര്യം പരിശോധിക്കുമ്പോൾ, കഴിഞ്ഞവർഷം, കോവിഡ് സമയത്ത് ചെലവ് വളരെ കുറവായിരുന്നുവെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അതിനുശേഷം 1,20,000-ഉം 1,10,000-ഉം ആയതിനുശേഷം 1,38,000 കോടിരൂപ ചെലവ് 2021 മാർച്ച് മാസത്തിൽ വന്നു. 1,38,000 കോടിരൂപ വന്നിടത്തുനിന്ന് 1,58,000 കോടി രൂപയായി ഉയർന്നു. ഇപ്പോൾ 1,68,000-1,70,000 കോടി രൂപയിലേയ്ക്ക് പോകുകയാണ്. ഈ വർഷത്തെ കണക്കെടുത്താൽ, ഒന്നിനും തുക കൊടുക്കാനില്ല, നിന്നുപോയി, എന്നാണ് ഇവിടെ നിങ്ങൾ പറയുന്നത്. കഴിഞ്ഞവർഷം 2022-23 ഡിസംബർ മാസം വരെ ട്രഷറിയിൽനിന്നും പുറത്തുപോയത് 1,21,473 കോടി രൂപയാണ്. എന്നാൽ ഈ വർഷം അത്

1,26,182 കോടി രൂപയാണ്. അതായത് കഴിഞ്ഞവർഷവും ഈ വർഷവുമായി വരുമാനത്തിന്റെ കാര്യത്തിൽ വലിയ വെട്ടിക്കുറവ് വന്നിട്ടും ചെലവിന്റെ കാര്യത്തിൽ കുറവുവന്നില്ല. നാലായിരം കോടിരൂപ അധികമായി ചെലവായി. ട്രഷറിയിൽ പൂച്ച പെറ്റ് കിടക്കുകയാണ് ഒരു പണിയുമില്ല എന്നൊക്കെ പറയുന്നു, അതിന്റെ വസ്തുത ഇതാണ്. എന്നാൽ നമുക്ക് ലഭിക്കേണ്ട തുക സംബന്ധിച്ച കണക്കുകളുടെ കാര്യത്തിൽ അങ്ങേയ്ക്ക് വലിയ സംശയമാണല്ലോ? മുൻ ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് 5,000 കോടി രൂപയാണെന്നും ഞാൻ പറഞ്ഞത് 4,000 കോടി രൂപയാണെന്നും വേറെ കണക്ക് പറഞ്ഞത് 57,000 കോടി രൂപയുടെതാണെന്നും പറഞ്ഞല്ലോ. ഇതിൽ രണ്ട് കണക്കുകളുണ്ട്. നിങ്ങൾ എല്ലാവരും അംഗീകരിച്ചതും കേരളത്തിന് ലഭിക്കാനുള്ള ധനകാര്യ കമ്മീഷന്റെ കണക്കുമനുസരിച്ച് 1.92 ശതമാനം വിഹിതം ലഭിക്കുന്നതിനുപകരം 3.8 ശതമാനം ആയിരുന്നു ലഭിക്കേണ്ടതെന്നതിൽ ആർക്കും തർക്കമുണ്ടാകില്ല. ഈ വർഷത്തെ 1.9 ശതമാനം തുക എന്നുപറഞ്ഞ് ഈ വർഷം ലഭിക്കുന്നത് 21,000 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ 18,000 കോടി രൂപയാണ് ലഭിക്കാനുള്ള തുകയായ

57,000 കോടി രൂപയുടെ കണക്കിൽ ഉൾപ്പെടുത്തിയത്. അടുത്ത വർഷം പ്രതീക്ഷിക്കുന്നത് 24,000 കോടി രൂപയാണ്. ഇതിന്റെയൊക്കെ കണക്ക് വച്ചാണ് ഞങ്ങൾ സംസാരിക്കുന്നത്. ഈ വർഷം സംസ്ഥാനത്തിന് ലഭിക്കുന്ന 21,000 കോടി രൂപയുടെ സ്ഥാനത്ത് 3.8 ശതമാനമായിരുന്നെങ്കിൽ ഈ വർഷം നമുക്ക് ലഭിക്കേണ്ടത് എത്രയായിരിക്കുമെന്നുള്ളതിൽ തർക്കമില്ലല്ലോ? കേന്ദ്ര ധനകാര്യമന്ത്രി ശ്രീമതി നിർമ്മല സീതാരാമന് കത്ത് നൽകുമ്പോൾ ധനകാര്യ കമ്മീഷൻ അനുവദിച്ച 21,000 കോടി രൂപ കൂടി ഇപ്പോൾ നൽകണമെന്ന് പറയാൻ സാധിക്കില്ലല്ലോ? അത് നോഷണലായുള്ള വരുമാനവുമല്ല. സാധാരണഗതിയിൽ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിന് ഭരണഘടനാപരമായി ലഭിക്കേണ്ട ഒരു കാര്യമാണ്. ഇത്തരം കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് കത്തെഴുതിയത്. 1.9 ശതമാനവും 3.8 ശതമാനവും തമ്മിലുള്ള വ്യത്യാസം മാത്രമാണ് ഞങ്ങൾ പറഞ്ഞത്.

ഡോ. മാത്യു കുഴൽനാടൻ: സർ..

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വഴങ്ങാൻ തയ്യാറല്ല. മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ഈ കാര്യം പറയുമ്പോൾ, ബഹുമാനപ്പെട്ട സിദ്ധരാമയ്യ അല്ലേ പഴയ എക്സ് എന്നുപറയുന്ന ട്വിറ്ററിൽ ട്വീറ്റ് ചെയ്തത്. കേന്ദ്ര ഗവൺമെന്റ് 14-ാം ധനകാര്യ കമ്മീഷന്റെ വേളയിൽ, ഗ്രാന്റ് 42 ശതമാനം ആക്കാൻ തീരുമാനിച്ചപ്പോൾ അത് 32 ശതമാനമാക്കണമെന്ന് പറഞ്ഞുവെന്നുള്ളത് റിപ്പോർട്ടേഴ്സ് കളക്റ്റീവിന്റെ റിപ്പോർട്ടിൽ വന്നതല്ലേ; നീതി ആയോഗിന്റെ ഇപ്പോഴത്തെ വൈസ് ചെയർമാനാണ് അങ്ങനെ പറഞ്ഞത്. കർണ്ണാടക മുഖ്യമന്ത്രി പറഞ്ഞതെങ്കിലും കോൺഗ്രസ്സുകാർക്ക് മനസ്സിലാകും എന്നുവച്ച് പറഞ്ഞന്നേയുള്ളൂ. ശ്രീ പി. ചിദംബരം ഉൾപ്പെടെ പറഞ്ഞു. ഇത് ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ ധനകാര്യ രംഗത്തേയ്ക്കുള്ള കടന്നുകയറ്റമോ പടിച്ചുപറിയോ ആണെന്ന് പറയേണ്ടതല്ലേ. എൽ.ഡി.എഫ്.-ന്റെ റിപ്പോർട്ടിലെ ഗ്രാന്റ് കുറഞ്ഞതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽ അങ്ങ് ചിലപ്പോൾ തർക്കിക്കും. റിസർവ് ബാങ്കിന്റെ സ്റ്റേറ്റ് ഫൈനാൻസസ്സാണ് പറഞ്ഞത്. Grant from the Centre- കേരളത്തിന്

30,000 കോടി രൂപയിൽനിന്ന് 15,000 കോടി രൂപയായി ഈ വർഷം കുറയുകയാണ്. ഇത് റിസർവ് ബാങ്കിന്റെ റിപ്പോർട്ടാണ്. തൊട്ടപ്പുറത്ത് മധ്യപ്രദേശിന്റെ കണക്കുണ്ട്, 34,000 കോടി രൂപയിൽനിന്നും 44,000 കോടി രൂപയായി വർദ്ധിച്ചു. മറ്റ് സംസ്ഥാനങ്ങളുടെ കാര്യമാണെങ്കിൽ 10,000 കോടി രൂപയോ 20,000 കോടി രൂപയോ ഒന്നുമല്ല വർദ്ധനവ്. നമ്മുടെ സംസ്ഥാനത്തോട് ഇങ്ങനെയോരോ കാര്യങ്ങൾ ചെയ്യുമ്പോൾ അത് ശരിയാണെന്ന് പറഞ്ഞുകൊണ്ട് പ്രതിപക്ഷം പറയുന്നതെല്ലാം അതുപോലെ അംഗീകരിക്കാൻ സാധിക്കുമോ? ഗ്രാന്റ് കുറച്ചുവെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ, ജി.എസ്.ടി. തുടങ്ങി മറ്റ് കണക്കുകളെക്കുറിച്ച് പലതവണ ചർച്ച ചെയ്തതുകൊണ്ട് അതിലേയ്ക്കൊന്നും പോകുന്നില്ല. സംസ്ഥാനത്തിന് ഇത്തരത്തിലുള്ള വലിയ ഫണ്ട് ലഭിക്കാനുണ്ടെന്ന പ്രശ്നം നമുക്ക് ഉന്നയിക്കണ്ടേ? ഇതിന്റെ ഭാഗമായി 50,000 കോടി രൂപയുടെ കാര്യം പറഞ്ഞല്ലോ; ഉമ്മൻചാണ്ടി ഗവൺമെന്റിന്റെയും നായനാർ ഗവൺമെന്റിന്റെയും വി.എസ്. ഗവൺമെന്റിന്റെയുമെല്ലാം കാലത്തുണ്ടായിരുന്ന പ്രത്യേകത, ട്രഷറിയിലുള്ള പണം സംസ്ഥാനത്തിന്റെ കടമായി കണക്കാക്കുകയില്ലായിരുന്നു. 2017 മുതൽ ട്രഷറിയിലുള്ള പണം

ഓരോ വർഷവും കടമായി എടുക്കുമെന്നൊരു കണക്കാണ്. അങ്ങനെ സംസ്ഥാനത്തിന് നഷ്ടമായത് 1,07,000 കോടി രൂപയാണ്. സംസ്ഥാനം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നൽകിയിരിക്കുന്ന കേസ്സിൽ ഇതെല്ലാം പറഞ്ഞിട്ടുണ്ട്. ഇത് ലീഗൽ ഫൈറ്റിന്റെ ഭാഗംകൂടിയാണ്. ഈ വർഷം 13,000 കോടി രൂപയാണ് നമ്മൾ ട്രഷറിയിൽനിന്ന് എടുക്കുമെന്ന് കണക്കാക്കിയത്, എന്നാൽ നമ്മൾ 6,000 കോടി രൂപ മാത്രമേ എടുത്തിട്ടുള്ളൂവെന്ന് പറഞ്ഞു. കഴിഞ്ഞ വർഷം 9,000 കോടി രൂപ മാത്രമേ എടുത്തുള്ളൂ. എ.ജി.-യുടെ സർട്ടിഫിക്കറ്റുണ്ട്. സംസ്ഥാനം 9,000 കോടി രൂപ മാത്രമെ കഴിഞ്ഞ വർഷം എടുത്തിട്ടുള്ളൂ. അങ്ങനെയാണെങ്കിൽ കഴിഞ്ഞ വർഷത്തെ 4,000 കോടി രൂപ കൂടി ലഭിക്കാനുണ്ട്. ഇപ്പോൾ 6,000 കോടി രൂപയെ എടുത്തിട്ടുള്ളൂ; ബാക്കി 7,000 കോടി രൂപ കൂടി ലഭിക്കണം. അത് ലഭ്യമാക്കുന്നില്ല. നേരത്തെ ട്രഷറിയിൽനിന്നുമെടുക്കുന്ന പണത്തെ കടത്തിന്റെ പരിധിയിൽ കൊണ്ടുവരില്ലായിരുന്നു. ട്രഷറിയിലെ ഈ പരിധി കൊണ്ടുവന്നില്ലായിരുന്നുവെങ്കിൽ 13,000 കോടി രൂപ borrowing ആയി എടുക്കാമായിരുന്നു. സംസ്ഥാനത്തിനിപ്പോൾ 13,000 കോടി രൂപയിൽ താഴെ മാത്രമെ ബാധ്യതയുള്ളൂ. പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക്

നൽകാനുള്ളത് 15,000 കോടി രൂപയാണെന്ന് രാവിലെ ഞാൻ പറഞ്ഞല്ലോ; കൃത്യമായ ട്രഷറിയിലെ കണക്കുപ്രകാരമാണ് 1,100 കോടി രൂപയ്ക്കുടുത്തെന്നാണ് ഞാൻ പറഞ്ഞത്. സർക്കാരിന് കടമില്ലെന്നല്ല, കുറച്ച് കടമുണ്ട്. നവംബർ മാസം വരെയുള്ള ബില്ലിന്മേൽ പണമൊന്നും നൽകാനില്ല. സംസ്ഥാനത്തിന്റെ 57,000 കോടി രൂപ വെട്ടിക്കുറയ്ക്കുന്നു. അതിന്റെ ഫലമെന്താണ്? സാധാരണഗതിയിൽ 57,000 കോടി രൂപ നമ്മുടെ നാട്ടിലേയ്ക്ക് വന്നാൽ പലതരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും ശമ്പളത്തിനുമൊക്കെയായി ചെലവഴിക്കപ്പെടും. ഒരു രൂപ നാട്ടിലേയ്ക്ക് വന്നാൽപ്പോലും അത് പല മടങ്ങ് റൊട്ടേറ്റ് ചെയ്യുമെന്നാണ് കണക്കാക്കപ്പെടുന്നത്. 50,000 കോടി രൂപ സംസ്ഥാനത്തേയ്ക്ക് വന്നാൽ രണ്ട് ലക്ഷം കോടി രൂപയുടെ എങ്കിലും എക്കണോമിക് ആക്റ്റിവിറ്റി നമ്മുടെ സമൂഹത്തിലുണ്ടാകും. അതുവഴി സംസ്ഥാനത്ത് ധാരാളം ആളുകൾക്ക് ജോലിയും വരുമാനവും ലഭിക്കും. അത് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. ഇതാണ് സാധാരണ കണക്ക്. 10,000 കോടി രൂപ താഴേയ്ക്ക് പോയാൽ അതിന്റെ പ്രതിഫലനം സാധാരണഗതിയിൽ വരുമെന്ന് അറിയാവുന്നതാണ്. ഇങ്ങനെ കേരളത്തിന് ലഭിക്കേണ്ട പണം

ലഭിക്കാതിരിക്കുമ്പോൾ, മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടതിൽ കൂടുതൽ ലഭിക്കുന്നുവെന്നുള്ളത് മാത്രമല്ല നമ്മളെ സാമ്പത്തികമായി വലിയ തോതിൽ ഞെരുക്കുകയും ചെയ്യുന്നു.

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്.. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഭരണപക്ഷം മിണ്ടിയില്ലല്ലോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആർ.ബി.ഐ.-യുടെ റിപ്പോർട്ടിനെപ്പറ്റി ഇന്ത്യൻ എക്സ്പ്രസ്സ് ഇന്നലെ പറഞ്ഞതാണ്. സംസ്ഥാനത്തിന് ലഭിക്കാനുള്ള വരുമാനത്തിൽ, ഒന്ന് നികുതിയാണ്. (... ബഹളം..)

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... ഡോ. മാത്യു കുഴൽനാടൻ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഭരണപക്ഷം മിണ്ടിയില്ല. ഇത് ശരിയല്ല. ഇടപെടുന്നത് ശരിയല്ല. ശ്രീ. അൻവർ സാദത്ത് അവിടെ ഇരിക്കണം. മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നേരത്തെ വ്യക്തിപരമായ കാര്യം വിശദീകരിക്കാൻപോലും തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി എഴുന്നേറ്റപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

വഴങ്ങിയില്ല. അതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. ഞാൻ സംസാരിച്ചുകഴിഞ്ഞ് പറയാം. State of State Finances-ൽ പറയുന്ന ഒരു കണക്കുണ്ട്. സംസ്ഥാനങ്ങളുടെ വരുമാനമെന്നത് സംസ്ഥാനത്തിനകത്തുനിന്ന് പിരിക്കുന്ന നികുതിയും കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ള അർഹമായ നികുതിയും സംസ്ഥാനത്തിന്റെ കടമെടുപ്പുമാണ്. സംസ്ഥാനം നികുതി വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം. പ്രതിപക്ഷ നേതാവ് നല്ല രീതിയിൽ വാദിച്ച് പറയുന്ന ആളാണ്, അതിലൊന്നും യാതൊരു തർക്കവുമില്ല, എന്നാൽ കേരളം ഒരു പെർഫോമൻസുമുണ്ടാക്കിയിട്ടില്ലെന്ന് പറയുന്നത് ശരിയാണോ? 1956 മുതലുള്ള ഗവൺമെന്റുകളുടെ കണക്ക് പരിശോധിക്കുമ്പോൾ 47,000-ത്തിൽപ്പരം കോടി രൂപയാണ് 2021 മാർച്ചിൽ വന്നത്. കോവിഡ് സമയത്ത് സാമ്പത്തിക രംഗം സജ്ജീവമല്ലായിരുന്നു. രണ്ടുവർഷം കൊണ്ട് സംസ്ഥാനത്തിന്റെ വരുമാനം 71,000 കോടി രൂപയായി. ഇന്ത്യയിലാകെ സാമ്പത്തിക പ്രശ്നമുണ്ട്. ഒന്നോ രണ്ടോ സംസ്ഥാനങ്ങളുടെ കണക്ക് പ്രതിപക്ഷനേതാവ് പറഞ്ഞു. അന്തർദേശീയ കണക്ക് പരിശോധിച്ചാൽ വളർച്ചാനിരക്ക് ഒരു ശതമാനം പോലുമില്ല. ഇന്ത്യയിലും വളർച്ചാനിരക്കിന്റെ പ്രശ്നമുണ്ടെന്ന്

കണ്ടെത്തിയിരിക്കുകയാണ്. ആ വർദ്ധനവ് എന്നും അതേപോലെ വരുമെന്നല്ല. ഈ രണ്ട് വർഷം കൊണ്ട് 47,000 കോടി രൂപയിൽനിന്ന് 71,000 കോടി രൂപയായി വർദ്ധിച്ചു. 50 ശതമാനം വർദ്ധിച്ചുവെന്നുള്ളത് സന്തോഷമുള്ള കാര്യമല്ലേ. റിസർവ് ബാങ്കിന്റെ റിപ്പോർട്ടിൽ പറയുന്നത്, 'A study of Budgets of 2023-24 Report highlights that the contribution of State Own Tax Revenue (SOTR) to Kerala's Overall Tax Revenue increases by 78.74 percent for the Post-Covid period 2021-22 to 2022-23. On a comparison, the average of all the States were 65.4 percent.' എന്നാണ്. മറ്റ് സംസ്ഥാനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ശതമാനം, ഉത്തർ പ്രദേശ് - 54, മദ്ധ്യപ്രദേശ് - 51, ഒഡീഷ – 53.5 ബീഹാർ - 29.4, പശ്ചിമബംഗാൾ - 54.2 എന്നിങ്ങനെയാണ്. ഇങ്ങനെ ഓരോ സംസ്ഥാനങ്ങളുടെയും വളർച്ചാനിരക്കിന്റെ കണക്കുണ്ട്. നമ്മൾ നല്ല കാര്യം ചെയ്താൽ അതൊക്കെ അംഗീകരിച്ചുകൂടേ? കഴിഞ്ഞ ദിവസം പ്രശസ്ത സിനിമാതാരം ശ്രീ. മോഹൻലാൽ 'മലൈക്കോട്ടൈ വാലിബൻ' എന്ന സിനിമയുടെ ഷൂട്ടിംഗുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിൽ പോയതിന്റെ അനുഭവം പറയുകയുണ്ടായി. കാലാവസ്ഥാ പ്രശ്നങ്ങളും മറ്റുപല കാര്യങ്ങളും ചില

ആരോഗ്യപ്രശ്നങ്ങളുണ്ടാകുകയും അദ്ദേഹം ഉൾഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ഒരു ആശുപത്രിയിൽ പോകുകയുമുണ്ടായി. അവിടെ സൗകര്യങ്ങൾ വളരെ കുറവായിരുന്നു. ഒരു മലയാളി നഴ്സ് അവിടെ ജോലി ചെയ്യുന്നുണ്ടായിരുന്നു. അവർക്ക് വിദേശത്തേയ്ക്ക് ജോലിക്ക് പോകാനുള്ള വിസ ശരിയായിട്ടും അവിടെനിന്നും പോയാൽ ചികിത്സിക്കാൻ മറ്റാരും ഉണ്ടാകില്ലെന്ന് പറഞ്ഞ് അവിടത്തെ നാട്ടുകാർ അവരെ പോകാൻ സമ്മതിച്ചില്ല. ആ നഴ്സ് ഉണ്ടായിരുന്നതുകൊണ്ടാണ് ശ്രീ. മോഹൻലാലിനും ചികിത്സ ലഭിച്ചത്. നമ്മുടെ നാട്ടിൽ നിന്ന് മറ്റൊരു സ്ഥലത്തെത്തുമ്പോഴാണ് നമ്മുടെ നാടിന്റെ ഗുണം മനസ്സിലാകുന്നത്. നമ്മുടെ നാട്ടിൽ നല്ല റോഡുകൾ. ആശുപത്രികൾ, സ്കൂളുകൾ, ആവശ്യത്തിന് വെള്ളം തുടങ്ങി എല്ലാ സമാധാനങ്ങളുമുണ്ടായിട്ടും നമുക്ക് പരസ്പരം യോജിപ്പില്ലെന്ന് ശ്രീ. മോഹൻലാൽ പറഞ്ഞത് ഈ അടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ അച്ചടിച്ചുവന്നിരുന്നു. കേരളത്തിനകത്ത് ഇത്തരത്തിലുള്ള നന്മയുണ്ടെന്നത് നമ്മൾ അംഗീകരിക്കണം. അതുകൊണ്ടാണ് ഇന്ത്യയിൽ 24 ഇനങ്ങളിൽ നമുക്ക് ഒന്നാം സ്ഥാനം ലഭിച്ചത്. നീതി ആയോഗിന്റെ പരിശോധനയിൽ അതിദരിദ്രരുടെ കണക്ക് 0.55 ശതമാനത്തിൽനിന്നും 0.48 ശതമാനമായി കുറഞ്ഞു. 5 ലക്ഷം പേർക്ക്

സ്വന്തമായി വീട് നൽകുന്ന സമ്പ്രദായം കേരളത്തിലല്ലാതെ ഈ ലോകത്ത് മറ്റെവിടെയാണ് കാണാൻ കഴിയുന്നത്. വിഴിഞ്ഞം മുതൽ കാസർഗോഡ് വരെയുള്ള വികസന പ്രവർത്തനങ്ങൾ കാണണം. ഞങ്ങൾ മന്ത്രിസഭയിലേയ്ക്ക് വന്ന ആദ്യഘട്ടത്തിൽ സംസാരിക്കുന്നതുപോലെയല്ല ഇപ്പോൾ കാസർഗോഡിലെയും മഞ്ചേശ്വരത്തെയും ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സംസാരിക്കുന്നത്. വലിയ മാറ്റങ്ങളും പുരോഗതികളും അവിടെയുണ്ടായിട്ടുണ്ടെന്ന രീതിയിലാണ് അവർ സംസാരിക്കുന്നത്. ഓരോ പ്രദേശത്തുമുണ്ടാകുന്ന വികസനപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് പണം ലഭിക്കുന്നത്. അതായത് വികസനം സംഭവിക്കുന്നുണ്ട്. സ്കൂളുകളും ആശുപത്രികളും പാലങ്ങളും റോഡുകളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് നല്ല റിപ്പോർട്ടുകൾ ലഭിക്കുന്നത്. കഴിഞ്ഞ ദിവസം ലഭിച്ച ഒരു റിപ്പോർട്ടിനെക്കുറിച്ച് സൂചിപ്പിക്കാം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ആകെ പ്ലാനിൽ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിൽ വലിയ തോതിലുള്ള വർദ്ധനവുണ്ടായത് കേരളത്തിലാണ്. പ്ലാനും നോൺപ്ലാനും ഒരുമിച്ച് നടത്തുന്നത് നമ്മുടെ സംസ്ഥാനമാണ്. ഇതുപോലെ പല മേഖലകളിലേയും കണക്കുകൾ വരുന്നുണ്ട്. കൂടാതെ സ്റ്റേറ്റിന്റെ ഓൺടാക്സ് പിരിക്കേണ്ടിവരുന്ന

സാഹചര്യമുണ്ട്. അങ്ങനെ വരുമ്പോൾ കേന്ദ്രത്തിൽ നിന്ന് നമുക്ക് ലഭിക്കേണ്ട തുക താരതമ്യേന കുറയുന്നുവെന്നതാണ് പ്രശ്നം. മൂന്ന്-നാല് വർഷം മുമ്പുവരെ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന തുകയ്ക്ക് വ്യത്യാസമുണ്ടായിരുന്നു. ആകെ റവന്യൂ റെസീപ്റ്റ്സിന്റെ 54 ശതമാനം സംസ്ഥാനവും 46 ശതമാനം കേന്ദ്രസർക്കാരുമായിരുന്നെങ്കിൽ ഈ വർഷം 29 ശതമാനം മാത്രമേ കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്നുള്ളൂ. ഈയൊരു രീതിയിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിനോട് ഒരുതരം ചിറ്റമ്മ നയം കാണിക്കുകയാണ്. ഇത് കേരളത്തിന്റെ അടുത്ത തലമുറയെ ബാധിക്കും. കൂടാതെ കേരളത്തിന്റെ സാമ്പത്തികഘടനയെ ആകെ ബാധിക്കുമെന്ന വലിയ പ്രശ്നമാണ് സർക്കാരും ചൂണ്ടിക്കാണിക്കുന്നത്. അടിസ്ഥാന രംഗങ്ങളിലുള്ള നിലവിലെ പുരോഗതിയുടെ അടിസ്ഥാനത്തിൽ 2027 ആകുമ്പോഴേയ്ക്കും എല്ലാ മേഖലകളിലും നല്ലരീതിയിലുള്ള വികസനമുണ്ടാകുമെന്ന് Fitch എന്ന റേറ്റിംഗ് ഏജൻസിയുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. കടബാധ്യതകൾ കുറയുമെന്നതും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഒരംഗം കടം 39 ശതമാനം ശതമാനമാണെന്ന് പറയുകയുണ്ടായി. 39 ശതമാനം ശതമാനത്തിൽ നിന്ന് രണ്ട് തവണയായി കുറഞ്ഞുവരികയാണെന്ന് തന്നെയാണ് റിപ്പോർട്ടിൽ

സൂചിപ്പിക്കുന്നത്. നിലവിൽ 35 ശതമാനത്തിന് അടുത്തേയ്ക്ക് എത്തുകയാണ്. കേന്ദ്രസർക്കാരിന്റെ ബാധ്യതയുടെ കണക്ക് 50 ശതമാനത്തിലും കൂടുതലാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പാർലമെന്റിൽ നൽകിയ മറുപടി അനുസരിച്ച് 40 ശതമാനമാണ് അവരുടെ കടം. ആ മറുപടിയിൽ പറയുന്നത്, '....Rs.17.99 lakhs crores from various sources in financial year 2023-24 mainly to finance its fiscal deficit. This amount is about 40% of the total net size of the Union Budget of Rs. 45.39 lakh crore, എന്നാണ്. 45.39 ലക്ഷം കോടിരൂപയുടെ 40 ശതമാനവും കടമാണ്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് 20 ശതമാനത്തിന് അടുത്തേ കടമുള്ളൂ. ഈ കണക്കുകളെല്ലാം ബഡ്ജറ്റ് രേഖയിലുള്ളതാണ്. (ബഹളം...)

ശ്രീ. റോജി എം. ജോൺ: സർ, (മൈക്ക് ഓഫ്)

മി.സ്പീക്കർ: ശ്രീ. റോജി എം. ജോൺ.. പ്ലീസ്...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് കള്ളക്കണക്കല്ല. നേരത്തെയും കണക്കുമായി ബന്ധപ്പെട്ട സംശയങ്ങൾ ചോദിച്ചിട്ടുണ്ടായിരുന്നു. ഞാൻ നേരത്തേയും ഇക്കാര്യങ്ങൾ സംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. നമുക്ക്

കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട തുക 3.89 ശതമാനമെന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.9 ആയി കുറവുചെയ്തു. ഈ വർഷം 21,000 കോടി രൂപയുടെ കുറവുണ്ട്. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 18,000 കോടി രൂപയുടെ കുറവുണ്ടായിരുന്നു. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയതുകൊണ്ട് 12,000 കോടി രൂപ കുറവുണ്ട്. നഷ്ടപരിഹാരം നേരത്തേ നിർത്തേണ്ടതായിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് സൂചിപ്പിക്കുകയുണ്ടായി. റവന്യൂ കമ്മി ഗ്രാന്റിൽ കഴിഞ്ഞ വർഷവും ഈ വർഷവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ 8400 കോടി രൂപയുടെ കുറവുണ്ട്. അതുപോലെ പലതരത്തിലുള്ള വായ്പാ അനുമതികൾ നിഷേധിച്ചതുവഴി 19,600 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്. ഇത് അടിസ്ഥാനമാക്കിയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും മറ്റും വാദത്തിന് പോകുന്നത്. ഒരു കാരണവശാലും തുക കൂട്ടിക്കൊടുക്കാൻ പാടില്ലെന്നും കേന്ദ്രസർക്കാർ ചെയ്തത് ന്യായമാണെന്നുമാണ് ഇവിടത്തെ ഒരു പ്രധാനപ്പെട്ട, പണ്ഡിതോജിതമായി കാര്യങ്ങൾ സംസാരിക്കുന്ന ഒരു അംഗം പറഞ്ഞത്. അദ്ദേഹം കിഫ്ബിക്കെതിരെ കേസ് കൊടുക്കുകയും കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും കാര്യത്തിൽ കേരളത്തിലെ

ജനങ്ങളെയും സർക്കാരിനെയും ഇന്നത്തെ സാഹചര്യത്തിലേയ്ക്ക് എത്തിച്ച ഒരു വ്യക്തിയാണ്. പക്ഷെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 450 കോടി രൂപയുടെ ഒരു വലിയ പദ്ധതി കിഫ്ബിയിലൂടെ നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയെ ചരിത്രനേട്ടമായാണ് പറയുന്നത്. അവിടെ വന്ന പത്രവാർത്തയാണ് ഞാനിപ്പോൾ സഭയിൽ ചൂണ്ടിക്കാണിക്കുന്നത്. മറ്റൊന്നുമല്ല, ഇത് മൂവാറ്റുപുഴ ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടമാണെന്ന് സോഷ്യൽ മീഡിയ വാർത്തകളുമുണ്ട്. ഇക്കാര്യങ്ങളിൽ ഒരു കുഴപ്പവുമില്ല. ഇതെല്ലാം അവകാശങ്ങളുടെ ഭാഗമാണ്. പക്ഷെ, കിഫ്ബി പ്രശ്നമാണെന്ന് സൂചിപ്പിച്ച് കേസിന് പോകുകയും അതിനുശേഷം ഇത്തരത്തിലുള്ള കാര്യങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. എൽ.ഡി.എഫ്. എന്നാൽ യു.ഡി.എഫ്. അല്ലെന്നത് ആദ്യം മനസ്സിലാക്കണം. യു.ഡി.എഫ്. അംഗങ്ങളുടെ നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെടെ തുക അനുവദിക്കുന്നതിന് ഞങ്ങൾക്ക് ഒരു തടസ്സവുമില്ല. ഇത്രയൊക്കെയായിട്ടും ഇതൊന്നും നൽകേണ്ടതില്ലെന്ന് വീണ്ടും വാദിക്കുന്ന ഒരു സമീപനമാണ് യു.ഡി.എഫ്. അംഗങ്ങൾ സ്വീകരിക്കുന്നത്. അതുകൊണ്ടാണ് ഇവിടെ എടുത്തുപറഞ്ഞത്.

പി.എസ്.സി. നിയമനങ്ങളുടെ കാര്യം സൂചിപ്പിക്കുകയാണെങ്കിൽ, കഴിഞ്ഞ ദിവസം മലയാള മനോരമ പത്രത്തിൽ അച്ചടിച്ചുവന്ന ഒരു വാർത്ത ഞാൻ ശ്രദ്ധയിൽപ്പെടുത്താം. ഇന്ത്യയിലാകെ കഴിഞ്ഞ ഒരു വർഷക്കാലം 62000 പേരെ മാത്രമാണ് പി.എസ്.സി. വഴി നിയമിച്ചത്. അതിൽ 42 ശതമാനത്തിലധികവും കേരളത്തിലാണ്. മൂന്ന് ശതമാനത്തിൽ താഴെമാത്രം ജനസംഖ്യയുള്ള ഒരു സ്ഥലത്ത് 42 ശതമാനം ആളുകൾക്ക് നിയമനം നൽകി. ഇതിൽ എവിടെയാണ് നിയമന നിരോധനം; എവിടെയാണ് പോലീസ് ജീപ്പിന് പെട്രോൾ അടിക്കാൻ കാശ് നൽകാതിരിക്കുന്നത്; ഇത്രയും ആളുകളെ നിയമിക്കുന്ന അവസരത്തിൽ പോലീസ് ജീപ്പിന് പെട്രോൾ അടിക്കാൻ കാശ് നൽകാനില്ലാതെ വരുമോ? ഞങ്ങൾ ഇതൊന്നും നിർത്തലാക്കാൻ ഉദ്ദേശിച്ചിട്ടില്ല. മുണ്ട് മുറുക്കി ഉടുക്കണമെന്ന് പറഞ്ഞ് ജോലിയും ശമ്പളവും ഇല്ലാതാക്കാനല്ല സർക്കാർ ശ്രമിക്കുന്നത്. അറുപതിനായിരത്തിലധികം വരുന്ന അങ്കണവാടി ജീവനക്കാർക്ക് കഴിഞ്ഞദിവസമാണ് 1000 രൂപ വീതം ശമ്പള വർദ്ധനവ് നൽകിയത്. ആശാ വർക്കർമാരുടെയും നെയ്ത്തുതൊഴിലാളികളുടേയും ശമ്പളത്തിന്റെ കാര്യത്തിൽ നേരത്തേ തീരുമാനമെടുത്തിട്ടുണ്ട്. ഇതുപോലുള്ള ഒട്ടേറെ മാറ്റങ്ങൾ വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യം

ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി. പൊളിഞ്ഞു കിടക്കുന്നെന്ന് പറഞ്ഞത് എവിടെയാണ്; അങ്ങയുടെ സർക്കാരിന്റെ കാലത്ത് 5 വർഷത്തിനിടയിൽ ആകെ നൽകിയത് 1530 കോടി രൂപയാണ്. ഒന്നാം പിണറായി സർക്കാർ 5000 കോടിയിൽ അധികം രൂപ നൽകിയിട്ടുണ്ട്. ഇതെല്ലാം ബഡ്ജറ്റ് കണക്കുകളാണ്. ഇപ്പോഴത്തെ സർക്കാർ 4800 കോടിയോളം രൂപ നൽകി. കെ.എസ്.ആർ.ടി.സി. ഗുണമില്ലെന്ന് പറയുന്നതിൽ വസ്തുതയില്ല. അവിടെയും യൂണിയൻ നേതാക്കളൊക്കെയുണ്ടല്ലോ; കൊടുക്കേണ്ടതില്ലെന്ന് അവരും പറയട്ടെ. ഞങ്ങൾ ഇക്കാര്യങ്ങളൊക്കെ വളരെ പോസിറ്റീവായാണ് കാണുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഗവൺമെന്റ് തീവെട്ടിക്കൊള്ളക്കാരാണെന്ന് പറഞ്ഞത് അങ്ങയുടെ പഴയ പ്രസംഗത്തിലുള്ളത് ഞാൻ ഇവിടെ ഓർമ്മിപ്പിക്കുകയാണ്. എന്തായാലും അങ്ങനെയുള്ള ആളുകളും അത്തരത്തിലുള്ള സമീപനവും ഇവിടെയില്ല. ഇന്നത്തെ സാഹചര്യത്തിൽ കാര്യങ്ങൾ നന്നായി കൊണ്ടുപോകാനാണ് ശ്രമിക്കുന്നത്. സാമ്പത്തിക രംഗത്ത് നമുക്ക് ബുദ്ധിമുട്ടുകളുണ്ട്. എന്നാലത് ആകെ നിന്നുപോകുന്ന ഒരു അവസ്ഥയല്ല. ഇത് മറികടക്കാൻ അവിടെനിന്നും പണം ലഭ്യമായാൽ മാത്രമേ പറ്റുള്ളൂ എന്ന് പറഞ്ഞിരിക്കാനും കഴിയില്ല. അക്കാര്യത്തിൽ

സംശയമില്ല. IGST നിലവിൽ നിയതമായൊരു നിയമം അനുസരിച്ചല്ല മുന്നോട്ടുപോകുന്നത്. അതിൽ പ്രശ്നങ്ങളുണ്ട്. GIFT-ൽ (Gulati Institute of Finance and Taxation) ഉൾപ്പെടെ അതിൽ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്ന് ഞാൻ നേരിട്ട് ചർച്ച നടത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം IGST നമുക്ക് നൽകേണ്ട തുകയിൽ 320 കോടിയോളം രൂപ കുറച്ചു. എന്താണ് കാരണമെന്ന് വ്യക്തമാക്കിയിട്ടില്ല. കർണ്ണാടക സംസ്ഥാനത്തിന് 600 കോടിയോളം രൂപയാണ് കുറച്ചത്. ഇതിനെതിരെ ധനകാര്യ വകുപ്പുമന്ത്രികൂടിയായ കർണ്ണാടക മുഖ്യമന്ത്രി ശക്തമായ വിമർശനം ഉന്നയിച്ചു. എന്തുകൊണ്ടാണ് തുക വെട്ടിക്കുറച്ചതെന്ന് അറിയില്ല. അടുത്ത മാസവും തുകയിൽ കുറവ് വരുമെന്നാണ് പറയുന്നത്. അങ്ങനെ അനുവദിക്കാതിരിക്കാൻ കഴിയില്ല. ഇത്തരത്തിൽ ഏകപക്ഷീയമായ പല കാര്യങ്ങളും ഇവിടെ വരുന്നുണ്ട്. IGST-യുടെ കാര്യങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിൽ പരിമിതിയുണ്ട്. എന്നാലും നടപ്പാക്കിയതിനേക്കാളും വലിയ മുന്നേറ്റം വന്നിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ GST സിസ്റ്റത്തിനകത്ത് പ്രശ്നങ്ങളുണ്ട്. ഇപ്പോഴും വ്യക്തമായ കണക്കുകളില്ല. ട്രിബ്യൂണൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ജി.എസ്.ടി. സിസ്റ്റമാറ്റിക് ആകുന്നതുവരെ

കോമ്പൻസേഷൻ നീട്ടണമെന്ന് ഞങ്ങൾ പറഞ്ഞത്. ഇത് കേരളത്തിന്റെ പ്രശ്നം കൊണ്ടല്ലല്ലോ; ജി.എസ്.ടി. സമ്പ്രദായത്തിനകത്തെ ഐ.ടി. സിസ്റ്റത്തിൽ പ്രശ്നമുണ്ട്. കോമ്പൻസേഷൻ നീട്ടണമെന്ന അഭിപ്രായം സ്റ്റേറ്റ് മുന്നോട്ടുവച്ചതിന് കാരണവും അതാണ്. എന്നാൽ അതിന് തയ്യാറായില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത് ഈ വിഷയത്തിന്റെ പ്രശ്നമല്ല. എല്ലാവർക്കും തുക കൃത്യമായി നൽകേണ്ടതുണ്ട്. എന്നാൽ കേരളത്തിന് അർഹമായത് ലഭിക്കുന്നില്ല. കേരളത്തിലെ നികുതി വരുമാനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. ഇനിയും പുരോഗതിയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇനിയും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ നമുക്ക് നടത്തണം. അതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കാമ്പയിൻ ചെയ്യുന്നതിന്റെ ഭാഗമായി ധൂർത്തിന്റെ കാര്യമൊക്കെ പറയാം. എന്നാൽ എന്ത് ധൂർത്താണ് കേരളത്തിൽ നടക്കുന്നത്; നമ്മൾ തമ്മിൽ ഒരു വ്യത്യാസമുണ്ട്. കേരളത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി വാഹനമെടുത്ത് ഞങ്ങളെല്ലാവരും അതിൽ പോയിരുന്നു. വാഹനം വരുന്നതിനുമുമ്പ് ആ വാഹനത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ പറഞ്ഞുണ്ടാക്കിയത്. കേരളത്തിന് പുറത്തുള്ള ടെലിവിഷൻ ചാനൽ

വരെ ഇത്രയും വ്യത്യസ്ത വാഹനത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്തു. കാരണം ചില ഘട്ടങ്ങളിൽ പറക്കാൻ വരെ സാധിക്കുന്ന ബസ്സാണെന്ന് പറഞ്ഞ് കാസർഗോഡ് ആളുകൾ കാണാൻ വന്നിരുന്നു. വാഹനം വന്നുകഴിഞ്ഞപ്പോഴാണ് കെ.എസ്.ആർ.ടി.സി. ബസ് ആണെന്ന് മനസ്സിലായത്. സാധാരണ ഒരു ടൂറിസ്റ്റ് ബസ്സിൽ പോകുന്ന സൗകര്യമുണ്ടായിരുന്നോ ആ ബസ്സിന്; ഭാരത് ബെൻസിന്റെ ഒരു സാദാ ബസ്സായിരുന്നു അത്. കേരളത്തിനകത്ത് ഈ കാര്യം പറഞ്ഞ് ബഹളമുണ്ടാക്കിയപ്പോൾ ഞങ്ങൾ പത്രപ്രവർത്തകരെയുൾപ്പെടെ ബസ്സിൽ കയറ്റി അത് മനസ്സിലാക്കികൊടുത്തു. കോൺഗ്രസ്സിന്റെ ബഹുമാന്യനായ നേതാവ് ശ്രീ. രാഹുൽഗാന്ധി യാത്ര ചെയ്യുന്ന ബസ്സും ഇതേ മോഡലാണെങ്കിലും അതിൽ ലിഫ്റ്റും കോൺഫറൻസ് ഹാളും എ.സി. മുറികളുമൊക്കെയുണ്ട്. ഞങ്ങൾ അതൊന്നും തെറ്റാണെന്ന് പറയുന്നില്ല, കാരണം അത്രയും പ്രധാനപ്പെട്ടൊരു നേതാവും മറ്റ് നേതാക്കളും യാത്ര ചെയ്യുമ്പോൾ അത്രയും സൗകര്യത്തോടുകൂടി പോകട്ടെ എന്നേ കരുതുള്ളൂ. ആ ബസ്സിൽ കയറണമെങ്കിൽ ടിക്കറ്റ് വേണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുന്നത്, അതെനിക്കറിയില്ല (ബഹളം...). എന്തായാലും

ഞങ്ങൾ നടത്തിയത് ഗവൺമെന്റ് പരിപാടിയാണെന്ന് ആത്മാർത്ഥമായി പറയാൻ കഴിയും. ജനാധിപത്യരാജ്യത്തിൽ ഇലക്ഷൻ കഴിഞ്ഞ് പാർലമെന്റിലെയോ നിയമസഭയിലെയോ മന്ത്രിയോ എം.എൽ.എ.-യോ എം.പി.-യോ ഒക്കെയായികഴിഞ്ഞാൽ ജനങ്ങളുടെ അടുത്തേയ്ക്ക് പോകുന്ന സംവിധാനമെന്ന നിലയിൽ ലോകത്ത് ആദ്യമായി നടപ്പാക്കിയ പരിപാടിയാണ് നവകേരള സദസ്സ്. ഞങ്ങൾ ജനങ്ങളുടെ അടുത്തുപോയി അവരുടെ നിർദ്ദേശങ്ങൾ കേൾക്കുകയും അവിടെവച്ച് നിവേദനങ്ങൾ വാങ്ങുകയും ചെയ്തു. വയറുവേദന വന്നയാൾക്ക് വേറെ മരുന്ന് കൊടുക്കുകയോ ട്രാൻസ്ഫർ വാങ്ങാൻ വേണ്ടി വന്നയാൾക്ക് ആശുപത്രിയിലെ തുണ്ട് നൽകുകയോ ചെയ്തിട്ടില്ല. ഇതൊക്കെ നിങ്ങൾ തന്നെ പറഞ്ഞുണ്ടാക്കിയ കാര്യങ്ങളാണ്. നവകേരള സദസ്സ് എന്ന പരിപാടിയിലൂടെ ജനങ്ങളുടെ മനസ്സിൽനിന്നുള്ള അഭിപ്രായങ്ങൾ ഞങ്ങൾ കേൾക്കുകയാണ് ചെയ്തത്. അല്ലാതെ അവിടെ പണം വിതരണം ചെയ്യാൻ പോയതല്ല. അതിനെ നിങ്ങൾ അങ്ങനെ വിലകുറച്ച് കാണേണ്ട. ആ ബസ്സിൽ മുഖ്യമന്ത്രിയും മന്ത്രിമാരും എല്ലാവരുമുണ്ടായിരുന്നു. ഇതുപോലെ എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ പറയുന്നത്; ഇവിടെ ഒരു KIA കാർ വാങ്ങിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർക്കുമറിയാം, അത് ഇന്റർനാഷണൽ ബ്രാൻഡുള്ള ഒരു കാറാണ്. ആ കമ്പനിയെ മോശപ്പെടുത്തിയോ നന്നാക്കിയോ പറയുന്നതല്ല, അത് വളരെ പരിഷ്കൃതവും വിലക്കൂടിയതുമായ ലക്ഷ്വറി കാറായി കരുതുന്നുണ്ടോ; KIA എങ്ങനെയാണ് മറ്റ് സ്ഥലത്ത് ഉപയോഗിക്കുന്നത്; കേരളത്തിലെ മുഖ്യമന്ത്രി KIA കാർ വാങ്ങിയപ്പോൾ മുപ്പത്തിയഞ്ച് ലക്ഷത്തിന്റെ ലക്ഷ്വറി കാർ വാങ്ങിയെന്നുപറഞ്ഞ് വിമർശിച്ചു. ഇവിടെ എന്തൊക്കെ കാര്യങ്ങൾക്കാണ് വിമർശനമുണ്ടാകുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വസതിയിൽ കാലിത്തൊഴുത്ത് പണിയാൻ എത്രയോ ലക്ഷം രൂപ ചെലവായെന്ന് പറഞ്ഞു. മുഖ്യമന്ത്രിയാണോ കാലിത്തൊഴുത്ത് പണിയുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്; എനിക്ക് ഈ തരത്തിലുള്ള കാലിത്തൊഴുത്ത് വേണമെന്ന് മുഖ്യമന്ത്രിയാണോ പറയുന്നത്; ബഹുമാനപ്പെട്ട പി. ജെ. ജോസഫ് എപ്പോഴും പശുക്കളെ വളർത്തുന്നതിനെക്കുറിച്ച് വളരെ താൽപര്യപ്പൂർവ്വം പറയുന്നത് എല്ലാവരും ശ്രദ്ധയോടെ കേൾക്കാറുണ്ട്. അദ്ദേഹം നല്ലൊരു കൃഷിക്കാരനാണ്. റോസ് ഹൗസിൽ അദ്ദേഹം പശുവിനെ വളർത്തിയിരുന്നു. കാലിത്തൊഴുത്തിന്റെ വിഷയം കഴിഞ്ഞപ്പോൾ അഞ്ചുലക്ഷം രൂപയുടെ ടാങ്കിനെക്കുറിച്ച് പറയാൻ

തുടങ്ങി. ഒരു സ്കൂളിലെ കെട്ടിടം പണിയുമ്പോൾ ടാങ്ക് നിങ്ങൾ പറയുന്ന രീതിയിലാണോ വയ്ക്കുന്നത്; ഒരു ജഡ്ജിയുടെ വീട്ടിൽ സ്ഥാപിക്കുന്ന ടാങ്കിന്റെ കാര്യങ്ങൾ നിങ്ങളാണോ നോക്കുന്നത്; താഴെത്തട്ടിലേയ്ക്ക് പോകുമ്പോൾ കണ്ടില്ലേ കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ അഞ്ചുലക്ഷം രൂപയുടെ വലിയ ടാങ്ക് സ്ഥാപിക്കുന്നുവെന്നൊക്കെ പറയാം. ഒരു ലക്ഷം രൂപയുടെ ടാങ്ക് വാങ്ങിയാൽ അഞ്ചര ലക്ഷം രൂപയുടെ ടാങ്കാണെന്ന് നിങ്ങൾ പറയും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വസതിയായ Cantonment House വളരെ പഴക്കമുള്ള വീടായതുകാരണം അവിടെ എപ്പോഴും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടി വരില്ലേ; അവിടെ സ്റ്റാഫ് ഇല്ലേ; കേരളം പോലുള്ള സംസ്ഥാനത്ത് കാര്യങ്ങൾ പറയുമ്പോൾ കൃത്യമായി പറയാൻ കഴിയണം. കേരളീയത്തെക്കുറിച്ച് പറഞ്ഞു. ഇന്ത്യയെ മാർക്കറ്റ് ചെയ്യാൻ പ്രഗതി മൈതാനിൽ എല്ലാവർഷവും പരിപാടി നടത്തുന്നതുപോലെ കേരളത്തെ ബ്രാൻഡ് ചെയ്യാൻ എല്ലാവർഷവും കേരളീയം പരിപാടി ഞങ്ങളും നടത്തും. കേരളത്തിനകത്തെ ബ്രാൻഡ് ഉൽപ്പന്നങ്ങൾ, ഇൻഡസ്ട്രി, ടൂറിസം തുടങ്ങി എല്ലാ മേഖലകളിലേയ്ക്കും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുള്ള ആളുകൾക്ക് വരാൻ കഴിയുന്ന രീതിയിൽ

സൗകര്യം ഏർപ്പെടുത്തും. അതൊക്കെ നടത്താതിരിക്കാൻ പറ്റുമോ; ഏത് കാര്യത്തിലാണ് നമ്മൾ പണം നൽകാതെയിരിക്കുന്നത്; ഇത്രയും വെട്ടിക്കുറവുകൾ നടത്തി ബുദ്ധിമുട്ടുണ്ടാക്കിയിട്ടും കഴിഞ്ഞ വർഷം 4000 കോടി രൂപ ഇതുവരെ നൽകാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ, ട്രഷറിയിൽനിന്നും 13,000 കോടി രൂപ എടുക്കാമായിരുന്നിട്ടും 6000 കോടി രൂപ മാത്രമേ എടുത്തിട്ടുള്ളൂ. ബാക്കി തുക എടുക്കാൻ സമ്മതിക്കുന്നില്ല. ഇക്കാര്യം കേന്ദ്രത്തോട് ചോദിക്കാൻ നമുക്ക് ഒരുമിച്ച് പോകണ്ടേ; ഒരുമിച്ച് പോകണമെന്നാണ് എന്റെ അഭിപ്രായം. ഫെബ്രുവരി 1-ാം തീയതി മുതൽ ഇന്ത്യൻ പാർലമെന്റ് ചേരുന്നുണ്ട്. അവിടെ എന്തൊക്കെ നിയമമാണ് വരുന്നതെന്നും എന്തൊക്കെയായിരിക്കും വരാൻ പോകുന്നതെന്നും എനിക്കറിയില്ല. കഴിഞ്ഞ സഭയിൽ നൂറ്റി അൻപതോളം അംഗങ്ങളെ സസ്പെൻഡ് ചെയ്തതാണ്. പക്ഷേ പുതിയ പല നിയമങ്ങൾ വരുമെന്നും പൗരത്വ നിയമം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമെന്നുമുള്ള വാർത്തകൾ വരുന്നുണ്ട്. ലോക്സഭയിൽ നിങ്ങളുടെ പതിനെട്ട് എം.പി.-മാരുണ്ടല്ലോ; അവിടെ കേരളത്തിന്റെ പ്രശ്നം ഉന്നയിക്കണ്ടേ; നിങ്ങൾ ഞങ്ങൾ നടത്തുന്ന സമരത്തിൽ

പങ്കെടുക്കുന്നില്ലെങ്കിലും നിങ്ങൾക്ക് ഈ പ്രശ്നങ്ങൾ ഉന്നയിക്കാമല്ലോ, ഗാന്ധി പ്രതിമയുടെ മുന്നിൽ ഇരിക്കാമല്ലോ; അവിടെ ചെന്ന് കേരളത്തിലെ മന്ത്രിസഭ ആകെ കുഴപ്പമാണെന്നും അതുകൊണ്ട് നിങ്ങൾ ഇടപ്പെടണമെന്നുമല്ല പറഞ്ഞ് സമരം ചെയ്യേണ്ടത്. അതിന്റെ അടിസ്ഥാനത്തിലാണല്ലോ ഈ പ്രമേയത്തിലൊക്കെ ഇടപ്പെട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെ പറഞ്ഞ് ഗാന്ധി പ്രതിമയുടെ മുന്നിൽ ഇരുന്നിട്ട് കാര്യമില്ല. യഥാർത്ഥത്തിൽ നിങ്ങൾ ഇന്ത്യൻ ജനാധിപത്യം ശക്തിപ്പെടണമെന്ന് വിശ്വസിക്കുന്നുവെങ്കിൽ ഈ സമരത്തിൽ പങ്കെടുക്കാം. അതേസമയം ഇവിടെ പറഞ്ഞതുപോലെ കേരളത്തിന് പണം നൽകരുതെന്ന ആർഗ്യുമെന്റ് പറഞ്ഞില്ലേ, അത്തരത്തിൽ പറയരുത്. മദ്യത്തിന്റെയും സ്വർണ്ണത്തിന്റെയും കാര്യം പറഞ്ഞു. മദ്യത്തിന്റെ വിഷയത്തിൽ ബാറുകളിൽനിന്നുള്ള വരുമാനം 210 കോടി രൂപയായിരുന്നത് 2021 മാർച്ച് മാസം ആയപ്പോൾ 617 കോടി രൂപയായി വർദ്ധിച്ചു. കൃത്യമായ കണക്കുകൾ പിന്നീട് പറയാം. സ്വർണ്ണത്തിന്റെ കാര്യത്തിൽ, നമ്മുടെ വരുമാന നഷ്ടം നേരത്തെയുള്ളതുവച്ച് നോക്കുമ്പോൾ സ്വർണ്ണത്തിന്റെ ടാക്സ് കുറച്ചിട്ടുണ്ട്. നേരത്തെ അഞ്ച് ശതമാനമുണ്ടായിരുന്നത് മൂന്ന് ശതമാനമായി അതിൽ ഒന്നര ശതമാനം മാത്രമേ കിട്ടുകയുള്ളൂ. ഇതിന്റെ കണക്കുകൾ

കൃത്യമായി ലഭ്യമാക്കുന്നതിൽ പ്രശ്നങ്ങളുണ്ട്. സെൻട്രൽ ജി.എസ്.ടി. കമ്മീഷൻ കേരള കമ്മീഷനുമായി സംസാരിച്ചു കഴിഞ്ഞു. അതിൽ ഇനിയും മുന്നോട്ടുപോകാനുണ്ടെന്നാണ് അഭിപ്രായം. സോഫ്റ്റ്‌വെയറിൽ തിരിമറി കാണിച്ച മുപ്പതുപേരെ പിടികൂടാൻ സാധിച്ചതുകൊണ്ടാണ് നമുക്ക് ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞത്. വലിയ തോതിൽ ആധുനിക ടെക്നോളജി ഉപയോഗിച്ച് തിരിമറികൾ നടക്കുന്നുണ്ട്. അതുപോലെ സംസ്ഥാനങ്ങൾ തമ്മിൽ കച്ചവടം നടത്തുന്നതിന്റെ ചില പ്രശ്നങ്ങളുമുണ്ട്. അക്കാര്യത്തിൽ നമ്മൾ വളരെ സജീവമായി എല്ലായിടത്തും ഇടപ്പെടുന്നുണ്ട്. ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിനെ പുനഃസംഘടിപ്പിച്ചതിന്റെ ഭാഗമായി.... അങ്ങ് റിവേഴ്സലിനെക്കുറിച്ച് പറഞ്ഞു. റിവേഴ്സലിൽ ഒരു മാസം 75 കോടി രൂപ ലഭിക്കുന്നുണ്ട്. ഉദാഹരണമായി ഇലക്ട്രിസിറ്റി ബോർഡ്, വി.എസ്.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്ക് സാധനങ്ങൾ വാങ്ങുമ്പോൾ അവയ്ക്ക് പലപ്പോഴും ടാക്സ് കാണില്ല. അത് പക്ഷേ റിപ്പോർട്ട് ചെയ്യുകയും റിട്ടേൺ കൊടുക്കുകയും ചെയ്താൽ മാത്രമേ അവിടെ നൽകിയ ടാക്സ് ഇവിടെ ലഭിക്കുകയുള്ളൂ. അതിനെയാണ് റിവേഴ്സൽ എന്ന് പറയുന്നത്. അതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ഒരു മാസം 75 കോടി രൂപ

വച്ച് 1500 കോടി രൂപയാണ് പിരിക്കാൻ കഴിഞ്ഞത്. ഒന്നും ചെയ്യുന്നില്ല എന്നല്ല, കാര്യങ്ങൾ ചെയ്യുന്നുണ്ട്, ചെയ്യുമ്പോൾ അതിനെയും മറികടന്ന് കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വളരെ വർദ്ധനവ് വന്നിട്ടുണ്ട്. പക്ഷേ ഇന്ത്യയിലും കേരളത്തിലും സാമ്പത്തിക രംഗത്ത് ചെറിയ മാന്ദ്യതയുണ്ടെന്നുള്ളത് നമ്മൾ കാണണം. സിമെന്റിന്റെ വില 460 രൂപ ആയിരുന്നത് 350 രൂപ ആയി കുറഞ്ഞു. അതുവഴി നിർമ്മാണ മേഖലയെയും ബാധിക്കുന്നുണ്ട്. ഇക്കണോമിയെ ബൂസ്റ്റ് ചെയ്യാൻ വേണ്ടി ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നതാണ്. ഈ വിഷയം ആത്മാർത്ഥമായി ചർച്ച ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. ഇതുമായി ബന്ധപ്പെട്ട് സഭ ഒരു പ്രമേയം പാസ്സാക്കണമെന്നും അതിൽ നമുക്ക് യോജിച്ച് പോകണമെന്നുമാണ് എന്റെ വ്യക്തിപരമായ അഭ്യർത്ഥന. ഇക്കാര്യത്തെക്കുറിച്ച് കേരള നിയമസഭയുടെ അഭിപ്രായം ഒരിക്കൽക്കൂടി കേന്ദ്രത്തെ അറിയിക്കണം. ബാക്കി കാര്യങ്ങൾ ഇന്റേണലായി നമുക്ക് ചർച്ച ചെയ്യാം. അവിടെ ചെയ്യേണ്ട സമരങ്ങൾ അവിടെ ചെയ്യണം. ഇല്ലെങ്കിൽ ആരെ വിശ്വസിക്കാൻ സാധിക്കും? പാർലമെന്റ് ഇലക്ഷൻ കഴിഞ്ഞ് സമരം ചെയ്താൽ മതി. എന്നാൽ ഇലക്ഷനമുമ്പ് പാർലമെന്റിൽ ഇക്കാര്യങ്ങൾ

ഉന്നയിക്കണം. ബി.ജെ.പി.-ക്കെതിരെ പറയേണ്ടത് പാർലമെന്റ് ഇലക്ഷനമുമ്പാണ്. ഇവിടെ വാദിക്കുന്നതുപോലെ ഇത്രയും മതിയെന്ന് കേന്ദ്രത്തിൽ പറഞ്ഞാൽ പിന്നെ നാം പറയുന്നതിന് എന്തെങ്കിലും അടിസ്ഥാനമുണ്ടാകുമോ? ഇത് നമ്മുടെ സമരംതന്നെയാണെന്നതിന് യാതൊരു തർക്കവുമില്ല. അത് പലതവണ പറഞ്ഞതുമാണ്. 8-ാം തീയതി അവിടെ പോകുന്നതും സുപ്രീംകോടതിയിൽ ഇക്കാര്യത്തിൽ കേസ് ഫയൽ ചെയ്യുന്നതും ഇന്ത്യയിലെ പ്രമുഖരായവർ ഇതിൽ പങ്കെടുക്കുന്നതുമൊക്കെ കേന്ദ്ര അവഗണനയ്ക്കെതിരെയുള്ള ഏറ്റവും ശക്തമായ അഭിപ്രായമാണ്. കേരളം ഈ രീതിയിൽ ഒരു സമരത്തിന് തീരുമാനമെടുത്തപ്പോൾതന്നെ ബംഗാൾ ഉൾപ്പെടെ നോർത്ത് ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിൽനിന്നും ശബ്ദമുയരുന്നത് നമ്മൾ കണ്ടതാണല്ലോ; കേരളം ഇക്കാര്യം ഉന്നയിക്കുന്നുണ്ട്, നമുക്കെല്ലാവർക്കും ഇതേ പ്രശ്നമുണ്ട് എന്ന നിലയിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളും വരുന്നുണ്ട്. ആ കാര്യത്തിൽ ശക്തമായ നിലപാടെടുക്കാൻ സാധിക്കണം. ഈ പ്രമേയത്തിന്റെ ഭാഗമായി ഈ വിഷയം ചർച്ച ചെയ്തപ്പോൾ ആശങ്കാജനകമായി ഇതെല്ലാം നിന്നുപോകുന്ന സ്ഥിതിയില്ല, പക്ഷേ കിട്ടാനുള്ളത് കിട്ടിയില്ലെങ്കിൽ, ഓക്സിജൻ

ലഭിക്കാതിരുന്നാൽ ശ്വാസംമുട്ടുമെന്ന് പറയുന്നതുപോലെയുള്ള സ്ഥിതിയുണ്ടാകും. നമുക്ക് ലഭിക്കേണ്ട പണം ലഭിക്കുന്നതിനുവേണ്ടി ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ സംയുക്തമായി നിൽക്കണം. കേരളത്തിന് ചെയ്യാൻ സാധിക്കുന്നവ നമ്മൾ ചെയ്യുന്നുണ്ട്. ഇവിടെ പറഞ്ഞത്രയും പ്രയാസമില്ല. ഞാൻ ചരിത്രമൊന്നും പറയുന്നില്ല. മുമ്പ് ഡി.എ. കൊടുക്കാത്ത അനുഭവങ്ങളുണ്ട്. ഞങ്ങൾ ഡി.എ. കൊടുക്കില്ല, ഇനി അതൊന്നുംവേണ്ട, അദ്ധ്യാപകർ പഠിപ്പിച്ചില്ലെങ്കിൽ നാട് മുടിഞ്ഞുപോകുമോയെന്നും അദ്ധ്യാപകർ കുറച്ചുദിവസം വീട്ടിലിരുന്നാൽ എന്തെങ്കിലും കുഴപ്പമുണ്ടോയെന്നും കോൺഗ്രസ്സിന്റെ ഒരു മുഖ്യമന്ത്രി പറഞ്ഞതുപോലെയൊന്നും ഞങ്ങൾ പറയില്ല. വളരെ സീനിയറായ ആളുകൾ പറഞ്ഞതിനെ ഞാൻ എടുത്തുകാണിക്കുന്നില്ല. ആ പത്രകട്ടിംഗ് എന്റെ കൈവശമുണ്ട്. വേണമെങ്കിൽ അത് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ലഭ്യമാക്കാം. സഭയിൽ ഞാനത് പ്രദർശിപ്പിക്കില്ല. അത്തരത്തിലൊരു സമീപനമല്ല ഞങ്ങളുടെത്. ആ മുഖ്യമന്ത്രിയുടെ പേര് ഞാനിവിടെ പറയണമെന്ന് പ്രതിപക്ഷത്തിന് ആഗ്രഹം കാണുമെങ്കിലും ആ പേര് ഞാനിവിടെ പറയില്ല. മറ്റ് പ്രതിപക്ഷാംഗങ്ങൾക്ക് ഞാൻ ആ

പത്രകട്ടിംഗ് അയച്ചുതരില്ല. അദ്ദേഹത്തിന്റെ പേര് ഞാൻ ഓപ്പണായി പറയില്ല. അത്തരത്തിലൊരു സമീപനമല്ല ഞങ്ങൾ സ്വീകരിക്കുന്നത്. ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകണം, ഇതൊന്നും കൊടുക്കാതെ ഞങ്ങൾ പോയിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ സമയത്തും ഇതെല്ലാം കൊടുത്തു. ശമ്പളകുടിശ്ശിക എല്ലാ ജീവനക്കാർക്കും അവരുടെ പി.എഫ്.-ൽ ചേർത്തുകൊടുത്തു, അതൊന്നും കൊടുക്കാതിരുന്നില്ല. ഇവിടെ പറയുന്ന തരത്തിലുള്ള ഒരു കുടിശ്ശികയും ഇന്നില്ല. എന്നാൽ കേന്ദ്രം വലിയതോതിൽ കേരളത്തെ ശ്വാസംമുട്ടിക്കുകയാണ്. ശമ്പളവും മറ്റുള്ള അത്യാവശ്യകാര്യങ്ങളും മാത്രം ചെയ്താൽ പോര, നാട്ടിൽ നല്ല രീതിയിലുള്ള ഇൻവെസ്റ്റ്മെന്റ് വരണം. 450 കോടി രൂപയ്ക്കുപകരം 1000 കോടി രൂപ മുടക്കി റോഡ് നന്നാക്കണ്ടേ? പുതിയ ഫാക്ടറിയും കോളേജും മെഡിക്കൽ കോളേജും പണിയണ്ടേ; 600 കോടി രൂപയ്ക്ക് അവിടെ സ്ഥലമെടുക്കണ്ടേ; വിഴിഞ്ഞം ഉൾപ്പെടെയുള്ള ബാക്കി കാര്യങ്ങൾ വരണ്ടേ; അതുവരണമെങ്കിൽ കിട്ടാനുള്ളതെല്ലാം വാങ്ങിച്ചെടുക്കണം. അതിന് എല്ലാവരുടെയും സഹായമുണ്ടാകണമെന്നുമാത്രം പറഞ്ഞുകൊണ്ടും ഈ ചർച്ചയ്ക്ക് നന്ദിപറഞ്ഞുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വസ്തുതാവിരുദ്ധമായ ഒരു കാര്യം പറഞ്ഞു. ഞാൻ ആവശ്യപ്പെട്ടിട്ടും അദ്ദേഹം വഴങ്ങിയില്ല. ലൈഫ് പദ്ധതിക്ക് ആകെ 18 കോടി രൂപ ചെലവഴിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ആധികാരികമായാണ് പറഞ്ഞതെന്നും, തെറ്റാണെന്ന് തെളിയിച്ചാൽ മാപ്പ് പറയാമെന്നുമാണ് അദ്ദേഹം പറഞ്ഞത്. മാപ്പ് പറയണമെന്നൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. ലൈഫ് പദ്ധതിക്ക് ഈ വർഷം ഇതുവരെ ആകെ ചെലവഴിച്ചത് 1628.49 കോടി രൂപയാണ്. ഇനി ബ്രേക് അപ് വേണമെങ്കിൽ പറയാം, ഇന്നലെ ഈ സഭയിൽ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ മറുപടിയിൽ 2017-18 മുതൽ 2023-24 വരെ ലൈഫ് പദ്ധതിക്ക് ആകെ ചെലവഴിച്ചത് 17,104.87 കോടി രൂപയാണ്. അതിൽ 2081 കോടി രൂപയാണ് കേന്ദ്ര വിഹിതം. ബാക്കി 15,023.18 കോടി രൂപ സംസ്ഥാനവും തദ്ദേശ സ്ഥാപനങ്ങളും കൂടി ചെലവഴിച്ചതാണ്. അതിൽ സംസ്ഥാനം ചെലവഴിച്ചത് 5087.77 കോടി രൂപയാണ്........(ബഹളം).....

മി. സ്പീക്കർ: അദ്ദേഹം അത് പൂർത്തിയാക്കട്ടെ.

ശ്രീ. എം. ബി. രാജേഷ്: ഇന്നലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ മറുപടിയാണിത്. ഇതൊന്നും വായിക്കാത്തതിന് എനിക്കെന്ത് ചെയ്യാൻ സാധിക്കും? 4445.38 കോടി രൂപ ഹഡ്കോ ലോണും 425 കോടി രൂപ ബാങ്ക് ലോണുമാണ്. സംസ്ഥാന ഗവൺമെന്റാണ് ലോണടയ്ക്കുന്നത്. പ്ലാൻ ഫണ്ട് സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. ........(ബഹളം)...........

മി. സ്പീക്കർ: യെസ്........പ്ലീസ്....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ വളരെ കൃത്യമായാണ് പറഞ്ഞത്, ഈ പ്രാവശ്യത്തെ നമ്മുടെ പ്ലാൻ അലോക്കേഷൻ 717 കോടി രൂപയാണ്. ഇതുവരെയുള്ള ഫിനാൻഷ്യൽ പ്രോഗ്രസ് 3.76 ശതമാനമാണ്. വേറെ കാശ് കൊടുത്തുവെന്നല്ല ഞാൻ പറഞ്ഞത്. പ്ലാൻ തുകയുടെ 3.76 ശതമാനം എത്രയാണ്?

മി. സ്പീക്കർ: അങ്ങ് പോയിന്റുമാത്രം പറയണം.

ശ്രീ. വി. ഡി. സതീശൻ ഈ പ്രമേയത്തിന് ഇവിടെ നോട്ടീസ് നൽകിയത് കേരളത്തിന്റെ ഗൗരവതരമായ ധനപ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്ത് സർക്കാർ അതിനുള്ള മറുപടി പറയുമെന്ന് കരുതിയാണ്. ഈ

വിഷയം ചർച്ചയ്ക്കെടുത്തപ്പോൾ ഞങ്ങൾ സന്തോഷിച്ചു, കാരണം സർക്കാർ ഇതുസംബന്ധിച്ച് ചർച്ച ചെയ്ത് വിശദമായ മറുപടി നൽകുമെന്നും ഭാവിയിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചൊരു പ്ലാനും ഉണ്ടാകുമെന്നാണ് കരുതിയത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞങ്ങൾ ഈ ധനപ്രതിസന്ധിയെക്കുറിച്ച് സംസാരിച്ചപ്പോൾ പറഞ്ഞ അതേ മറുപടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോഴും പറഞ്ഞത്. ധൂർത്തും ചെലവും നിയന്ത്രിക്കുന്നതിനോ നികുതി പിരിക്കുന്നതിനോവേണ്ട ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കേരളം പരിതാപകരമായ ഒരവസ്ഥയിലേയ്ക്ക് കൂപ്പുകുത്തുകയാണ്. സർക്കാർ വളരെ ലാഘവത്വത്തോടുകൂടിയാണ് ഈ വിഷയത്തെ കാണുന്നത്. അതിൽ ശക്തിയായി പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, .... not in the seat.

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)